H 561

F. 108/1
2

# KAVIKESARIKAL.

Venmony P. V. Chacko.

F. 108/1
2

# കവികേസരികൾ.

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

By

VENMONY P. V. CHACKO.

(Author of Vanithadharsam, Sree Rama vijayam, Sahithya Chandrika, Sahithya Bhooshanam, Bala mithram, Key of Arithmetic, Bhasha Pranayikal, and Sahithya Nayakanmar.)

SREE KRISHNA VILASOM GRANDHASALA
MALAYINKIL
944
H 501

St. George's Book Depot,
N. PARUR.

PRINTED AT THE B. B. PRESS N. PARUR.

[Price Rupee 1—0—0.

എല്ലാപ്രതികളിലും പ്രണേതാവിന്റെ അടയാളമുണ്ടായിരിക്കും.

KRISH. VI.ASOM GRANDHASALA
.DRUM
H561

# പ്രസ്താവന.

കലകളിൽ സവ്വപ്രധാനമാണു് കാവ്യകല അഥവാ സാഹിത്യം. "സന്തോഷ സന്താപസമ്മിശ്രമായ മനുഷ്യജീവിതത്തിൽ കാവ്യോപദേശം, സമാധാനവും ആനന്ദവും നൽകി സൽപഥസഞ്ചരണത്തിനുള്ള മാർഗ്ഗം ദൃഷ്ടിഗോചരമാക്കിത്തീക്കുന്നു. ഉത്തമസാഹിത്യം കാവ്യരസാസ്വാദന ലോലുപനായ ഭാവുകൻെറ ചിത്തത്തെ സദ്വികാരങ്ങൾകൊണ്ടു് ഉത്തേജിപ്പിച്ചു ശുദ്ധീകരിക്കുന്നു. അതു് ഉത്കൃഷ്ടങ്ങളായ ധമ്മതത്വങ്ങളെ വായനക്കാക്കു് അനുഭവപ്പെടുത്തി അദ്വൈതമായ ഹൃദയാനുഭൂതിയെ ഉളവാക്കുന്നു"; എന്നിപ്രകാരം സാഹിത്യത്തിന്റെ മാഹാത്മ്യത്തെപ്പററി മഹാന്മാർ പലതരത്തിലും നിവ്വചനങ്ങൾ നൽകീട്ടുണ്ടു്. പ്രത്യക്ഷത്തിൽ ഇവ ഓരോന്നും വിഭിന്നങ്ങളായിത്തോന്നിയേക്കാമെങ്കിലും, പരിചിന്തനം ചെയ്താൽ ഇവയെല്ലാം ഒന്നാണെന്നു ബോദ്ധ്യപ്പെടാതിരിക്കുകയില്ല. ഏതായാലും സാഹിത്യത്തിനു സാന്മാർഗ്ഗികമായ ഒരു പ്രധാനോദ്ദേശ്യമുണ്ടെന്നുള്ളതു ലോകോത്തരന്മാരായ കവികളുടെ ഗ്രന്ഥങ്ങൾ പരിശോധിച്ചുനോക്കിയാൽ പ്രത്യക്ഷമാകുന്നതാണു്. സാഹിത്യത്തിൻെറ ഉദ്ദേശ്യം സാന്മാർഗ്ഗികപരിശീലനമാണെന്നു കാവ്യനിരൂപകന്മാരായ ആചാര്യന്മാരും സമത്ഥിച്ചിട്ടുണ്ടു്. മനുഷ്യനെ നിത്യാനന്ദത്തിലേയ്ക്കു നയിക്കുന്ന ഒരു ശക്തിവൈശിഷ്ട്യംകൂടി

കാവ്യത്തിനുണ്ടെന്നുള്ളതു നിസ്തക്കമത്രേ. ആശക്തി വൈശിഷ്ട്യം സാഹിത്യത്തിന്റെ ആത്മധമ്മപ്രാധാന്യത്തേയും ലോകധമ്മ പ്രതിപാദനത്തേയും ആശ്രയിച്ചിരിക്കുന്നു.

ലോകത്തിൻെറ പുരോഗതിയനുസരിച്ചു സാഹിത്യസരണിക്കും മാററം സംഭവിച്ചുകൊണ്ടിരിക്കുന്നു. ഈ ഭേദഗതികൾമൂലം പഴമയും പുതുമയും തമ്മിൽ പല പോരാട്ടങ്ങളും നടക്കുകയും, തൽഫലമായി സാഹിത്യത്തിൽ പല നവീന പ്രസ്ഥാനങ്ങളും ഉത്ഭവിക്കുകയും ചെയ്തിട്ടുണ്ടു്. ഒരു പക്ഷേ ഇമ്മാതിരി കലാപങ്ങൾ സാഹിത്യത്തിൻെറ വളച്ച്യെ സാരമായി സഹായിക്കുകയല്ലേ ചെയ്തിട്ടുള്ളതു്! ഏതായാലും മലയാള ഭാഷാസാഹിത്യം ക്രമോന്നതമായ നിലയെ പ്രാപിച്ചുവരുന്നുവെന്നുള്ളതു് സന്തോഷാവഹം തന്നെ.

പദ്യമെഴുതുന്നവർ മാത്രമല്ല കവികൾ. "ഗദ്യം കവീനാം നികഷം വദന്തി" എന്നാണു് മഹദ്വാക്യം. ഇന്ദുലേഖാ കത്താവായ ചന്തുമേനോനും, മാത്താണ്ഡവമ്മ, ധമ്മരാജാ മുതലായ ആഖ്യായികകളുടെ കത്താവായ സി. വി. രാമൻപിള്ളയും കവിരത്നന്മാരായി പ്രശംസിക്കപ്പെട്ട പോരുന്നുണ്ടല്ലോ. വാമൊഴിയുടെ നാനാമുഖങ്ങളായ പ്രയോഗങ്ങളെക്കൊണ്ടു ക്ഷണികാസ്വാദന മാത്രമായിരുന്ന പ്രകൃതിമാഹാത്മ്യത്തെ പ്രകാശമാനവും

ശാശ്വതവുമാക്കിത്തീൎക്കുന്ന ആ സുവൎണ്ണാവസരത്തിലാണു് കവികളെ നാം കാണുന്നതു്. നിത്യനൈമിത്തികങ്ങളായ പരിതഃസ്ഥിതികളെ സൂക്ഷ്മാവലോകനത്താൽ ഗുണദോഷനിരൂപണം ചെയ്തു് അവയിലെ ആസ്വാദ്യകരങ്ങളായ ഭാഗങ്ങളെ തൂലികാമാൎഗ്ഗമായി നിൎമ്മിപ്പിക്കുന്ന കവി, ലോകോത്തര ഗുണോത്തരൻ തന്നെയാകുന്നു. ത്രികാലസംഭവങ്ങളെ ഒരേ അവസരത്തിൽ കാണുകയും അനുഭവിക്കുകയും, ചിന്തിച്ചാനന്ദിക്കുകയും ചെയ്യുന്നതിനു കവികൾ അതീവ നിപുണന്മാരായി കാണപ്പെടുന്നു. നമ്മുടെ ഇടയിൽ പണ്ടുപണ്ടേ സ്ഥിരപ്രതിഷ്ഠിതമായിരുന്ന അയിത്തമെന്ന അനാചാരത്തിന്റെ അനാശാസ്യതയെപ്പററി മഹാകവി വള്ളത്തോൾ അദ്ദേഹത്തിന്റെ "ശാപമോക്ഷം" എന്ന കവിതയിൽ ചെയ്തിരിക്കുന്ന ദീൎഘദൎശനം എത്രയോ വിസ്മയാവഹമായിരിക്കുന്നു. രാവിലെ കുളികഴിഞ്ഞു് ഈറൻവസ്ത്രവും ധരിച്ചു് ഒരു നായർസ്ത്രീ ഒരു ചെറുമിപ്പെൺകുട്ടിയെക്കൂടി കൈക്കുപിടിച്ചുകൊണ്ടു ക്ഷേത്രത്തിൽ തൊഴാൻ പോകുന്നതായി കവി സ്വമനോദൎപ്പണത്തിൽ ഭാവി ദർശനം ചെയ്യുന്നു. കവികളുടെ ദീൎഘദൃഷ്ടിക്കു് ഇപ്രകാരം അനേകം ഉദാഹരണങ്ങൾ ഉദ്ധരിക്കുവാനുണ്ടു്.

എല്ലായ്പോഴും പ്രകൃതിയെ വീക്ഷിക്കുകയും സംഭവപരമ്പരയെ വ്യാഖ്യാനിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നവരാണു് യഥാൎത്ഥ കവികൾ. അവർ ധൎമ്മാനുഷ്ഠാനങ്ങളേയും പുരുഷാൎത്ഥങ്ങളേയും സാധിക്കുമാറു് കൎമ്മം, വിജ്ഞാനം, ഭക്തി ആദിയായവയെ

കഥാരൂപേണ രസകരമായി വൎണ്ണിച്ച് വിജ്ഞാനത്തിൽ താല്പൎയ്യവും സദാചാരത്തിൽ അഭിരുചിയും നൽകുന്നു. കവികൾ പൊതുജനങ്ങൾക്കുണ്ടാകുന്ന ദുരനുഭവങ്ങൾ പ്രത്യക്ഷമാക്കി കൃത്യാകൃത്യബോധം ജനിപ്പിക്കുകയും, ധൎമ്മാധൎമ്മങ്ങളുടെ ജയാപജയങ്ങൾ വാദംവിനാ സമ്മതിപ്പിക്കുകയും ചെയ്യുന്നതിനാൽ അവരെ ദിവ്യന്മാരായി കരുതാവുന്നതാണ്. ത്രികാലജ്ഞാനികളായ കവിശ്രേഷ്ഠന്മാർ പ്രപഞ്ചരഹസ്യങ്ങളെ രസകരവും ദേശകാലാവസ്ഥകൾക്കനുയോജ്യവുമായ വിധത്തിൽ, സംഭാവ്യകഥകളും ആത്മജ്ഞാനപ്രധാനങ്ങളായ സാഹിത്യഗ്രന്ഥങ്ങളുമായി നിൎമ്മിച്ച് ലൌകവ്യവഹാരങ്ങളിൽ വ്യാപൃതന്മാരായി കഴിഞ്ഞുകൂടുന്നവൎക്ക് ഉത്തമമായ ശ്രേയോമാൎഗ്ഗം വിശദമാക്കിക്കൊടുക്കുന്നു. അതിനാൽ അതീതകാലത്തു ജീവിച്ചിരുന്ന കവികളും ചിരഞ്ജീവികളായിരുന്ന് പ്രോജ്വലങ്ങളും പ്രത്യുല്പന്നങ്ങളുമായ മനോവികാസമാൎഗ്ഗത്തിലേയ്ക്കു മനുഷ്യമനസ്സിനെ നയിച്ച് ആജ്ഞാകൎത്താക്കന്മാരായി ഇന്നും വൎത്തിക്കുന്നുവെന്നുള്ളതിനു സംശയമില്ല. ഇപ്രകാരം മലയാളഭാഷയുടേയും മലയാളികളുടേയും അഭിവൃദ്ധിക്കുവേണ്ടി നിരന്തരം പ്രയത്നിച്ചിട്ടുള്ള സാഹിത്യകലാനിധികളെപ്പററി പഠിക്കുകയും, അവരെ അനുകരിക്കുകയും ചെയ്യേണ്ടതു നമ്മുടെ കടമയാണ്.

എന്നാൽ ഭാഗ്യദോഷത്താൽ തച്ഛാഖയിൽ മുദ്രിതങ്ങളായ ഗ്രന്ഥങ്ങൾ നമ്മുടെ ഭാഷയിൽ അപൂൎവ്വമാണെന്നുള്ളതു വലിയ നഷ്ടമായിട്ടാണിരിക്കുന്നതു്.

സാഹിത്യലോകത്തിൽ സുപ്രതിഷ്ഠിതന്മാരായ ഏതാനും കവികേസരികളുടെ ജീവിതചരിത്രത്തേയും, കേരളീയൎക്കും കൈരളിക്കും വേണ്ടി അവർ ചെയ്തിട്ടുള്ള പരിശ്രമങ്ങളേയും പററി സംക്ഷേപമായി വിവരിച്ചിട്ടുള്ള ലേഖനസമുച്ചയമാണു് ഈ ഗ്രന്ഥം. അവരിൽ ഓരോരുത്തരെപ്പററിയും ഈ പുസ്തകത്തിൽ സവിസ്തരം പ്രതിപാദിക്കപ്പെട്ടിട്ടില്ലെങ്കിലും അവരെക്കുറിച്ചു സാമാന്യമായി ഗ്രഹിക്കുന്നതിനും ഉത്തമസാഹിത്യ ഗ്രന്ഥങ്ങൾ വായിച്ചാസ്വദിച്ചു മനസ്സിനെ സംസ്കരിക്കുന്നതിനും ഈ ഗ്രന്ഥം ഉപകരിക്കുമെന്നു വിശ്വസിക്കുന്നു. ഈ ഉദ്യമത്തിൽ മഹാജനങ്ങളുടെ പരിപൂൎണ്ണമായ അനുഗ്രഹം പ്രതീക്ഷിച്ചുകൊണ്ടു് എന്റെ ഈ ഓമൽസന്താനത്തേയും ലോകരംഗത്തേയ്ക്കിറക്കിക്കൊള്ളുന്നു.

ഈ ശിശുവിനെ വേണ്ടവണ്ണം ചമയിച്ചു പുറത്തിറക്കുന്നതിനു് എന്നെ സഹായിച്ച സഹൃദയന്മാരോടും, ഇതിനെ ആവുംവിധം മോടിപിടിപ്പിച്ചു് അലങ്കരിച്ചേൽപ്പിച്ച ബി. ബി. പ്രസ്സു് ഭാരവാഹികളോടും എനിക്കുള്ള ഹാൎദ്ദമായ കൃതജ്ഞതയെ പ്രകാശിപ്പിച്ചുകൊള്ളുന്നു.

ഗ്രന്ഥകൎത്താ.

# വിഷയവിവരം.


1. പൂന്തം നമ്പൂതിരി.

വടക്കുംകൂർ രാജരാജവൎമ്മരാജാ.

2. സി. വി. രാമൻപിള്ള.

വിദ്വാൻ ആർ. വി. നായർ ഇരണിയൽ

3. പന്തളം കേരളവൎമ്മ തമ്പുരാൻ.

വി. രാമകൃഷ്ണപിള്ള എം. ഏ. എൽ. ടി.

4. കുഞ്ചൻനമ്പ്യാർ

വെണ്മണി പി. വി. ചാക്കൊ.

5. കേരള കാളിദാസൻ.

സാഹിത്യകലാനിധി ഏ. ഡി. ഹരിശൎമ്മ

എം. ആർ. ഏ. എസ്സ്

6. കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ.

വെണ്മണി പി. വി. ചാക്കൊ.

7. കട്ടക്കയം.

വെണ്മണി പി. വി. ചാക്കൊ.

8. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ.

വിദ്വാൻ കെ. കെ. മാധവപ്പണിക്കർ.

9. കുമാരനാശാൻ.

വെണ്മണി പി. വി. ചാക്കൊ.

10. സാഹിത്യ പഞ്ചാനനൻ.

വിദ്വാൻ വി. ററി. അയ്യ്.

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

# കവികേസരികൾ.

SREE KRISHNA VILASOM GRANDHASALA
MALAYINKIL
H 541

## 1. പുനംനമ്പൂതിരി.

ശബ്ദഭംഗി, ആശയപൌഢശ്ശല്യം, ഭാവനാശക്തി, രീതിമാധുര്യം മുതലായ സാഹിത്യഗുണങ്ങളുടെ സമ്മേളനത്താൽ അത്യന്തം ആസ്വാദ്യമായിത്തീൎന്നിട്ടുള്ള ഒരു സാഹിത്യപ്രസ്ഥാനമാണു് ചമ്പൂകാവ്യം. ചമ്പൂകൎത്താക്കളിൽ അഗ്രഗണ്യന്മാർ പുനം, മഹിഷമംഗലം, നീലകണ്ഠകവി എന്നീമഹാശയന്മാരാകുന്നു. അവരിൽ പുനംനമ്പൂതിരിയുടെ ചമ്പുക്കൾ പ്രത്യേകിച്ചും പ്രസിദ്ധങ്ങളാണല്ലോ. അദ്ദേഹത്തിന്റെ കാലം കൊല്ലവർഷം 600-നും 700-നും മദ്ധ്യേയാണെന്നു് ഊഹിക്കപ്പെട്ടിരിക്കുന്നു. ചമ്പുക്കൾ ആവിർഭവിച്ചതു് 7-ാം നൂററാണ്ടിലാണെന്നും, ഏഴും പത്തും ശതാബ്ദങ്ങൾക്കു മദ്ധ്യേയുള്ള കാലഘട്ടത്തിൽ അവ പ്രാബല്യത്തിലെത്തിയെന്നും അഭിപ്രായപ്പെടുന്ന അഭിജ്ഞന്മാരുമുണ്ടു്.

തുഞ്ചത്തെഴുത്തച്ഛൻ, കുഞ്ചൻനമ്പ്യാർ മുതലായ മഹാകവികളെപ്പോലെതന്നെ, നമ്മുടെ സാഹിത്യത്തിൽ ഉന്നതവും ഉജ്ജ്വലവുമായ സ്ഥാനത്തിനു് അർഹനായ പുനത്തിന്റെ പേർ സാധാരണക്കാൎക്കു് അപരിചിതമായിരിക്കാം. എന്നാൽ

കിളിപ്പാട്ടുകളെക്കൊണ്ട് എഴുത്തച്ഛനും, തുള്ളൽക്കഥകളേക്കൊണ്ടു കുഞ്ചൻനമ്പ്യാരും എപ്രകാരമോ, അപ്രകാരം ചമ്പുക്കളേക്കൊണ്ടു പുനവും സുസ്ഥിരപ്രതിഷ്ഠയെ സമ്പാദിച്ചിട്ടുണ്ടു്. ഭാഷായോഷയുടെ കണ്ഠത്തെ അമൂല്യമായ കാവ്യമാല്യംകൊണ്ടു് അലങ്കരിച്ച പുനത്തിൻെറ കലാകൌശല്യം സഹൃദയൈകവേദ്യമാകുന്നു.

സംസ്കൃതസാഹിത്യത്തിൽ കാളിദാസാദികവികൾ അർഹിക്കുന്ന സ്ഥാനം ഭാഷാകവികളുടെ ഇടയിൽ പുനത്തിനുണ്ടു്. പുനത്തിൻെറ കവിതാഗുണങ്ങൾ പരമകാഷ്ഠയിലെത്തിയിരിക്കുന്നതു രാമായണചമ്പുവിലാണു്. ആ കൃതി സംസ്കൃതത്തിലെ രാമായണചമ്പുവിനേക്കാൾ പല അംശങ്ങളിലും മുന്നിട്ടുനിൽക്കുന്നതായി വിചാരിക്കാം. അഗാധവും സർവ്വതോമുഖവുമായ പാണ്ഡിത്യംകൊണ്ടു സംസ്കൃതഭാഷയെ സ്വാധീനപ്പെടുത്തിയിട്ടുള്ള ഒരു സഹൃദയനായിരുന്നു പുനം എന്നു് ചമ്പുക്കളിലെ ഒട്ടു മിക്കഭാഗങ്ങളും സ്പഷ്ടമാക്കുന്നുണ്ടു്. പുനത്തിൻെറ ഈ സാഹിത്യപ്രസ്ഥാനം ഭാഷാചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായത്തെ സൃഷ്ടിച്ചുകഴിഞ്ഞിരിക്കുന്നു. 'സംസ്കൃത"മലയാള'ങ്ങളെ സമ്മേളിപ്പിക്കുന്നതിൽ പുനത്തിനുള്ള പാടവം എത്രമാത്രമെന്നു കാണണമെങ്കിൽ ചമ്പൂകാവ്യങ്ങളിൽ കണ്ണോടിക്കതന്നെ വേണം. ഉണ്ണുനീലിസന്ദേശാദി സംസ്കൃതപ്രചുരങ്ങളായ കൃതികളുടെ കർത്താക്കന്മാരാൽ ആരബ്ധങ്ങളായ

സരണികളെ സ്വാതന്ത്ര്യമായും വിശാലമായും പരിഷ്കരിച്ച് അദ്ദേഹം മലയാളഭാഷയെ പോഷിപ്പിച്ചു. പുനത്താൽ സ്ഥാപിതവും, തദനന്തരം നിപതിതവുമായ ചമ്പുപ്രസ്ഥാനത്തെ പുനഃസ്ഥാപനം ചെയ്യുന്നതിനു ശ്രമിച്ചവരിൽ മഹിഷമംഗലം നമ്പൂതിരിയുടെ നാമം പ്രത്യേകം പ്രസ്താവ്യമാകുന്നു. ആകൃതിക്കും പ്രകൃതിക്കുമുള്ള ഗുണങ്ങൾകൊണ്ടു ഭാഷാനൈഷധചമ്പു, രാമായണചമ്പുവിനോടു മിക്കവാറും സാമ്യംവഹിക്കുന്നതു തന്നെയാണ്. അദ്ദേഹത്താൽ വിരചിതമായ ചമ്പുമാർഗ്ഗത്തെ വെട്ടിത്തെളിച്ചു സുഗമമാക്കിക്കൊണ്ടു പോകുന്നതിന് പിൻഗാമികൾ മുതിരുകയില്ലെന്നു മുൻകൂട്ടി അറിഞ്ഞിട്ടോ എന്നു തോന്നുമാറ് അനേകം കൃതികൾ രചിച്ച് കൈരളിയെ കാവ്യകലാസമ്പന്നയാക്കിത്തീർത്തശേഷമേ ആ അനുഗ്രഹീതപുരുഷൻ മുതിയടഞ്ഞുള്ളു. പുനത്തിൻെറ മധുരകോമളമായ ചമ്പുപ്രസ്ഥാനം മഹിഷമംഗലത്തിൻെറ കാലത്തോടുകൂടി അവസാനിച്ചു. പിന്നീടുണ്ടായിട്ടുള്ള ചമ്പുക്കൾ ഗുണങ്ങളാൽ തുച്ഛങ്ങളാകുന്നു.

TRIVANDRUM

ഗദ്യപദ്യാത്മകങ്ങളായ കൃതികളാണ് ചമ്പുക്കൾ. അവയ്ക്കും, നമ്മുടെ കൂത്തിനും പാഠകത്തിനും തമ്മിൽ ചില ബന്ധങ്ങളുണ്ട്. സംസ്കൃതത്തിൽ ചമ്പുക്കൾ ഉണ്ടായതു കൂത്തിനെ ഉദ്ദേശിച്ചല്ല. എന്നാൽ ചാക്യാന്മാർ കൂത്തിന് ചമ്പുക്കളിലെ അംശങ്ങൾ ഉപയോഗിച്ചുതുടങ്ങി. ക്രമേണ ചാക്യാന്മാ

രുടെ ആവശ്യത്തെ പുരസ്കരിച്ചു പല പ്രബന്ധങ്ങളും രചിക്കപ്പെട്ടു. മേല്പ്പത്തൂർ ഭട്ടതിരിയുടെ പ്രബന്ധങ്ങൾ ചാക്യാന്മാൎക്കു വേണ്ടിയാണു് രചിച്ചിട്ടുള്ളതു്. പുനത്തിന്റെ ചമ്പുക്കൾ ചാക്യാന്മാരുടെ കഥാവതരണരീതിയെ വളരെ നിഷ്കർഷയോടുകൂടി ആദരിച്ചു സ്വീകരിച്ചിരിക്കുന്നു. പുനംനമ്പൂതിരി, കോഴിക്കോട്ടു സാമൂതിരിയുടെ വിദ്വൽസദസ്സിലെ അംഗമായിരുന്നു. കൊച്ചീരാജ്യത്തോടും അവിടെ വാണിരുന്ന രാജാക്കന്മാരോടും പുനത്തിന്നു പ്രത്യേകം ബന്ധമുള്ളതായി വിചാരിക്കേണ്ടിയിരിക്കുന്നു. രാജരത്നാവലീയത്തിലെ നായകൻ കൊച്ചീരാജാവാണു്. ആ രാജാവിന്റെ പേർ രാമവൎമ്മ എന്നായിരുന്നു. അദ്ദേഹത്തിന്റെ ഓജഃപ്രതാപാദികളെ വൎണ്ണിച്ചുകൊണ്ടാണു് ഈ കാവ്യം ആരംഭിക്കുന്നതു്. നാരായണീയത്തിന്റെ ഉത്തരഭാഗത്തിൽ തൃപ്പൂണിത്തുറയിലെ പ്രതിഷ്ഠയേയും കവി വൎണ്ണിച്ചിരിക്കുന്നു. എറണാകുളത്തു് ഇരവിപുരം എന്ന പേരിൽ അറിയുന്ന രവിപുരഗ്രാമത്തെക്കുറിച്ചു് ഈ പ്രബന്ധത്തിൽ പറയുന്നുണ്ടു്.

"കല്യാണശ്രീതഴയ്ക്കും ഭുജബലദമിതപ്രൌഢ
വൈരാകരാണാ-
മുല്ലോലഭ്രൂനടീനാടിതധരണി പരിത്രാണവൃത്താന്ത
രാണാം
ചൊല്ലേറും കീൎത്തിപാളീകബളിതജഗതാം കൊച്ചി
യെന്നുണ്ടു ഭൂമൌ

വെല്ലുന്നു കാപിമേളും പെരിയകുലപുരി മാടയാത്രീ
പതീനാം."

എന്നുള്ള കൊച്ചീരാജ്യവർണ്ണനത്തോടുകൂടി 'തെക്കൈലാസനാഥോദയം' ആരംഭിക്കുന്നു. കൊച്ചിയിൽ രാമവൎമ്മ എന്നപേരിൽ രണ്ടു രാജാക്കന്മാരുണ്ടായിരുന്നു. പിന്നീടു ഗോദവൎമ്മ, രവിവൎമ്മ എന്നീ രാജാക്കന്മാരും അവതരിച്ചു. അവരിൽ ആദ്യംപറഞ്ഞ രാമവൎമ്മരാജാവു് ശത്രുക്കളെ ഒക്കെയും പ്രാഭവംകൊണ്ടു നശിപ്പിച്ചു. അദ്ദേഹം ധൎമ്മിഷ്ഠനും, ഉദാരനും, മഹാ ഭക്തനും ആയിരുന്നു. ഒടുവിൽ അദ്ദേഹം കാശിയിലേയ്ക്കു പോകയും, അവിടെ വെച്ചു ചരമഗതിയെ പ്രാപിക്കയും ചെയ്തു. പിന്നീടു വീരകേരളൻ എന്നു പേരുള്ള ഒരു രാജാവാണു് രാജ്യംഭരിച്ചതു്. അദ്ദേഹവും വലിയ പരാക്രമശാലിയും ഭക്തനുമായിരുന്നു. ആ വീരകേരളവൎമ്മരാജാവു് തൃശ്ശൂർവെച്ചു് പല ശത്രുക്കളേയും തോല്പിച്ചതായി പറയപ്പെടുന്നു. ആ ശത്രുക്കൾ ആരാണെന്നു വ്യക്തമാകുന്നില്ല. കൊച്ചിയും കോഴിക്കോടും തമ്മിലുള്ള വൈരം ചരിത്രപ്രസിദ്ധമാകുന്നു. ഇതിനേയാണോ കവി സൂചിപ്പിച്ചിരിക്കുന്നതെന്നും സ്പഷ്ടമാകുന്നില്ല. 'തെക്കൈലാസം' എന്ന പദത്തിനു് തെക്കൻ കൈലാസമെന്നാകുന്നു അൎത്ഥം. തെക്കൈലാസം, വൃഷക്ഷേത്രം, ശിവപുരം എന്നീ പേരുകളോടുകൂടിയ തൃശ്ശൂർക്ഷേത്രത്തിലുള്ള പ്രതിഷ്ഠയാണു് തെക്കൈലാസനാഥോദയത്തിലെ ഇതിവൃത്തം. തൃശ്ശൂർ

ക്ഷേത്രംപണിയിച്ചതും, ശിവനെ തപസ്സുചെയ്തു സന്തോഷിപ്പിച്ച് അവിടെ പ്രതിഷ്ഠിച്ചതുമെല്ലാം ആ രാജാവാകുന്നു. കൊച്ചീ രാജാക്കന്മാരേയും, അവരുടെ ഓജഃപ്രതാപങ്ങളേയും, കൊച്ചിയിലെ ക്ഷേത്രപ്രതിഷ്ഠകളേയും പല പ്രബന്ധങ്ങളിലും വർണ്ണിച്ചിരിക്കുന്നതോർക്കുമ്പോൾ, പുനത്തിനു കൊച്ചിയുമായി സവിശേഷമായ ബന്ധമുണ്ടായിരിക്കണമെന്നു തെളിയുന്നതാണ്. പുനത്താൽ രചിതങ്ങളായ കൃതികളെല്ലാം പ്രസിദ്ധീകൃതങ്ങളായിട്ടില്ല. തൃപ്പൂണിത്തുറയിലും, തിരുവനന്തപുരത്തുമുള്ള ഗ്രന്ഥപ്പുരകളിൽനിന്നാണ് ചമ്പൂപ്രബന്ധങ്ങൾ ലഭിച്ചിരിക്കുന്നതു്. രാമായണം, ഭാരതം, ചൊല്ലൂർനാഥോദയം, ത്രിപുരദഹനം, കൊടിയവിരഹം, പാരിജാതഹരണം, നാരായണീയം, ഗൌരീചരിതം, രാജരത്നാവലീയം, കാമദഹനം, തെക്കൈലാസനാഥോദയം, ദക്ഷയാഗം, കംസവധം, കിരാതം എന്നിവ പുനത്തിൻെറ കൃതികളായി അറിയപ്പെടുന്നുണ്ടു്. ഇവയിൽ രാമായണവും ഭാരതവും പല അംശങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. രാമായണചമ്പുവിൻെറ ഒട്ടേറെബ്ഭാഗങ്ങൾ പ്രസിദ്ധപ്പെടുത്തുവാനുണ്ടു്. തൃപ്പൂണിത്തുറയിലെ ഈട്ടുവയ്പിലുള്ള ഗ്രന്ഥങ്ങളിൽ, രാമായണചമ്പുവിലെ പ്രസിദ്ധപ്പെടുത്താത്ത പല ഭാഗങ്ങളും കാണുവാനിടയുണ്ടു്. പുനംനമ്പൂതിരിയുടെ കൃതികൾക്കുള്ള പരസ്പരബന്ധം ചിന്തനീയമാകുന്നു. ശയ്യ, ഛായ, രീതി മുതലായ കവിതാഗുണങ്ങൾകൊണ്ടുതന്നേയല്ല, പദം, വർണ്ണ

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

നം മുതലായവകൊണ്ടും പുനത്തിൻെറ കൃതികൾക്കൊക്കെ വല്ലതായ ഐക്യമുണ്ടു്. ഒരു കൃതിയിലെ പദപാദപദ്യങ്ങളെ മറെറാന്നിലും കാണാം. ഇപ്രകാരം മററു മഹാകവികളുടെ കൃതികളിലും കാണാവുന്നതാണു്. മിക്കവാറും എല്ലാ ശാസ്ത്രങ്ങളും കാവ്യങ്ങളും നമ്മുടെ മഹാകവിക്കു സുപരിചിതങ്ങളായിരുന്നു. സംസ്കൃതത്തിലെ കവിതാപ്രസ്ഥാനങ്ങളെല്ലാം പുനത്തിനു സ്വാധീനങ്ങളത്രേ. അദ്ദേഹത്തിനു് അതിരററ ബഹുമാനമുള്ള മൂന്നു മഹാകവികളാണു് വ്യാസനും, വാല്മീകിയും, കാളിദാസനും. രാമായണം, ഭാരതം, രഘുവംശം എന്നീ മഹാകൃതികളുമായി അവഗാഹപൂർവ്വമായ പരിചയം പുനത്തിനുണ്ടു്. ആ മഹാകവികളോടും കൃതികളോടും തനിക്കുള്ള ബഹുമാനത്തെ പല സന്ദർഭങ്ങളിലും അദ്ദേഹം പ്രത്യക്ഷപ്പെടുത്തിയിട്ടുമുണ്ടു്. H561

അദ്ദേഹത്തിൻെറ മനോധർമ്മം, എത്രമാത്രം പുതുമയും സാരസ്യവുമുള്ളതെന്നു സഹൃദയന്മാർക്കേ അറിയാവൂ. ഭഗവൽഗീതയിൽ സവിസ്തരം ഉപയോഗിച്ചിരിക്കുന്ന തത്വങ്ങളുടെ രഹസ്യത്തെ

"മായാകല്പിതമിപ്രപഞ്ചമഖിലം ജന്തുൽകരോ
യന്ത്രിത-
പ്രായോയം നിജകർമ്മപാകവിവശോ ഭുംക്തേ
തദീയം ഫലം"

എന്നു ചുരുക്കിക്കാണിച്ച കവിയുടെ വൈഭവം വിസ്മയനീയമാകുന്നു.

നമ്പൂതിരിമാക്കു പ്രത്യേകമായുള്ള പല സ്വഭാവങ്ങളേയും പുനം സൂക്ഷ്മമായി ഗ്രഹിച്ചിട്ടുണ്ടു്. അവയെ കൃതികളിൽ പകൎത്തുവാനും പുനത്തിനു സാധിച്ചിരിക്കുന്നു. രാവണൻെറ പരാക്രമത്തെ വൎണ്ണിക്കുന്ന സന്ദർഭത്തിൽ

"വൈരാഗ്യമേന്തും മുനിപുംഗവാനാം
നീരുക്കു മുട്ടിച്ചു നടക്കുതന്നെ."

എന്നു പ്രയോഗിച്ചിരിക്കുന്നു. 'നീരുക്കു്' എന്നതു സന്ധ്യാവന്ദനം എന്ന അൎത്ഥത്തിൽ നമ്പൂതിരിമാരുടെ ഇടയിൽ മാത്രം നടപ്പുള്ള ഒരു പദമാണു്. കവിയുടെ പരിപൂൎണ്ണമായ വാസനാബലവും, നിരൎഗ്ഗളമായ പാണ്ഡിത്യവൈഭവവും, ഫലിതശുദ്ധിയും മനോധൎമ്മചൈതന്യവും കൃതികളിൽ എവിടേയും തിളങ്ങിക്കാണുന്നുണ്ടു്. വിഷയങ്ങളെ ഇത്രമാത്രം ചാതുൎയ്യത്തോടും ചമൽകാരത്തോടും വൎണ്ണിക്കുവാൻ അധികംപേൎക്കും കഴിയുന്നതല്ല. ചില ഭാഗങ്ങൾ അതിപ്രൌഢങ്ങളും ഗംഭീരങ്ങളും ആയിരിക്കുന്നു. എന്നാൽ മററചിലവ ഫലിതപൂൎണ്ണങ്ങളും ലളിതങ്ങളും ആണു്.

"കണ്ടിട്ടയോടെത്തി വൎക്കൊണ്ടുവാർക്കൊണ്ടലേ
ക്കൊണ്ടുമണ്ടിച്ചു പുത്തൻപനം-

പൂക്കലയ്ക്കുക്കലച്ചുല്ലലത്താരിനൊട്ടല്ലതാംചേൎത്തു.”

ഇവിടെ മണ്ടിയ്ക്കുക, ഉൗക്കലയ്ക്കുക, അല്ലത ചേൎക്കുക എന്നീ പ്രയോഗങ്ങൾ ഭിന്നപ്രകാരേണ രസകരമായി ഔപമ്യത്തെ വഹിക്കുന്നവയാകുന്നു. പ്രകൃതിവികാരങ്ങളുടെ രഹസ്യങ്ങളെ അവലോകനം ചെയ്തു് അവയെ മനോധൎമ്മമധുരിതമായി കവിതയിൽ പ്രതിബിംബിപ്പിക്കുന്നതിനു കവിക്കുള്ള പാടവം അദ്വിതീയമാണു്. പ്രശംസാവഹങ്ങളായവയെ നന്ദിക്കുന്നതിനും, ആക്ഷേപാൎഹങ്ങളായവയെ നിന്ദിക്കുന്നതിനും, ദോഷങ്ങളെ മൎമ്മം തുളയത്തക്കവിധം അപഹസിക്കുന്നതിനും പുനത്തിനുള്ള ശക്തി ആരേയും വിസ്മയിപ്പിക്കും. കുഞ്ചൻനമ്പ്യാരുടെപരിഹാസരസികത്വം പുനത്തിനും ജന്മസിദ്ധമാണു്. വൈദ്യന്മാർ, മാന്ത്രികന്മാർ, ബ്രാഹ്മണർ, വിടന്മാർ, ദൈവജ്ഞന്മാർ മുതലായ വൎഗ്ഗക്കാരെക്കുറിച്ചു പുനം ഭംഗിയായി വൎണ്ണിച്ചിട്ടുണ്ടു്. അവരുടെ ദുശ്ചേഷ്ടിതങ്ങളേയും ചാപല്യങ്ങളേയും ഏററവും നിൎദ്ദയമായി കവി ആക്ഷേപിച്ചിരിക്കുന്നു.

“ഗുരുവുണ്ടവിടെ സ്ഥിതിചെയ്യുന്നു ആയുസ്സുള്ള ചെറുക്കൻ പെറുകിൽ സന്തതിയെന്നതു നിസ്സന്ദേഹം. പാപഗ്രഹമുണ്ടഷ്ടമരാശൌ തദധിപനും ഖതരിപ്ഫേപുക്കു്” എന്നും മററും വ്യാജം പറഞ്ഞു പാവങ്ങളെ കബളിപ്പിക്കുന്ന ഗണികന്മാരുടെ വരവിനെക്കുറിച്ചു് അദ്ദേഹം ഇപ്രകാരം വൎണ്ണിച്ചിരി

ക്കന്നു. "പ്രശ്നച്ചാത്തുകൾ നാഴികവട്ട നാരാചവു മച്ചീനക്കണ്ണും പരൽപയ്യൂറയുമൊരോലക്കെട്ടും കൈക്കൊണ്ടുച്ചൈരപശബ്ദത്തിലപസ്വരമിശ്രം ജ്യാക്കളുമുരുവിട്ടിടയിടയിൽ ചില ഭാഷാഭേദ്യവുമുരുവിട്ടൊക്കെപ്പരുലുനിരത്തിയു മെണ്ണിയുമുടനേ കൂട്ടിയുമാളുനിരത്തിയുമിടയിൽ ചില ചില ഭാഷാഭേദം തങ്ങൾ മുരണ്ടും ചെവുതു വരച്ചും പണിപ്പെട്ടൊക്കെ സ്ഫുടതവരുത്തിപ്പാർക്കുന്നേരം പിഴയായ്ക്കണ്ടു മനസ്സുംകെട്ടു ചിരങ്ങുംനുള്ളിക്കാണുന്നോർക്കു തന്നി ഭ്രാന്തന്മാരെന്നു നിതാന്തം തോന്നിച്ചീടും ഗണകകദംബം പലവഴിവന്നു."

കവിയുടെ മനോധർമ്മവിലാസത്തിനു പരമോദാഹരണം, രാമായണചമ്പു കഴിഞ്ഞാൽ കാമദഹനമാണു്. ചില സന്ദർഭങ്ങളിൽ രാമായണചമ്പുവിനേയും കാമദഹനം താഴ്ത്തി നിറുത്തുന്നതായി ത്തോന്നും. കാമദേവന്റെ പ്രതാപത്തേയും, രാജ്യഭരണസ്വഭാവത്തേയും, രാജധാനിയേയും കുറിച്ചുള്ള വർണ്ണനത്തോടുകൂടി ഈ പ്രബന്ധം ആരംഭിക്കുന്നു. ഇത്രമാത്രം സാരസ്യസംപുഷ്ടമായ ഒരു വർണ്ണനം ചമ്പുക്കളിൽത്തന്നെ വേറെ ഉണ്ടോ എന്നു സംശയമാണു്. വികാരങ്ങളെ സൂക്ഷ്മമായി ഗ്രഹിക്കുന്നതിനും, തദുചിതമായ രസത്തോടുകൂടി വിവരിക്കുന്നതിനും പുനത്തിനുള്ള വൈഭവം അല്പമൊന്നുമല്ല. അദ്ദേഹത്തിന്റെ കൃതികളിൽ എവിടെ നോക്കിയാലും ഈ സാമർത്ഥ്യം തെളിഞ്ഞുകാണാം. നൂതനമായ

അൎത്ഥകല്പനയോടുകൂടിയ ഫലിതം ഉപയോഗിക്കുന്ന തിനും പുനത്തിനു പ്രയാസമൊന്നുമില്ല. "മൃത്യു തദാനീമസതാം പ്രാണപ്പുത്തരിയുൺമാൻ പഴുതും കെട്ടു" എന്ന ഭാഗത്തിലെ "പ്രാണപ്പുത്തരി"യും, "കേട്ടീലല്ലീ പനസക്കനുകൾ മനസാ വാചാ തിന്നിട്ടുള്ളതു്" എന്ന പ്രയോഗത്തിലെ 'മനസാ വാചാ' ഉള്ള ഭക്ഷണവും, തികഞ്ഞ ഫലിതങ്ങളാണു്. (മനോവാക്കുകൾകൊണ്ടല്ലാതെ വാസ്തവത്തിൽ അനുഭവിക്കുവാൻ കഴിഞ്ഞിട്ടില്ലാത്തതെന്നു സാരം.) തന്ത്രം, യോഗം, വൈദ്യം, ജ്യോതിഷം മുതലായ ശാസ്ത്രങ്ങളിലെല്ലാം തനിക്കുള്ള വൈഭവത്തെ കവി ഔചിത്യമനുസരിച്ചു പ്രകടിപ്പിച്ചിരിക്കുന്നു. വ്യാകരണത്തിലും ജ്യോതിഷത്തിലും പുനത്തിനു തികഞ്ഞ പാണ്ഡിത്യമുണ്ടു്. പുനം വലിയ ഭക്തനായിരുന്നുവെന്നു് അദ്ദേഹത്തിന്റെ കൃതികളിൽനിന്നു മനസ്സിലാക്കാം. ശൃംഗാരരസവിഷയത്തിൽ കവിക്കുള്ള സാമൎത്ഥ്യം എത്രമാത്രമെന്നു പ്രത്യേകം പറയേണ്ടതായിട്ടില്ല. 'കൊടിയവിരഹം' ശൃംഗാരമയമാണു്. രാജരത്നാവലീയം, ബാണയുദ്ധം ഇവയും അപ്രകാരം തന്നെ. സംഭോഗവിപ്രലംഭങ്ങളെ ഒരുപോലെ തന്മയത്വത്തോടുകൂടി വൎണ്ണിക്കുന്നതിനുള്ള വൈഭവത്തിനു 'കൊടിയവിരഹം' ഉദാഹരണമാകുന്നു. പുനത്തിന്റെ ഭാഷാരീതി പ്രൌഢമായിരിക്കുന്നു. വിദ്യാൎത്ഥികൾക്കും സ്ത്രീകൾക്കും രസിക്കുവാൻ എഴുതപ്പെട്ടവയല്ല ചമ്പുക്കൾ. സംസ്കൃതസാഹിത്യത്തോടു ദൃഢപരിചയം സമ്പാദിച്ചിട്ടുള്ള പരിണതമതി

കരംകൾ മാത്രമേ ചമ്പൂസാമ്രാജ്യത്തിൽ കാലൂന്നുവാൻ കൌതുകമുണ്ടാകുകയുള്ളൂ. മിക്കവാറും സംസ്കൃതമയങ്ങളായ ഗദ്യങ്ങളും പദ്യങ്ങളുമാണ് ഈ കാവ്യശാഖയിൽ സുലഭങ്ങളായുള്ളതു്.

ചമ്പുക്കളിൽനിന്നു പല പഴയ വാക്കുകളും ഗ്രഹിക്കുവാൻ കഴിയും. പുനത്തിന്മാത്രം വളരെ പ്രിയമുള്ള ചില പദങ്ങളുണ്ടു്. അവയിൽ പലതും ചമ്പുക്കളിൽ മാത്രമേ കാണുന്നുള്ളൂ. മമ്മാ, മാമാ, ഒക്കത്തക്ക, ചെറുമൻ, കയ്യൻ, ചേൺ, കുശൽ, ദ്വാ, നറുങ്ങ്, നടക്കാവു, ഉലാവും, തകും, മികും, പുലരി, മൈന്തർ, ത്രയം, പുലമ്പുക, ഒപ്പാ, ഒപ്പു, പറങ്കിത്തൊപ്പി, ചീനക്കണ്ണു, കാണക്കാണെ, തികതില മുതലായി ചമ്പുക്കളിൽ കാണുന്ന പ്രത്യേക പദങ്ങൾ അസംഖ്യങ്ങളാണ്. ഇവയിൽ ചില പദങ്ങളുടെ അർത്ഥം വ്യക്തമാകുന്നില്ല. 'ചീത്തവാക്ക്' എന്ന അർത്ഥത്തിലാണ് 'ദ്വാ' എന്ന പദം പ്രയോഗിച്ചിരിക്കുന്നതു്. "ചെറുമൻ" എന്നാൽ ചെറിയവൻ-അല്പൻ-എന്നർത്ഥം. "നറുങ്ങ്" എന്നാൽ കുറച്ചു്-അല്പം-എന്നർത്ഥം. ഇതു് ഭംഗിയുള്ള ഒരു പദമാണ്. "കുശൽ" കുശലത്തിൻെറ ലുപ്തരൂപമാണ്. "നടക്കാവു" ദേശ്യപദമാകുന്നു. ഭാഷയുടെ പഴയ സ്വത്തുകളായ ഈമാതിരി പദങ്ങളെ എല്ലാം ഗ്രഹിച്ചു സൂക്ഷിക്കേണ്ടതു നമ്മുടെ കടമയാണ്.

പുനത്തെ മററു കവികളുടെ കൂട്ടത്തിൽനിന്നു വളരെ ഉയർന്ന ഒരു സ്ഥാനത്തിന് അവകാശിയാക്കുന്നതു് അദ്ദേഹത്തിനുള്ള ആശയകല്പനാവൈഭവത്തിൻെറ

സചേതനമായ നവീനത്വം എന്ന ഗുണമാകുന്നു. പുന ത്തിന്റെ ഭാവനാമാർഗ്ഗവും മററു കവികൾ കണ്ടിട്ടുള്ള തല്ല. നവീനത, പ്രൌഢത, ലാളിത്യം, സാരസ്യം എ ന്നിവ ചമ്പുക്കളിലെ ഗദ്യപദ്യങ്ങളിൽ ഒരുപോലെ തിള ങ്ങുന്ന ഗുണങ്ങളാണ്. മഹാകവികൾക്കുവേണ്ട ഗുണ ങ്ങൾ പുനത്തിൽ സർവ്വത്ര സുലഭങ്ങളത്രേ. പുനത്തിന്റെ കവിതകൾ വായനക്കാരെ സാരസ്യസാഗരത്തിലാറാടി ച്ച് പരമാനന്ദനിർവൃതരാക്കിത്തീർക്കുന്നു.

നായിക, ഉത്സവം, സംഭോഗം, വിപ്രലംഭം, നായാട്ട്, നഗരം, യുദ്ധം മുതലായി കവി വർണ്ണിക്കുന്ന ഏതു വിഷയത്തിലും ഈമാതിരി മനോധർമ്മം മഹാപ്രാ ഭാവത്തോടുകൂടി പ്രവഹിക്കുന്നതു കാണാം. പുനം ഭാഷാകവിതയ്ക്ക് സംസ്കൃതകവിതയുടെ ആത്മീയവും ശാരീരവുമായ ചൈതന്യവും സൌന്ദര്യവും ദിവ്യത്വവും ഉളവാക്കി.

ചമ്പുക്കളിലെ പദ്യങ്ങൾക്കുള്ള പ്രധാനദോഷം യതിഭംഗമാണ്. ഈ ദോഷം പല സന്ദർഭങ്ങളിലും അതിദുസ്സഹമായ രസവിച്ഛിത്തിയെ ജനിപ്പിച്ചിട്ടുണ്ട്. കുഞ്ചൻനമ്പ്യാരേയും ഉണ്ണായിവാര്യരേയുംപോലെ പുനം ഒരു വലിയ സ്വാതന്ത്ര്യപ്രയോക്താവാണ്. ചമ്പു ക്കളിൽ ധാരാളമായിട്ടുള്ള യതിഭംഗങ്ങൾ ഈ നിരങ്കുശ ത്വത്തിന്റെ ഫലങ്ങളാകുന്നു. 'പൃശകാ'ദികളിൽ കുഞ്ചൻ നമ്പ്യാരും, 'ഉൽസൃജാമിചാമിവ' ഇത്യാദി സന്ദർഭങ്ങ ളിൽ ഉണ്ണായിവാര്യരും പ്രയോഗിച്ചിട്ടുള്ള സ്വാതന്ത്ര്യം പലപ്പോഴും പുനവും കാണിച്ചിട്ടുണ്ട്.

പുനത്തെപ്പോലെ അപ്രതിമരായ മററു മഹാകവികളും, ചമ്പുക്കളേപ്പോലെ സവ്വോത്തരചമൽകാരപൂരിതമായ മററു സാഹിത്യസമുച്ചയവും ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണ്. മലയാളത്തിന് ഏതെങ്കിലും ഒരു ശാഖയിലുള്ള കൃതികൾകൊണ്ടു സംസ്കൃതത്തെ ജയിച്ചുനില്ക്കുവാൻ കഴിയുമെങ്കിൽ അതു ചമ്പൂശാഖയിലുള്ളവ മാത്രമാണ്. സാഹിത്യമുള്ളിടത്തോളം കാലം ഭാഷാസാഹിത്യനഭസ്സിൽ ചമ്പുക്കൾ ഒരുൽകൃഷ്ടമായ കാവ്യശാഖയുടെ വിജയവൈജയന്തിയായിപ്പരിലസിക്കാതിരിക്കയില്ല. ഏതൽപ്രസ്ഥാനത്തിൻെറ വൈശിഷ്ട്യം അത്രമാത്രം നിസ്തുല്യമാകുന്നു. "പുളകോൽഗമകാരിവചഃ പ്രസരം പുനമേവ പുനഃ പുനരാസ്തുമഹേ" എന്ന് ഉദ്ദണ്ഡൻ പറഞ്ഞിട്ടുള്ളതു പുനത്തിൻെറ പാണ്ഡിത്യം അനുഭവിച്ചറിഞ്ഞിട്ടുതന്നെയാണ്. ഇപ്പോൾ ഏതാണ്ടു സുഷുപ്ത്യവസ്ഥയിൽ സ്ഥിതിചെയ്യുന്ന ചമ്പൂകാവ്യശാഖ, അതിൻെറ സ്വാഭാവികമായ സൌന്ദൎയ്യത്തോടും, സഹൃദയസംലാളനയോടുംകൂടി സാഹിത്യരസനിഷ്യന്ദികളായ വിജ്ഞാനമയൂഖങ്ങളെ വിതരണം ചെയ്തുകൊണ്ട് ഉദിച്ചുയരുവാനുള്ള ലക്ഷണങ്ങൾ കണ്ടുവരുന്നുണ്ട്.

———

# 2. സി. വി. രാമൻ പിള്ള

...VILASOM GRA... HASALA ...NDRUM

"സാഹിത്യകലാനിഷ്പത്തികളെ സംബന്ധിച്ചിടത്തോളം യാതൊരു പ്രശംസയും അധികമായിപ്പോയെന്നു ഭാഷാഭിമാനികൾക്കാക്കും തോന്നാതിരിക്കത്തക്ക വാഗ്ദേവീകടാക്ഷകേന്ദ്രസ്ഥനായ സീ. വി. രാമൻപിള്ള അവർകൾ ബി. ഏ., ആധുനികലോകഗതികളുടെ അപഥോന്മുഖതത്വത്തെ വിഷയമാക്കി ക്ഷോഭജനകങ്ങളായ കഥാസംഘടനകളും, അതിഗഹനമായ സ്വഭാവവർണ്ണനയും, ഹൃദയാകർഷകങ്ങളായ സംഭവവിശേഷങ്ങളും ചേർത്തു് എഴുതിവരുന്ന ഒരൊന്നാംതരം ആഖ്യായിക വിലകൂടാതെ കൊടുക്കുന്നതിനു ഞങ്ങൾക്കു് അദ്ദേഹത്തിൽനിന്നും സമ്മതം കിട്ടിയിരിക്കുന്നു. സമ്മാനാർഹന്മാർ, "ചിത്രലേഖ"യുടെ വരിക്കാരായി പേരു രജിസ്റ്റർ ചെയ്തു് ഒരു വർഷത്തെ വരിസംഖ്യ മുൻകൂറായി അടയ്ക്കുന്ന മഹാന്മാരത്രേ........"

ഈ വിജ്ഞാപനം "രണ്ടാം സീ. വി." എന്നു പ്രസിദ്ധനായ ഈ. വി. കൃഷ്ണപിള്ള അവർകളുടെ കയ്യെഴുത്തോടുകൂടി എന്റെ മുമ്പിലിരിക്കുന്ന കടലാസിലുള്ളതാണു്. "ചിത്രലേഖ" എന്ന മാസിക തുടങ്ങുവാനുദ്ദേശിച്ചിരുന്ന ആ 1095-ാം കൊല്ലവർഷം കഴിഞ്ഞിട്ടുതന്നെ ഏകദേശം ഇരുപത്തഞ്ചു വർഷമായെങ്കിലുംസാഹിത്യകുശലൻ സീ. വി. രാമൻപിള്ള അവർകളുടെ ജീവിതചരിത്രത്തെക്കുറിച്ചുള്ള സ്മരണയിൽ ഈ വിജ്ഞാപനം എത്താതിരിക്കുന്നില്ല. "എഴുതിവരുന്ന"

എന്ന വത്തമാനകാലമാണ് ഇതിലുപയോഗിച്ചതെങ്കിലും അന്ന് അതു ഭാവിതന്നെ (വത്തമാനത്തിനടുത്ത ഭാവി) ആയിരുന്നു. "മലയാളത്തിലെ സ്കോട്ട്" എന്നും, "കേരളഭട്ടബാണൻ" എന്നും വിളിക്കപ്പെടാറുള്ള സീ. വി. രാമൻപിള്ള അവർകൾക്കു നോവലെഴുത്തുവിഷയത്തിൽയാതൊരുവിഷമതയുംഉണ്ടായിരുന്നില്ല. "നിശ്ചയതാംബൂലം" കഴിഞ്ഞാൽ അദ്ദേഹത്തിന്റെ ഹൃദയവേദികയിൽ സകല കഥാപാത്രങ്ങളും ആസനസ്ഥരാകും. മുഹൂത്തം മാത്രം തീർച്ചപ്പെടുത്തേണ്ട താമസമേയുള്ളു. അത്രയ്ക്കു് ആശയബഹുലത, സീ. വി.-യുടെ മാനസസരസ്സിനുണ്ടായിരുന്നു. ശ്രീമൂലംതിരുനാൾ രാമവമ്മ മഹാരാജാവു തിരുമനസ്സിലെ തൃക്കൈയിൽനിന്നു വീരശൃംഖല സമ്മാനമായി വാങ്ങത്തക്കവിധത്തിൽ അദ്ദേഹം സാഹിത്യസേവനം നിവ്വഹിച്ചു. അദ്ദേഹത്തിൻെറ ഗദ്യപ്രബന്ധങ്ങളുടെ അന്തർഭാഗത്തെ പരിച്ഛേദിച്ചറിഞ്ഞു് അന്നു നാടുവാണരുളിയ കൊച്ചീമഹാരാജാവു തിരുമനസ്സുകൊണ്ടു് അദ്ദേഹത്തിനു "സാഹിത്യകുശലൻ" എന്ന ബിരുദം കല്പിച്ചുകൊടുക്കുകയുണ്ടായി.

മലയാളത്തിൽ ചരിത്രസംബന്ധമായ നോവൽ ഇദംപ്രഥമമായി എഴുതിയതു സീ. വി. ആയിരുന്നു. തെക്കൻതിരുവിതാംകൂറിലുള്ള നെയ്യാററുങ്കരത്താലൂക്കിൽ ആറൂർ എന്ന ദേശത്തു് കൊല്ലവഷം 1033 ഇടവം 13-ാം തീയതി അദ്ദേഹം ജനിച്ചു. മലയാളം, ഇംഗ്ലീഷ്, തമിഴ്, സംസ്കൃതം എന്നീ ഭാഷകളിൽ അദ്ദേഹം അസാമാന്യമായ പാണ്ഡിത്യം സമ്പാദിക്കുകയും, ബി. ഏ. ബിരുദം നേടുകയും ചെയ്തു. അരിയിൽ 'ഹരി:'

എന്നെഴുതിച്ച ആശാൻ പൂട്ടേററിയിൽ കേശവപിള്ള തഹസീൽദാർ അവർകളാണു്.

രാജഭക്തനായ സീ. വി., തിരുവിതാംകൂറിൽ ഹൈക്കോടതി രജിസ്ത്രാരായും, ഗവൺമെന്റ് അച്ചുക്കൂടം സൂപ്രണ്ടായും പരിശോഭിക്കുകയും, സ്വസ്ഥനായി പെൻഷൻ പററിയതിനുശേഷം അറുപത്തിനാലാമത്തെ വയസ്സിൽ 1097 മീനം 10-ാം തീയതി ദിവംഗതനാവുകയും ചെയ്തു.

അദ്ദേഹത്തിന്റെ കൃതികൾ:- മാർത്താണ്ഡവർമ്മ, ധർമ്മരാജാ, രാമരാജാബഹദ്ദൂർ ഒന്നാംഭാഗം, രാമരാജാബഹദ്ദൂർ രണ്ടാംഭാഗം, പ്രേമാമൃതം, റാബിൻസൺ ക്രൂസോ, സ്വാശ്രയശക്തി, പ്രഹസനമാല:-(1)കുറുപ്പില്ലാക്കളരി (2) പണ്ടത്തെപ്പാച്ചൻ (3) ചെറുതേൻ കൊളംബസ് (4) കയ്യാലപ്പുറത്തെ കടച്ചക്ക (5) ഡാക്ടർക്കുകിട്ടിയ മിച്ചം (6) പാപിചെല്ലുന്നേടം പാതാളം (7) കുറുപ്പിൻെറ തിരിപ്പ് (8) തെന്തനാംകോട്ടെ ഹരിശ്ചന്ദ്രൻ. ഇവയിൽ "പ്രേമാമൃതം" ഒരു സാമുദായികാഖ്യായികയാകുന്നു. "റോബിൻസൺക്രൂസോ" എന്നു ചെറുകഥാപുസ്തകത്തിലുള്ള ഭാഷയെ ലഘൂപ്പെടുത്തി എഴുതിയ മറെറാരു ഗ്രന്ഥരൂപമത്രേ "സ്വാശ്രയശക്തി."

സീ. വി. രാമൻപിള്ള അവർകൾ ഫലിതം പ്രയോഗിക്കുവാൻ വളരെ സമർത്ഥനായിരുന്നു. അദ്ദേഹത്തിൻെറ ഫലിതരസം ആസ്വദിച്ചാനന്ദിക്കുവാൻ അദ്ദേഹവുമായി സംഭാഷണം ചെയ്യുന്നവർക്കു മാത്രമേ സാധിക്കുമായിരുന്നുള്ളു. ആ ന്യൂനതയുടെ പരിഹാരത്തിനും, ജീവിതയാത്രയുടെ വിവിധരഹസ്യങ്ങൾ ജന

സാമാന്യം കണ്ടറിയുന്നതിനുമായിട്ടാണ് അദ്ദേഹം കേരളീദേവിയെ "പ്രഹസനമാല"യണിയിച്ചലങ്കരിച്ചതു്. അദ്ദേഹത്തിന്റെ കൃതികളിൽ ആദ്യത്തെ നാലു ഗ്രന്ഥങ്ങൾ ചരിത്രസംബന്ധമായ ആഖ്യായികകളാകുന്നു. ഇവയ്ക്കു പരസ്പരം ബന്ധവുമുണ്ടു്. "മാർത്താണ്ഡവർമ്മ"യുടെ അനന്തിരവനാണ് "ധർമ്മരാജാ." ധർമ്മരാജാവുതന്നെയാണ് "രാമരാജാബഹദൂർ." മാർത്താണ്ഡവർമ്മയിലെ കഥാനായകനായ അനന്തപത്മനാഭൻ "ധർമ്മരാജാ"വിലെ പടത്തലവനും, മാർത്താണ്ഡവർമ്മയിലുള്ള രാമനാമഠത്തിൽപ്പിള്ളയുടെ പുത്രൻ ധർമ്മരാജാവിലെ ചന്ത്രക്കാരനുമാണ്. കേശവപിള്ള സർവ്വാധി യായി നിയമിക്കപ്പെട്ടതുവരെ ധർമ്മരാജാവിലും, അതിനുശേഷമുള്ള ചരിത്രത്തിൽ കുറേഭാഗം രാമരാജാബഹദൂരിലും പ്രസ്താവിതമായിട്ടുണ്ടു്. കൊട്ടാരം പലഹാരപ്പുരവിചാരിപ്പായി പ്രത്യക്ഷപ്പെടുന്ന മാമാവെങ്കിടൻ, "അകത്തെ പ്രവൃത്തിവിചാരിപ്പുകാര"നായി നിയമിക്കപ്പെടുന്നതുവരെ ധർമ്മരാജാവിലും, അതിനുശേഷമുള്ള ഭാഗം രാമരാജാബഹദൂരിലും കാണപ്പെടുന്നു.

1065-ൽ മദ്രാസിൽ താമസിക്കുമ്പോഴാണ് അദ്ദേഹം മാർത്താണ്ഡവർമ്മ എഴുതിയതു്. അക്കാലത്തു തന്നെ രാജാകേശവദാസന്റെ ചരിത്രം മൂന്നായി ഭാഗിച്ചു് മൂന്നുഗ്രന്ഥമായി എഴുതണമെന്നു കരുതി, അതിനുള്ള കഥാഘടന മുഴുവനും അദ്ദേഹം മനസ്സിൽ കണ്ടുകഴിഞ്ഞിരുന്നു. അദ്ദേഹം തിരുവനന്തപുരത്തു വന്ന ശേഷം, ഒന്നാംപുസ്തകമായ ധർമ്മരാജാ 1088-ലും, രണ്ടാംപുസ്തകമായ രാമരാജാബഹദൂർ ഒന്നാംഭാഗം

1092-ലും, രണ്ടാംഭാഗം 1094-ലും എഴുതിത്തീൎത്തു. ശരീരസുഖം കിട്ടിയിരുന്നുവെങ്കിൽ മൂന്നാമത്തെ ഗ്രന്ഥവും സീ. വി. എഴുതുമായിരുന്നു. രാമരാജാബഹദൂരിന്റെ പുറപ്പാടിനു മുമ്പുതന്നെ അദ്ദേഹം 'പ്രേമാമൃതം' എഴുതിക്കഴിഞ്ഞു.

SREE KRISHNA VILASOM GRANDHASALA

മാൎത്താണ്ഡവൎമ്മയിലെ ലളിതമായ ഭാഷയും, പിന്നീടുണ്ടായ ആഖ്യായികകളിലെ പ്രൗഢമായ ഭാഷയും നോക്കിയാൽ, 'മാൎത്താണ്ഡവൎമ്മ എഴുതിയതു സീ. വി. അല്ല' എന്നു തോന്നിപ്പോകും. എന്നാൽ ധൎമ്മരാജാവിന്റെ പ്രൗഢതയിൽനിന്നു പ്രേമാമൃതത്തിന്റെ സ്വരം കുറയ്ക്കുവാൻ അദ്ദേഹം ശ്രമിച്ചിട്ടുള്ളതായിക്കാണുന്നു. "ഗ്രന്ഥകാരന്റെ ആശയങ്ങളനുസരിച്ചു ഭാഷയെ നിയന്ത്രണം ചെയ്യുകയല്ലാതെ ഭാഷാസാരള്യത്തെ പ്രമാണിച്ച് ഉത്കൃഷ്ടാശയങ്ങളെ വിലക്ഷണീകരിച്ചുകൂടാ" എന്നാണ് സീ. വി.-യുടെ ഉദ്ദേശ്യം. രാമരാജാബഹദൂർ ഒരു യുദ്ധഘട്ടത്തെ വൎണ്ണിക്കുന്നതാകകൊണ്ടു് ചെറുതായൊരു ഖരത അതിന്റെ കഥാഗതിയിൽ സംഭവിച്ചുപോയി. ചപലപാത്രങ്ങളെക്കൂടെ ചേൎക്കപ്പെട്ടിട്ടുള്ളതിനാൽ ഈ അനിൎവ്വാച്യലക്ഷണത്തിന്റെ അസ്വാരസ്യം മൂടലമായിട്ടുണ്ടു്.

കഥാഘടനയിൽ അദ്ദേഹം പ്രയോഗിച്ചിട്ടുള്ള മനോധൎമ്മം ഏററവും പ്രശംസനീയമായിരിക്കുന്നു. സംഭവങ്ങൾ നടക്കുന്ന ദിവസങ്ങളെ പഞ്ചാംഗം നോക്കി അറിയുന്നപ്രകാരം മനോദൎപ്പണത്തിൽ ശരിയായി കണ്ടുകൊണ്ടാണ് അദ്ദേഹം കഥ രൂപവത്കരിക്കുന്നതു്. കഥാനിൎമ്മിതിയിൽ പരിണാമമുൽപ്പത്തിക്കുവേണ്ടി

പല കാൎയ്യങ്ങളും ഒളിച്ചുവയ്ക്കുന്ന സമ്പ്രദായം അദ്ദേഹത്തിൻെറ എല്ലാ കൃതികളിലും കാണുന്നുണ്ടു്. "ധൎമ്മരാജാ"വിൽ കാളിപ്രഭാവഭട്ടനായി പ്രാരംഭഭാഗത്തു നാം കാണുന്ന കഥാപാത്രം പിന്നീടു മാണിക്കഗൌണ്ഡനായി, ഒടുവിൽ പത്തഞ്ഞൂറു പുറങ്ങൾക്കുശേഷം ചിലമ്പിനേത്തു കാളിഉടയാൻചന്ത്രക്കാരനായി പെരിയാററിലെ നീന്നായ്ക്കൾക്കിരയാകുന്നു. ഈ പ്രയോഗത്തിൽ കഥാഗതിക്കു വല്ല ഉടവോ, യാതൊരിടത്തും യോജിപ്പില്ലായ്മയോ സംഭവിച്ചിട്ടുമില്ല. കഥാഘടനയിലും, പാത്രരചനയിലും ഒന്നുപോലെ ആഖ്യായികാകാരൻെറ ദൃഷ്ടി പതിഞ്ഞിട്ടുള്ളതു ധൎമ്മരാജാവിലാണെന്നു പറയാം. സീ. വി.-യുടെ കഥാപാത്രരചന ആത്മീയവും, അനുകരണാൎഹവുമാണു്. നോവലെഴുതുമ്പോൾ കഥാപാത്രങ്ങൾ തൻെറ കൺമുമ്പിൽ നിരന്നുനില്ക്കുന്നതായിട്ടാണു് ഗ്രന്ഥകാരൻ കാണുന്നതു്. ഗംഭീരപാത്രങ്ങളെ പ്രവേശിപ്പിക്കുമ്പോൾ ഗ്രന്ഥകാരൻ യഥായോഗ്യം ആദരഭാവം അവലംബിപ്പിക്കും. ഭയപ്പെടേണ്ടവരെ കാണുമ്പോൾ വലിയ ഭയമാണു് മുഖത്തു പ്രകടിപ്പിക്കപ്പെടുത്തുന്നതു്. വിനോദപാത്രങ്ങൾ വരുമ്പോൾ അവരെപ്പററി പ്രസ്താവിക്കുവാൻ തുടങ്ങുന്നതിനു മുമ്പുതന്നെ അദ്ദേഹം ചിരിപ്പിച്ചുതുടങ്ങും. കൊടന്തയാശാൻ, കുഞ്ഞിപ്പെണ്ണിൻെറ അടുക്കൽ കുഴയുന്ന ഭാഗം എഴുതിയപ്പോൾ "ഛേ! വൃത്തികെട്ട ശവം! അവൻെറ നാക്കിൽ ആ ഗുരുത്വദോഷമേ ഉദിക്കുകയുള്ളൂ!" എന്നു പറഞ്ഞു് ആ കഥാപാത്രത്തെ അദ്ദേഹം കുററപ്പെടുത്തുകയാണു് ചെയ്തതു്.

സ്ത്രീകഥാപാത്രങ്ങൾ സകല ഗുണങ്ങളും തികഞ്ഞവരല്ലെങ്കിലും സ്ത്രീകളെ അദ്ദേഹം ബഹുമാനിക്കുന്നതായി ഗ്രന്ഥങ്ങളിൽ കാണുന്നുണ്ട്. എഴുത്തുകാരോട് അദ്ദേഹം ഒരിക്കൽ ഇങ്ങനെ പറയുകയുണ്ടായി. "നിങ്ങൾ കൊച്ചുങ്ങൾ; ഒരുകാലത്ത് ഈ സീ. വി. രാമൻപിള്ള ഏതുതരത്തിൽപ്പെട്ട ആളായിരുന്നുവെന്നു തർക്കിക്കും. എന്റെ വീണന്മാരായ കഥാപാത്രങ്ങളെക്കൊണ്ടു് ഈ മൂപ്പീന്നു് ഒരു വീണനായിരുന്നുവെന്നും, മററുചിലതിനെ അടിസ്ഥാനപ്പെടുത്തി ഇയാൾ ഒരു രസവിദ്വേഷിയായിരുന്നുവെന്നും പറയും. അതെ, ഞാൻ തന്നെത്താൻ സമ്മതിക്കുന്നു; ചന്തുമേനവന്റെ ലാളിത്യവും സ്വാരസ്യവും എനിക്കില്ല. എന്റെ നായികമാർ ശൃംഗാരിണികളേ അല്ല; അങ്ങനെയാണു് സ്ത്രീലോകാദർശങ്ങളെപ്പററി എനിക്കുള്ള മതിപ്പ്. നമ്മുടെ പെണ്ണുങ്ങൾ സ്ഥിരചിത്തകളും ദൃഢബുദ്ധികളും ആയിരിക്കണം. സ്വൈരമധുരസല്ലാപത്തിനായി മാത്രമാണു് തങ്ങളുടെ ജന്മമെന്നു് അവർ വിചാരിക്കരുതു്. പുരുഷനെ ആനന്ദിപ്പിക്കുവാനും, അതേ സമയംതന്നെ അവന്റെ ചാപല്യങ്ങളെ വിദ്വേഷിച്ചു പ്രവൃത്തികളെ നിയന്ത്രിക്കുവാനുമാണു് സ്ത്രീകളുടെ സൃഷ്ടി. അതു നിങ്ങൾക്കു പിടിക്കില്ല. കോമളവദനവും, വശ്യവാക്കും, ഹാവഭാവങ്ങളും, പ്രണയഭംഗമുണ്ടെന്നു സ്വപ്നംകാണുമ്പോൾ അശ്രുവർഷങ്ങളും, ആലിംഗനങ്ങളും ഒക്കെ വേണം നിങ്ങൾക്കു്. ഛേ! ഞാൻ അതു സമ്മതിക്കില്ല."

മനുഷ്യസ്വഭാവത്തെ വിമർശിച്ചു് സാത്വികവിചാരങ്ങളെ അങ്കുരിപ്പിക്കുവാനായിരുന്നു ആ സാഹിത്യകുശലന്റെ ഉദ്യമം. മനുഷ്യരെ യഥാസ്ഥിതിയിൽ മനസ്സിലാക്കുന്നതിനുള്ള പ്രാപ്തി അനുവാചകന്മാർക്കുണ്ടാ

കുന്നതിന്നുവേണ്ടി പ്രഖ്യാപനം ചെയ്യുന്ന വിളംബരങ്ങ ളാണ് സീ. വീ.-യുടെ ഓരോരോ വർണ്ണനകളുമെന്ന് അദ്ദേഹത്തിന്റെ കൃതികളിൽ നിന്നു മനസ്സിലാക്കാം.

പൌരുഷശാലികളായ എട്ടുവീട്ടിൽപ്പിള്ളമാരെ മാർത്താണ്ഡവർമ്മ മുഖേന അദ്ദേഹം അധിക്ഷേപിക്കുക യാണ് ചെയ്തിട്ടുള്ളതെന്നും, തിരുവിതാംകൂറിലെ നായർ സമുദായത്തെ രാജകുടുംബത്തിന്റെ അടിമയാക്കിത്തീ ർക്കുകയാണ് ചെയ്തതെന്നും ചിലർ പറയാറുണ്ട്. എ ന്നാൽ ഈ ചരിത്രാഖ്യായികകളിൽ ആദ്യന്തം കളിയാ ടുന്നതു ഗാഢമായ രാജഭക്തിയും, ഗൂഢമായ എട്ടുവീടർ പ്രതാപവുമാണെന്ന് അവ സൂക്ഷ്മമായി വായിക്കുന്ന വർക്കു ബോധപ്പെടാതിരിക്കുകയില്ല. മാർത്താണ്ഡവർമ്മ യിലെ കഥാനായികയായ പാറുക്കുട്ടി, യുവരാജാവായ മാർത്താണ്ഡവർമ്മ തിരുമനസ്സിലേയ്ക്കു വേണാട്ടു സിംഹാ സനം കരഗതമാകത്തക്കവിധത്തിൽ അനവധി അനു പമ ഗൂഢസാഹ്യങ്ങൾ നിർവ്വഹിക്കുന്ന സുഭദ്ര എന്നീ കഥാപാത്രങ്ങൾ എട്ടുവീട്ടിൽപ്പിള്ളമാരുടെ അടുത്ത ബന്ധുക്കളാണ്. പാറുക്കുട്ടി കഴക്കൂട്ടത്തുപിള്ളയുടെ മകളും, സുഭദ്ര കുടമൺപിള്ളയുടെ അനന്തിരവളുമായി രുന്നു. ധർമ്മരാജാവിലും രാമരാജാബഹദൂരിലും രാജ ശക്തിക്കു നിതാന്തസാഹ്യവർത്തിയായിക്കാണുന്ന കേശ വനുണ്ണിത്താൻ, രാമനാമഠത്തിൽപിള്ളയുടെ മകനായ ചന്ത്രക്കാരന്റെ ഭാഗിനേയനാണ്. ആദർശവനിതാ രത്നമായി സീ. വീ. സങ്കല്പിച്ചിരിക്കുന്ന സാവിത്രിക്കുട്ടി, കഴക്കൂട്ടത്തുപിള്ളയുടെ കുടുംബത്തിലെ ഏകസന്താന വല്ലിയായിരുന്നു. ഈ കഥാപാത്രങ്ങളെല്ലാം രാജപക്ഷ ത്തുതന്നെ നിന്ന് അനേകമനേകം ആപദ്ഘട്ടങ്ങൾ തരണംചെയ്തിട്ടുള്ളവരുമാണ്.

പുരാണഗ്രന്ഥങ്ങളിൽ സ്മരണീയപുരുഷന്നുണ്ടാ യിരുന്ന പരിജ്ഞാനവും, വ്യംഗ്യാർത്ഥപ്രയോഗവൈഭവ

വും, സംഗീതകലാപാടവവും അദ്ദേഹത്തിന്റെ കൃതികളിൽനിന്നും മനസ്സിലാക്കാവുന്നതാണ്. ഹരിപഞ്ചാനനചിത്രീകരണത്തിൽ സീ. വി. പ്രകടിപ്പിച്ചിരിക്കുന്ന മനോധമ്മവിലാസം ഏററവും പ്രശംസാർഹംതന്നെ. അദ്ദേഹത്തിന്റെ സ്ഥൈയ്യവും, കമ്മവൈദശ്ധ്യവും, കലാവൈദഗ്ദ്ധ്യവും, കായ്യപ്രാപ്തിയും ഹരിപഞ്ചാനനയോഗീശ്വരനിൽ പ്രകടമായി പ്രതിഫലിപ്പിക്കപ്പെട്ടിരിക്കുന്നു.

നല്ലൊരു കാഥികനെന്നു സുപ്രസിദ്ധനായ അദ്ദേഹം മാസികകൾക്കു ലേഖനമയയ്ക്കുന്ന പതിവില്ലാതിരുന്നതു്, 'തുടരും ലേഖനങ്ങൾ' സഹിക്കുന്നതല്ലാത്തതുകൊണ്ടായിരിക്കണം. അദ്ദേഹത്തിന്റെ സ്വദേശമായ തെക്കൻതിരുവിതാംകൂറിൽനിന്ന് "ചിത്രലേഖ" എന്ന പേരിൽ ഒരു പത്രഗ്രന്ഥം പുറപ്പെടുവിച്ചാൽ കൊള്ളാമെന്നാഗ്രഹിക്കുന്നുവെന്നും, അതിനു സഹായിപ്പാറാകണമെന്നും വിവരിച്ച് ഞാൻ ഒരു കത്തയച്ചതിന് അദ്ദേഹത്തിൽനിന്നുകിട്ടിയ മറുപടി നോക്കുക:— "......ധനസഹായത്തിനു മതിയായ ശക്തിയും മനസ്സും ഉള്ളവർ നിങ്ങളെ അനുകൂലിപ്പാൻ ഒരുക്കമുണ്ടെങ്കിൽ ദക്ഷിണതിരുവിതാംകൂറിൽ നായന്മാരുടെ വകയായി ഒരു പത്രമോ മാസികയോ പുറപ്പെടേണ്ടതു ബഹുധാ അത്യാവശ്യകമെന്ന് അഭിപ്രായപ്പെടുവാനും ചില കാരണങ്ങൾ എന്നെ പ്രേരിപ്പിക്കുന്നു. അല്പകാലംമുമ്പുവരെ പ്രതാപൈശ്വയ്യങ്ങളോടെ വത്തിച്ചിരുന്ന അവിടത്തെ ജനങ്ങൾ ഇപ്പോൾ വിദ്യാഭ്യാസനിലയിൽ അത്യന്തം വ്യസനിക്കത്തക്ക ഉപേക്ഷയെ പ്രകടിപ്പിക്കുന്നുവെന്നു പല മാന്യന്മാരും പറഞ്ഞു ഞാൻ കേട്ടിട്ടുണ്ട്. ഈ ഒരു മുൾക്കോലിന്റെ പ്രയോഗംകൊണ്ട്, തന്ദ്രീബദ്ധന്മാരായ അവിടത്തെ അംഗങ്ങളെ ഒന്നുണത്തി അവർ കാലാനുസാരമായുള്ള വിദ്യാസമ്പത്തുളിലുന്ന സമാജ്ജിച്ചുകൊണ്ടിരിപ്പാൻ

അവരിൽ ജീവചൈതന്യം ഉല്ലാദിപ്പിക്കേണ്ടതാണെന്നു് ഒരുമോഹവും മനസ്സിൽ അങ്കുരിക്കുന്നുണ്ടു്. അതിനാൽ ധനവിഷയത്തിൽ നഷ്ടപരിണാമം നേരിടുകയില്ലെന്നു വരികിൽ നിങ്ങളുടെ ഉദ്യമം അതിശ്ലാഘനീയവും ആവശ്യകവുമാണെന്നുള്ള നിലയിൽ കഴിയുന്നത്ര സഹായിപ്പാൻ ഞാൻ തയാറുതന്നെയാണു്. എന്നാൽ ഒരു പരമാൎത്ഥം നിങ്ങളോടു പറയേണ്ടതായിരിക്കുന്നു. യാതൊരു മാസികയുടേയും ഞാൻ ലേഖനങ്ങളെഴുതി അതിന്റെ ഭാരവാഹികളെ സഹായിച്ചിട്ടില്ല. നിങ്ങളുടെ അപേക്ഷാനുസാരം പ്രവൎത്തിക്കുന്നെങ്കിൽ എന്റെ സ്വകാൎയ്യനിയമത്തിനു് അതൊരു വിലംഘനമായിത്തീരുന്നതാണെങ്കിലും, തെക്കൻതിരുവിതാംകൂറിന്റെ ഐശ്വൎയ്യപ്രാൎത്ഥകന്മാരിൽ ഒരു ചെറുമസ്ഥാനം വഹിപ്പാൻ ഞാൻ കടപ്പെട്ടിട്ടുള്ളവനാകയാൽ നിങ്ങളുടെ മാസികയെ സംബന്ധിച്ചു് ഒരു വ്യത്യസ്തനടപടി അവലംബിക്കുവാൻ തയ്യാറുതന്നെയാണു്. എന്നാൽ മാസികയുടെ സൂതികൎമ്മത്തിൽ ഭാഗഭാക്കാകുവാൻ ഞാൻ തയ്യാറല്ല. അതിന്റെ പിച്ചക്കളിക്കാലത്തു ശരീരസുഖവും സൌകൎയ്യവും അനുസരിച്ചു വല്ലപ്പോഴും കൈയേന്തി താലോലിച്ചുകൊള്ളാമെന്നു വാഗ്ദാനംചെയ്യുന്നു. വേനലിന്റെ ആതപശക്തി, വയോവൃദ്ധിയാലും രോഗത്താലും പീഡിപ്പിക്കപ്പെട്ട എന്നെ, മുക്കാലും അഹോരാത്രം നിദ്രാവലംബിയാക്കിത്തീൎത്തിരിക്കുന്നു. ഈ സ്ഥിതിയിൽ ഈ എഴുത്തിനെ ദീൎഘിപ്പിക്കാതെ നിറുത്തിക്കൊള്ളുന്നതിനെ ക്ഷമിക്കുമെന്നു വിശ്വസിക്കുന്നു.

സ്വന്തം സീ. വി. രാമൻപിള്ള (ഒപ്പു്)"

അദ്ദേഹത്തിന്റെ മഹാമനസ്കതയും സ്വദേശസ്നേഹവും ഇതിൽനിന്നു വെളിവാകുന്നുണ്ടു്. "ദിഷ്ടാദംഷ്ട്രം" എന്നൊരു വിശേഷപ്പെട്ട ചെറുകഥയെഴുതി

രണ്ടാം ലക്കംമുതൽ തുടരെച്ചേർക്കുന്നതിന്നായി അയച്ചുതരാമെന്നും, ആ വിവരം മാസികയിൽ പ്രസ്താവിച്ചുകൊള്ളണമെന്നും, ആദ്യലക്കത്തിൽ ചേർപ്പാൻ "ഞാൻ നോവലിസ്റ്റായതു് എങ്ങനെ?" എന്നൊരു ലേഖനം തത്സമയത്തിന്നു് ഒരു ദിവസം മുമ്പു ചോദിച്ചാൽ തരാമെന്നും അദ്ദേഹം പിന്നീടു മുഖദാവിൽ പറയുകയുണ്ടായി. എന്നാൽ പല കാരണങ്ങളാലും മാസിക പുറപ്പെടുവിക്കുവാൻ സാധിച്ചില്ല. അന്നെഴുതുവാനദ്ദേശിച്ചുപോയ കഥ "കേരളദീപം" പത്രത്തിൽ ചേർത്തുകണ്ടു. അങ്ങനെ പ്രസ്തുത ലേഖനം കിട്ടാൻ ഞങ്ങൾക്കു ഭാഗ്യമുണ്ടായതുമില്ല. കല്ലൂളം താലൂക്കിൽ വിലസുന്നതും, ആദ്യത്തെ നോവലിൽ പ്രഥമതഃ സൂചിപ്പിച്ചിട്ടുള്ളതുമായ വേളിമലയിലെ കാഴ്ചയാകുന്നു അദ്ദേഹത്തെ നോവലിസ്റ്റാക്കിയതെന്നു് അദ്ദേഹംതന്നെ പ്രസ്താവിച്ചിട്ടുള്ളതായി ഈ.വി. കൃഷ്ണപിള്ള അവർകൾ എന്നോടു പറഞ്ഞിട്ടുണ്ടു്. അതിനാൽ നോവലെഴുത്തിൽ അദ്ദേഹത്തിന്റെ ഗുരു പ്രകൃതിദേവിയായിരുന്നുവെന്നു വിചാരിക്കാവുന്നതാണു്. H-561 — 9416

മഹാകാവ്യങ്ങളുടെ സ്ഥാനത്തുനിൽക്കുന്ന "സീ. വീ. കാവ്യതല്ലജ"ങ്ങളിലെ വർണ്ണനാവിശേഷങ്ങളെ ഉദാഹരിക്കുവാൻ ധർമ്മരാജാവിലുള്ള ഹരിപഞ്ചാനനയോഗീശ്വരന്റെ ഹരികഥാകാലക്ഷേപവർണ്ണനതന്നെ മതിയാകും. നോക്കുക:— "രാജ്യദാസനും കാവ്യദാസനുമായ കേശവാഖ്യന്മാർ രണ്ടുപേരുടേയും സംഭാഷണത്തിലെ അഭിമതവിരുദ്ധതയ്ക്കിടയിൽ വലിയ കൊട്ടാരം നൃത്തമണ്ഡപം താളമേളസ്വരസംഗീതസാഹിത്യങ്ങളുടെ സംയോജനമധുരിമകൊണ്ടു് കലിംഗാദിമഹാരാഷ്ട്രാധിപന്മാരുടെ നവരാത്രീസമ്മേളനങ്ങളേയും ഭിക്ഷാടനം

ചെയ്യിക്കുന്നു. മഹാരാജാവിൻെറ അനുമതിയോടുകൂടി ആരംഭിച്ചിരിക്കുന്ന ഹരികഥാകാലക്ഷേപത്തെ അനുഭവിച്ച് കാലക്ഷേപോപയുക്തങ്ങളായ അവിടുത്തെ പ്രസാദഫലങ്ങളെ സമ്പാദിപ്പാൻ ആ സഭാകല്പതരുവെ പൌരാണികചകോരങ്ങളും, കവിവരമയൂരങ്ങളും, ഗായകകോകിലങ്ങളും അഭിനന്ദനീയമാംവണ്ണം മണ്ഡനം ചെയ്യുന്നു. ആ സഭാതലത്തിൻെറ ഒരു പാൎശ്വത്തെ ദളവാ, സൎവ്വാധി എന്നിത്യാദി വികസിത കുസുമങ്ങളാൽ രചിതങ്ങളായ ഹാരങ്ങളും, മറെറാരു പാൎശ്വത്തെ ദളവാദിസ്ഥാനകോരകങ്ങളായ കണക്കു തമ്പിചെമ്പകരാമനിരകളും സവിശേഷം അഭിരാമമാക്കുന്നു. പടിഞ്ഞാറുഭാഗത്തുള്ള സൌധാന്തരം, മിന്നുംപൂഞ്ചോലകളുടെ അവികലവിമലഭാസ്സുകൊണ്ടും, അളികുല സങ്കീൎണ്ണങ്ങളായുള്ള കമലകുവലയേന്ദീവരാദിദളങ്ങളുടെ ചടുലവിലാസങ്ങളാലും, കൎണ്ണഭൂഷകളായുള്ള പൊന്നോലകളുടെ കാന്തിസ്ഫുരണംകൊണ്ടും, മണികനകമയമായ മാലാകലാപംകൊണ്ടും അത്ഭുതശ്രീവിലാസമായി പരിലസിക്കുന്നു."

പദ്യകാരന്മാർ മാത്രമല്ല കവികൾ, എന്നുണ്ടെങ്കിൽ, സാഹിത്യകുശലൻ സീ. വി. രാമൻപിള്ള അവർകളും ഒരു മഹാകവിയത്രേ. സ്ത്രീകൾക്കും പുരുഷന്മാൎക്കും ഒന്നുപോലെ മാതൃകാപരമായുള്ള "സീ. വീ. കാവ്യതല്ലജ"ങ്ങളിൽ ഒന്നെങ്കിലും വായിച്ചു രസിച്ചിട്ടില്ലാത്ത മലയാളവായനക്കാർ ഉണ്ടോ എന്നു സംശയമാണ്. വായിച്ചിട്ടുള്ളവരിൽ അധികമാളുകളും സീ. വീ. യുടെ പാണ്ഡിത്യവും, സഹൃദയത്വവും, മഹാമനസ്കതയും, ഭൂതദയയും പ്രായേണ ഗ്രഹിച്ചിട്ടുണ്ടായിരിക്കുമല്ലോ.

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYAKA VEEDU
MALAYINKIL

## 3. പന്തളം കേരളവർമ്മതമ്പുരാൻ.

മധുരമധുരമധുസ്യന്ദികളും വിധുരലോകവിധിവിപാകവിഹനങ്ങളുമായ ഉത്തമസാഹിത്യഗ്രന്ഥങ്ങൾ നിർമ്മിക്കുവാൻ ഈശ്വരാനുഗ്രഹീതന്മാരായ അപൂർവ്വം ചില മാന്യന്മാർക്കു മാത്രമേ സാധിക്കുകയുള്ളു. ആ മാന്യന്മാർ ലോകോപകർത്താക്കളിൽ അഗ്രഗണ്യന്മാരാണെന്നുള്ളതു നിർവ്വിവാദമാണ്. വിനോദസമ്മിശ്രവിജ്ഞാനപ്രദാനംകൊണ്ടു ജനങ്ങളെ ആനന്ദഭരിതരും വിജ്ഞാനസമ്പന്നരുമാക്കുന്നതുപോലെ ലോകോപകാരകമായ പ്രവൃത്തി മറെറന്താണുള്ളതു്! ഉത്തമഗ്രന്ഥനിർമ്മാണത്താൽ മലയാളസാഹിത്യത്തെ പോഷിപ്പിച്ചു് മലയാളരാജ്യത്തിൻെറ പ്രാണിഭൂതനായിത്തീർന്ന ഒരു മഹാവിദ്വാനായിരുന്നു പന്തളത്തു കേരളവർമ്മതമ്പുരാൻ തിരുമനസ്സുകൊണ്ടു്. അദ്ദേഹം കൊല്ലവർഷം 1054 മകരം 10-ാംതീയതിയാണ് ഭൂജാതനായതു്. പാരമ്പര്യസിദ്ധമായ സാഹിത്യവാസനയാൽ വിശിഷ്ടനായ ആ മഹാനുഭാവൻ അച്യുതവാര്യർ തുടങ്ങിയ പ്രസിദ്ധഗുരുവരന്മാരാൽ കാവ്യനാടകശാസ്ത്രങ്ങളിൽ ബാല്യംമുതല്ക്കേ സുശിക്ഷിതനാവുകയും, ഏകദേശം 21 വയസ്സു പ്രായമായപ്പോഴേയ്ക്കു സംസ്കൃതസാഹിത്യത്തിൽ അപാരമായ പാണ്ഡിത്യം സമ്പാദിക്കുകയും ചെയ്തു. ഗൃഹസംബന്ധമായ പല ജോലി

കളിലും അന്നുമുതൽ ഏൎപ്പെടേണ്ടിവന്നതുകൊണ്ടു് ഗുരുമുഖമായ വിദ്യാഭ്യസനം സമാപിപ്പിക്കുന്നതിനു നിർബദ്ധനായെങ്കിലും, ജിജ്ഞാസുവായ അദ്ദേഹം 'അധീതിബോധാചരണപ്രചാരണങ്ങൾ'കൊണ്ടു തന്റെ ജ്ഞാനകോശത്തെ സർവ്വദാ സംവൃദ്ധമാക്കിക്കൊണ്ടുതന്നെയിരുന്നു. 23 വയസ്സു പ്രായമായതിനുശേഷമാണു് തമ്പുരാൻ കവിതയെഴുതി പ്രസിദ്ധീകരിച്ചുതുടങ്ങിയതു്. കാലതാമസംവിനാ അദ്ദേഹം 'കവനകൌമുദി' എന്ന പ്രതിപക്ഷപത്രിക, സ്വന്തം ഉടമസ്ഥതയിലും പത്രാധിപത്യത്തിലും നടത്തിത്തുടങ്ങി. 1084 കുംഭം മുതൽ കവനകൌമുദി എന്ന പേരിൽ അറിയപ്പെട്ടുപോന്ന ആ മാസിക, മലയാളത്തിലെ കവീയശഃപ്രാൎത്ഥികളായ യുവാക്കന്മാൎക്കു് അവരുടെ കവിതാചാതുൎയ്യത്തെപ്രകടിപ്പിക്കുന്നതിനു് ഉത്തമമായ ഒരു മാൎഗ്ഗമായിത്തീൎന്നു. തമ്പുരാന്റെ വിശിഷ്ടങ്ങളായ പല കൃതികളും ആ മാസിക മുഖേനയാണു് ആദ്യം വെളിപ്പെട്ടതു്. 'കവനപോഷിണി' മുതലായ ചില പദ്യമാസികകൾ അതിനുശേഷം പ്രസിദ്ധീകൃതങ്ങളായിട്ടുണ്ടെങ്കിലും കവനകൌമുദിയെപ്പോലെ ഭാഷാപദ്യസാഹിത്യത്തെ പോഷിപ്പിച്ചിട്ടുള്ള പദ്യമാസിക ഇതുവരെയുണ്ടായിട്ടില്ല. കേരളത്തിൽ ദിനംപ്രതി ഉണ്ടായിക്കൊണ്ടിരിക്കുന്ന നാടകമഹാകാവ്യ ഖണ്ഡകാവ്യാദികൾക്കൊക്കെയും കണക്കുമില്ല. വിലാപകാവ്യങ്ങളും അനുമോദനകാവ്യങ്ങളും നിമിഷംപ്രതി പ്രവൎദ്ധമാനങ്ങ

ളായിട്ടു ഭുവനത്തെ ദ്വിധാ കണ്ണീരിൽ മുക്കുന്നു. ഈ പ്രകാരമുള്ള വിവിധസാഹിത്യപ്രസ്ഥാനങ്ങളിലും സ്വച്ഛന്ദം വിഹരിച്ചു് അതുലമായ യശസ്സു സമ്പാദിച്ച ഒരു വിപശ്ചിൽപ്രകാണ്ഡമാണു് കേരളവൎമ്മ തമ്പുരാൻ തിരുമനസ്സുകൊണ്ടു്. അദ്ദേഹം കവിതയെഴുതിത്തുടങ്ങിയതു കുറെ പ്രായംചെന്നതിനുശേഷമായിരുന്നു. വിധിയുടെ കടുംകൈ അദ്ദേഹത്തെ അകാലനിൎയ്യാണത്തിനു വശംവദമാക്കിയെങ്കിലും സ്വകവിതാചാതുരികൊണ്ടും, വിജ്ഞാനവിസ്തൃതികൊണ്ടും മലയാളസാഹിത്യപോഷകന്മാരുടെയിടയിൽ അദ്ദേഹം സമ്പാദിച്ച അനൎഘമായ സ്ഥാനം സുപ്രതിഷ്ഠിതമായിത്തന്നെയിരിക്കുന്നു. ആ മഹാത്മാവിനാൽ നിൎമ്മിതങ്ങളായ എല്ലാകാവ്യങ്ങളും പ്രസിദ്ധീകരിക്കപ്പെട്ടിട്ടില്ല.

9416

തമ്പുരാനിൽനിന്നു ഭാഷാസാഹിത്യത്തിനു ലഭിച്ചിട്ടുള്ള നേട്ടങ്ങളിൽ ഏററവും പ്രാധാന്യമൎഹിക്കുന്നതു് "രുക്മാംഗദചരിതം" മഹാകാവ്യമാണു്. ഇതിലെ പ്രതിപാദ്യമായ കഥാവസ്തു വളരെ പ്രസിദ്ധിയുള്ളതും രസഭൂയിഷ്ഠവുമാകുന്നു. ആ കഥയെ അടിസ്ഥാനമാക്കി 19 സൎഗ്ഗങ്ങളും എല്ലാത്തിലുംകൂടി പരഃസഹസ്രം ശ്ലോകങ്ങളും അടങ്ങിയിട്ടുള്ള ഒരു മഹാകാവ്യം നിൎമ്മിച്ചതിലാണു് കവിയുടെ കല്പനാശക്തിയും ഭാവനാശക്തിയും പ്രത്യക്ഷമാകുന്നതു്. മഹാകാവ്യലക്ഷണങ്ങൾ മിക്കവാറും ഇതിൽ പൂൎണ്ണമായിട്ടുണ്ടു്. വൎണ്ണനകൾ അനാവശ്യങ്ങളെന്നു തോന്നാത്തക്കവിധത്തിൽ അത്ര ദീൎഘങ്ങളാക്കുകയോ അനുചിതങ്ങളാക്കുകയോ ചെയ്തിട്ടില്ല; എങ്കിലും സംഭോഗശൃംഗാരവൎണ്ണന അതിരുകവിഞ്ഞുപോയിട്ടില്ലേ എന്നൊരു സംശയമുണ്ടു്. നാലാംസൎഗ്ഗത്തിൽ രാജാവിനെ ഉദ്യാനത്തിൽകൊണ്ടുചെന്നു് ഒരു മത്തഭ്രമരമാക്കി

അദ്ദേഹത്തിൻെറ കണ്ണുകൾ രണ്ടും കുത്തിപ്പൊട്ടിച്ചതു് കുറ്റംകയ്യല്ലെന്നു പറവാൻ ആക്കുസാധിക്കും.? ഇപ്രകാരം അപൂർവ്വം ചിലക്കുമാത്രം അനുചിതങ്ങളെന്നു തോന്നുന്ന വർണ്ണനകളും കഥാഭാഗങ്ങളും ഈ മഹാകാവ്യത്തിലുണ്ടു്. എന്നാൽ അവ ഗുണസമൂഹങ്ങളുടെ ഇടയിൽ അപ്രത്യക്ഷങ്ങളായി സ്ഥിതിചെയ്യുകയേ ഉള്ളു.

മററു കൃതികളിലെന്നപോലെതന്നെ രുക്മാംഗദചരിതത്തിലും തമ്പുരാൻെറ വശ്യവാഗ്മിത്വം പ്രത്യക്ഷമാകുന്നുണ്ടു്. സംസ്കൃതപദങ്ങൾ സുലഭമായി ഉപയോഗിച്ചാണു് അദ്ദേഹം കൃതികൾ എഴുതാറുള്ളതെങ്കിലും, അവ മലയാളശബ്ദങ്ങളോടു സവിശേഷം യോജിക്കുന്നവയും, കർണ്ണാനന്ദപ്രദങ്ങളുമായിരിക്കുന്നു. 11–ാം സർഗ്ഗത്തെ ചിത്രസർഗ്ഗമാക്കിയതും,

"മുനിസേവ്യത ഭൃദ്ഭത്വം–ഘനവർണ്ണം ശ്രിയഃപദം
വനമാലയുമോക്കുമ്പോൾ–വനജേക്ഷണനോഗിരി."

എന്നു മന്ദരപർവ്വതത്തെപ്പററി ശങ്കിച്ചതും ന്യായമായോ എന്നു് ഊഹിക്കുവാനിടയുണ്ടെങ്കിലും, അതു് അദ്ദേഹത്തിൻെറ ഭാഷാപാണ്ഡിത്യത്തിനു് ഉത്തമസാക്ഷ്യമാണെന്നുള്ളതു നിസ്സംശയമാണു്. ഈ പാണ്ഡിത്യത്താൽ നിഷ്പ്രയാസമായി ശബ്ദാലങ്കാരങ്ങൾ പ്രയോഗിക്കുന്നതിനും, അദ്ദേഹത്തിനു സിദ്ധിച്ചിരുന്ന ലോകപരിചയവും വിജ്ഞാനവും അത്ഥാലങ്കാരങ്ങൾ പ്രയോഗിക്കുന്നതിനും അദ്ദേഹത്തെ സമത്ഥനാക്കിത്തീത്തു. തിരുമനസ്സിലെ ആശയങ്ങൾ മററുചില മഹാകവികളുടെ ആശയങ്ങൾപോലെ അഗാധങ്ങളല്ല. അവരുടെ പ്രയോഗങ്ങൾ സാധാരണക്കാക്കു മനസ്സിലാക്കുവാൻ പ്രയാസമുള്ളവയാണു്. തമ്പുരാൻെറ കൃതികൾക്കു് ആ വിഷമതയില്ല. അലങ്കാരങ്ങൾ പ്രയോഗിക്കുമ്പോഴും ആശയവൈശദ്യത്തിനു കുറവുവരുന്നില്ല.

KRISHNA VILASOM GRANDHASALA
TINKIL

"ഉത്തുംഗസൌധോപരി ജാലമാൎഗ്ഗ-
മെത്തുന്നൊരച്ചന്ദ്രനിലംഗനൗഘം
മെത്തുംപ്രമോദാൽ മഷിതൊട്ടപാണി
ത്തുത്തുള്ളൊരപ്പാട്ട കളങ്കമായി."
"സൎവ്വജ്ഞനായ് ശ്രുതിമഹിച്ചു കാമ
ഗൎവ്വങ്ങടക്കുന്നൊരു രാജമൌലി
സൎവ്വപ്രകാരത്തിലുമോൎത്തിടുമ്പോൾ
ശൎവ്വൻെറ സാദൃശ്യമിയന്നിരുന്നു."

ഇപ്രകാരം അനേകം ശ്ലോകങ്ങൾ ഉദാഹരണങ്ങളായി ഉദ്ധരിക്കാവുന്നതാണ്.

തിരുമനസ്സിലെ വൎണ്ണനാചാതുൎയ്യം ഈ മഹാകാവ്യത്തിൽ പല ഭാഗങ്ങളിലും കാണ്മാനുണ്ട്. ബ്രഹ്മാവു മോഹിനിയെ സൃഷ്ടിച്ചതിനെപ്പററിയുള്ള വൎണ്ണന നോക്കുക:—

"ചാരുഘനാംഘനമാഭകൾ
ചേരും തിമാംശു മിന്നലെന്നിവയും
പാരുലയും പടിപടുവ-
ക്കാരുവിധാതാവു ഭംഗിയിൽ ചേൎത്തു."
"പവിഴം മുത്തുകൾ ദൎപ്പണ-
മവികലമിവചേൎത്തു വൃത്തിയിൽ ദേവൻ
ദിവിഭുവി ചേൎന്നവയെസ്സൽ-
ഭവികമെഴും മട്ടുകൂട്ടിയൊപ്പിച്ചു."

അതുപോലെതന്നെ രുക്മാംഗദൻെറ ഭരണകാലത്തു ജനങ്ങളെല്ലാം ഏകാദശീവ്രതമനുഷ്ഠിച്ചുപോന്നതുകൊണ്ട് അന്തകപുരിയിലുണ്ടായ വ്യത്യാസവും മനോഹരമായി വൎണ്ണിക്കപ്പെട്ടിരിക്കുന്നു.

ആദ്യകാലത്തു തമ്പുരാനെഴുതിയ"സുംഭനിസുംഭചരിതം"മണിപ്രവാളവും "രുക്മാംഗദചരിതം"ഭാഷാനാടകവുംപോലെ, തിരുമനസ്സിലെ സംസ്കൃതഭാഷാപാണ്ഡിത്യത്തിന് ഉത്തമദൃഷ്ടാന്തങ്ങളായ "രസവിലാ

സം” എന്ന ഭാണവും, ശബരിമല ശാസ്താവിനെ വൎണ്ണി ച്ചുള്ള “കേശാദിപാദശത”കവും ഇതുവരെ പ്രസിദ്ധ പ്പെടുത്തിയിട്ടില്ലെങ്കിലും, ആ കവിവരൻ സംസ്കൃത ഭാഷയോടുണ്ടായിരുന്ന ദൃഢപരിചയത്തെ അദ്ദേഹത്തി ന്റെ മഹാകാവ്യംതന്നെ പ്രത്യക്ഷപ്പെടുത്തുന്നുണ്ട്. രഘു വംശം, കിരാതാൎജ്ജുനീയം, മാഘം, നൈഷധം, ശാകു ന്തളം മുതലായ വിശിഷ്ടസംസ്കൃതഗ്രന്ഥങ്ങൾ അദ്ദേ ഹത്തിന്ന് ഏതിസ്ഥങ്ങളായിരുന്നുവെന്നുള്ളതിന്ന രുക്മാംഗദചരിതത്തിലെപലശ്ലോകങ്ങളുംസാക്ഷികളാ ണ്. ആ സംസ്കൃതഗ്രന്ഥങ്ങളിലെ ആശയങ്ങൾ അദ്ദേ ഹത്തിന്റെ മനസ്സിൽ സൎവ്വദാ നടമാടിക്കൊണ്ടിരുന്ന തിനാൽ അവ തമ്പുരാന്റെ കൃതികളിലും പ്രതിഫലി ച്ചുവെന്നല്ലാതെ അദ്ദേഹം അവയെ അപഹരിച്ചതാ ണെന്നു വിചാരിക്കുവാൻപോലും ന്യായമില്ല. അദ്ദേ ഹം അത്ര വിജ്ഞാനസമ്പന്നനായിരുന്നു. അപ്രകാരം തന്നെ മാഘത്തിലെ പല ആശയങ്ങളും, നൈഷധത്തി ലേയും ശാകുന്തളത്തിലേയും ശ്ലോകങ്ങളോടു സാദൃശ്യം വഹിക്കുന്ന ചില ശ്ലോകങ്ങളും രുക്മാംഗദചരിതത്തിൽ കാണുന്നുണ്ട്. അതിനാൽ തിരുമനസ്സുകൊണ്ട് ആ ഗ്രന്ഥങ്ങളെല്ലാം നല്ലപോലെ വായിച്ചിട്ടുണ്ടായിരുന്നു വെന്നു തെളിയുന്നു. മഹാകവികളുടെ ആശയങ്ങൾക്കു മററുവിധത്തിലും സാദൃശ്യം വരാവുന്നതാണല്ലോ.

തമ്പുരാൻ അദ്ദേഹത്തിന്റെ കൃതികളിൽ അപൂ ൎവ്വമായിമാത്രമേ ദേശ്യപദങ്ങളും ഗ്രാമ്യപദങ്ങളും പ്രയോ ഗിച്ചിട്ടുള്ളു. “കാറോടും കടിപിടിയാൻക്രന്തലാളേ,” “തരുണിമൊഴി ഗഭീരം പിന്നെയുംവച്ചുതാങ്ങി” “വെറും തുളവായൻവിധമിന്നലട്ടൊലാ” എന്നുംമററും ചില ഭാഗ ങ്ങളിൽ ഇല്ലാതേയുമില്ല. ഇപ്പോൾ മലയാളകവികൾ യുക്തമല്ലെന്നു നിഷേധിച്ചിട്ടുള്ള സംസ്കൃതവിഭക്ത്യന്ത പദങ്ങൾ പലപ്പോഴും അദ്ദേഹം പ്രയോഗിച്ചിട്ടുണ്ട്.

"യാമിനീ സമയമെത്തു, മദ്ധ്യ ഞാൻ യാമി, നീ സസുഖ മത്രവാഴ്കേടോ," "കാപിശായുനമദാഭിതപ്തയാം കാപി ശാസനയിലാത്മകാന്തനേ" ഇവ ഉദാഹരണങ്ങളായി ട്ടെടുക്കാം.

തമ്പുരാൻെറ മറെറാരു കൃതിയായ "വിജയോദയം" കാവ്യം, വലുപ്പംകൊണ്ടു രുക്മാംഗദചരിതത്തിൽ നിന്നു വളരെ താണപടിയിലാണു് സ്ഥിതിചെയ്യുന്നതെങ്കിലും, കവിതാഗുണംകൊണ്ടു് അതിനോടു തുല്യം തന്നെയാണു്. മഹാകവി ഭാരവിയുടെ കിരാതാർജ്ജുനീയത്തിലെ കഥാവസ്തുതന്നെയാണു് ഇതിലേയും ഇതിവൃത്തം. എന്നാൽ ഭാരവിയേപ്പോലെ തമ്പുരാൻ അനാവശ്യങ്ങളായ വർണ്ണനകൾ ഇതിൽ ചേർത്തിട്ടില്ല. മഹാകാവ്യത്തിൻെറ ലക്ഷണങ്ങളെല്ലാം വല്ലവിധത്തിലും വരുത്തണമെന്നു കവി വിചാരിച്ചുമില്ല. ഈ കാവ്യത്തിൽ എട്ടു സർഗ്ഗങ്ങളാണുള്ളതു്. മനോഹരങ്ങളായ വർണ്ണനകളും, ഹൃദയഹാരികളായ അലങ്കാരപ്രയോഗങ്ങളും രുക്മാംഗദചരിതത്തിലെന്നപോലെ ഇതിലുമുണ്ടു്. കൈതവകിരാതൻെറ നായാട്ടിനെപ്പററിയുള്ള വർണ്ണന നോക്കുക:—

"ഹേമാദ്രിചാപനപശങ്കമരണ്യജീവി
സ്തോമാഭിഘാതവിഹൃതിക്കു തുനിഞ്ഞനേരം
സാമാന്യമല്ല, യമരാട്ടിനെഴും സദസ്സിൽ
സാമാജികക്കു കലഹം സ്ഥലഹാനിമൂലം.
മുൻപിൽ പതിക്കിലവർ തൻതല തച്ചുടയ്ക്കും
വമ്പിച്ച ചെമ്പുലികൾ പാഞ്ഞു വരുന്നനേരം
തുമ്പിക്കരങ്ങളെ മടക്കിയടിച്ചിടുന്ന
കുംഭിപ്രവീരരവിടെ പ്രണമിച്ചിരുച്ചും."

അർജ്ജുനൻെറ തപോവർണ്ണനയിൽ അദ്ദേഹം ജലപാനം നിറുത്തിയെന്നും, ശ്വാസോച്ഛ്വാസം ചെയ്യാ

തെയിരുന്നുവെന്നും വിവരിച്ചിട്ടുള്ളതു് എത്ര മനോഹരമായ രീതിയിലാണു്!

“നിരാമയം നിത്യവുമുള്ളിൽ വാണിട്ട-
ന്നൊരാക്കനെൽക്കണ്ണെന്ന ദണ്ഡമാകുമോ
ചിരാൽ നിനച്ചിങ്ങനെ വാരിയും പരം
വരാശയൻ ലേശമശിച്ചതില്ല താൻ.
സ്വമാനസാന്തസ്ഥിതനാം സ്മരാരിതൻ
സുമാലയാം പാമ്പുകൾ തിന്നുതീക്കയോ?
ക്ഷമാധവൻ തൻ ശ്വാസിതാനിലോല്ക്കരം
സമാഗമിച്ചില്ല വെളിക്കതെല്ലുമേ.”

വിജയോദയത്തിലെ ഭാഷ, തമ്പുരാൻെറ സംസ്കൃതഭാഷാപാണ്ഡിത്യത്തെ തികച്ചും വെളിപ്പെടുത്തുന്നതാണു്.

തിരുമനസ്സിലെ മററു കൃതികൾ ‘മാൎത്താണ്ഡദേവോദയം,’ ‘കഥാകൌമുദി,’ ‘സൂക്തിമാല,’ ‘വേണീസംഹാരം ഭാഷാനാടകം,’ ‘ശ്രീമൂലരാജവിജയം ഓട്ടൻതുള്ളൽ ഇവയാകുന്നു.

ഇന്ദ്രവജ്രാവൃത്തത്തിൽ എഴുതപ്പെട്ടിട്ടുള്ള ഒരു ഖണ്ഡകാവ്യമാകുന്നു മാൎത്താണ്ഡദേവോദയം. മാൎത്താണ്ഡവൎമ്മമഹാരജാവു ഭൂഭരണഭാരം കൈയേററപ്പോഴുള്ള രാജ്യസ്ഥിതിയേയും, അദ്ദേഹത്തിനു നേരിട്ട കഷ്ടപ്പാടുകളേയും കുറിച്ചാണു് ഇതിൽ വൎണ്ണിക്കപ്പെട്ടിരിക്കുന്നതു്.

കഥാകൌമുദിയിൽ ഒരു പുരാവൃത്തം, ചേലപ്പറമ്പു്, പുരുഷസ്യഭാഗ്യം, സൌഭദ്രനിൎയ്യാണം, ഊൎമ്മിള, ഭീമപ്രഭാവം, വിഭീഷണാഭിഷേകം, സുഭദ്ര ഇപ്രകാരം എട്ടു കവിതാഖണ്ഡങ്ങൾ അടങ്ങിയിരിക്കുന്നു. ഇവയിൽ മിക്കഭാഗങ്ങളിലും തിരുമനസ്സിലെ കവിതയുടെ ഓജസ്സു പ്രത്യക്ഷമാകുന്നുണ്ടു്.

‘സൂക്തിമാല’ യിലും കഥാകൌമുദിയിലെന്നു

പോലെ തന്നെ അനേക കവിതാഖണ്ഡങ്ങളുണ്ട്. അവ മിക്കവാറും തിരുമനസ്സിലെ പ്രകൃതിനിരീക്ഷണപാടവത്തെ പ്രകടിപ്പിച്ചിട്ടുള്ള പ്രകൃതിവർണ്ണനകളായിട്ടാണ് കാണപ്പെടുന്നത്. ശരൽകാലത്തിലെ പുഴ, പ്രഭാതവായു, വർഷകാലത്തെ നദി മുതലായവയാണ് വിഷയങ്ങൾ. വർഷകാലത്തെ നദി അദ്ദേഹത്തിനു ദൃഷ്ടിഗോചരമാകുന്നതു് ഇങ്ങനെയാണ്:—

"കാലകാല ഗളനീലനീരഭൃൽ-
ക്കാലമാന്ത്രിക കുടപ്രയോഗമോ
ലോലനായ് പതവമില്ല മത്തനേ-
പ്പോലണഞ്ഞു നദി ചുററിടുന്നിതാ."

'ശ്രീമൂലരാജവിജയം' ഓട്ടൻതുള്ളലിൽ ശ്രീമൂലം തിരുനാൾ രാമവർമ്മമഹാരാജാവു തിരുമനസ്സിലെ തിരുവവതാരം, പട്ടാഭിഷേകം, പരിഷ്കാരങ്ങൾ മുതലായവ വർണ്ണിക്കപ്പെട്ടിരിക്കുന്നു. കവിയുടെ പാണ്ഡിത്യവും കല്പനാശക്തിയും ഈ കൃതിയിലും സവിശേഷം പ്രത്യക്ഷമാകുന്നുണ്ടു്.

എട്ടും ഒൻപതും ശതവർഷങ്ങൾക്കിടയിൽ ജീവിച്ചിരുന്നുവെന്നു വിശ്വസിക്കപ്പെട്ടുപോരുന്ന ഭട്ടനാരായണൻ എന്ന സംസ്കൃതകവിയുടെ 'വേണീസംഹാരം' നാടകത്തിന്റെ തർജ്ജിമയാണ് തമ്പുരാന്റെ 'വേണീസംഹാരം' നാടകം. വീരരസപ്രധാനങ്ങളായ സംസ്കൃതനാടകങ്ങളിൽ പ്രഥമഗണനീയമായ വേണീസംഹാരം, ഭാരതയുദ്ധമാകുന്ന കഥാവസ്തുവോടുകൂടിയതാണ്. ഭാരതം സഭാപർവ്വത്തിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്ന പാഞ്ചാലികചാകൃഷ്ടി, ഭീമസേനനെക്കൊണ്ടു ചെയ്യിച്ച ഭയങ്കരമായ പ്രതിജ്ഞയെ അദ്ദേഹം എങ്ങനെ നിറവേററിയെന്നാണ് കവി ഈ നാടകത്തിൽ പ്രത്യക്ഷമാക്കിയിരിക്കുന്നതു്. അഴിഞ്ഞുകിടക്കുന്ന വേണിയെ കൂട്ടിപ്പിടിച്ചു കെട്ടുക എന്നർത്ഥമായ വേണീസംഹാരമെന്ന സമസ്ത

പദം ആ പ്രതിജ്ഞയെ വെളിപ്പെടുത്തുന്നു. അതിനാൽ കഥാവസ്തു പ്രഖ്യാതംതന്നെ. നിർവ്വഹണസന്ധിയിൽ അത്ഭുതരസം വേണമെന്നുള്ള പൂർവ്വാചാരമതത്തെ സന്ധിനിബന്ധനം പോലെതന്നെ രാക്ഷസവൃത്താന്തം കൊണ്ടു കവി സരസമായി ഘടിപ്പിച്ചിട്ടുണ്ട്. ഈ കൃതിയുടെ ഇതിവൃത്തത്തെ സംബന്ധിച്ചുണ്ടായിട്ടുള്ള ഭേദഗതികൾക്കു തമ്പുരാൻ ഉത്തരവാദിയല്ലാത്തതിനാൽ തർജ്ജിമയുടെ ഗുണാഗുണങ്ങളെ അടിസ്ഥാനമാക്കി മാത്രമേ അദ്ദേഹത്തിന്റെ കവിത്വം ഗണിക്കേണ്ടതുള്ളു. ഓജഃപ്രധാനമായ കവിത നിർമ്മിക്കുവാൻ സമർത്ഥനായ ഒരു പണ്ഡിതൻെറ ഭാഷാന്തരീകരണശ്രമത്തിനു വളരെ യോജിച്ചതാണ് വേണീസംഹാരം നാടകം. അതു വീരരസപ്രധാനവും, രൌദ്രാദി വിവിധരസപരിപുഷ്ടവുമായതുകൊണ്ടാണ് ഓജോഗുണത്തിന് ആത്മലാഭം സിദ്ധിക്കുന്നതു്. വീരരൌദ്രാദിരസങ്ങളിലാകയാൽ തമ്പുരാൻെറ കവിതാരീതി വേണീസംഹാരവിവർത്തനത്തിന് അനുഗുണമായിരിക്കുന്നു. കൈരളീദേവിയുടെ ഭൂഷണരാശികളിൽ ഈ കൃതിയും ഒരു പ്രധാനസ്ഥാനത്തു തന്നെ സ്ഥിതിചെയ്യുന്നുണ്ട്.

ഇവ കൂടാതെ അദ്ദേഹം അശ്വതിതിരുനാൾ മഹാരാജാവു തരുമനസ്സിലെ 'അംബരീഷചരിതം' ആട്ടക്കഥയ്ക്കു് ഒരവതാരികയും വ്യാഖ്യാനവുമെഴുതി. ആ വിശിഷ്ടഗ്രന്ഥത്തിലെ ഉൽകൃഷ്ടാംശങ്ങളെ പാമരന്മാക്കുപോലും എളുപ്പത്തിൽ മനസ്സിലാക്കത്തക്കവണ്ണം വെളിപ്പെടുത്തിയിട്ടുള്ളതും പ്രത്യേകം പ്രസ്താവയോഗ്യമായിരിക്കുന്നു.

ഇപ്രകാരം തമ്പുരാൻെറ അപാരമായ പാണ്ഡിത്യത്തിനും പ്രതിഭാവിലാസത്തിനും പ്രത്യക്ഷലക്ഷ്യങ്ങളായി അക്ഷയഭാസ്സോടെ പരിലസിച്ചുകൊണ്ടിരിക്കുന്ന ഈ കൃതികൾ എല്ലാക്കാലത്തും കൈരളിക്കു ഭൂഷണങ്ങളായിരിക്കുന്നതാണ്.

# 4. കുഞ്ചൻനമ്പ്യാർ.

ഭാഷാസാഹിത്യനഭോമണ്ഡലത്തിൽ സ്ഫുടമായി പ്രശോഭിക്കുന്ന ഒരു സുന്ദരതാരമാണു് കുഞ്ചൻനമ്പ്യാർ. സുവ്യക്തമായി സംസാരിക്കുവാൻപോലും ശക്തരാകാത്ത ചെറുബാലന്മാർ മുതൽ, ഐഹികചിന്തയിൽനിന്നു മിക്കവാറും വിമുക്തരായ പടുവൃദ്ധന്മാർവരെയുള്ള സകല കേരളീയൎക്കും സുപരിചിതനായ ഒരു മഹാകവിയാണു് ആ അഭിവന്ദ്യദേഹം. അദ്ദേഹത്തിൻെറ നാമശ്രവണമാത്രയിൽത്തന്നെ കേരളീയർ അത്യാഹ്ലാദചിത്തവൃത്തികളായിത്തീരുന്നു. അദ്ദേഹത്തിൻെറ കവിതാപീയൂഷനിർഝരിയുടെ സ്പർശനഭാഗ്യം ലഭിക്കുന്ന ഏതൊരുവനും—അവനെത്ര ശിലാതുല്യഹൃദയനാകട്ടെ, പാരത്രികാന്തരീക്ഷത്തിൽ പ്രതൃപ്തഹൃദയനായ യതിവൎയ്യനാകട്ടെ, തീവ്രമായ നിരാശാനലനാൽ ദഗ്ദ്ധഹൃദയനായ ഒരു ഐഹികസുഖകാംക്ഷിയാകട്ടെ, ആരായാലും ശരി—അതിൽ ആറാടിക്കളിക്കാതെ പിന്തിരിയുകയില്ല. ശ്രവണേന്ദ്രിയസുഖസമ്പാദകങ്ങളും, മാനസോല്ലാസസമുദ്ഭൂതങ്ങളുമായ തുള്ളൽപ്പാട്ടുകളാണു് ആ മഹാകവിയുടെ പ്രധാന കൃതികളായി പരിഗണനം ചെയ്യപ്പെട്ടിരിക്കുന്നതു്. അവതന്നെ ഇപ്പോൾ എണ്ണത്തിൽ അമ്പതിലധികമുണ്ടു്. വേറെയും പല കൃതികൾ ആ വിദഗ്ദ്ധകേസരിയുടെ സരസകോമളവചോവിലാസത്തിൻെറ സ്മാരകസ്തംഭങ്ങളായി ഇന്നും

കേരളക്കരയിൽ നിലകൊള്ളുന്നു. കേരളഭാഷാമധുരിമയെ സ്വമാതൃസ്തന്യത്തോടുകൂടി പാനംചെയ്യുവാൻ ഭാഗ്യംലഭിക്കുന്ന ഒരു കുഞ്ഞുപോലും അവശേഷിക്കുന്ന കാലംവരെ, പണ്ഡിതശിരോമണിയും ഫലിതാഗ്രേസരനുമായ കുഞ്ചൻനമ്പ്യാരുടെ പ്രശസ്തിയും നിലനില്ക്കുന്നതാണ്. അത്ര സുപ്രസിദ്ധനായ ആ കവിവര്യൻെറ ജീവിതചരിത്രം ഊഹമാത്രമായിട്ടിരിക്കുന്നുവെന്നുള്ളതു് കേരളീയരായ നമുക്കേവൎക്കും അനഭിമാനജന്യമത്രേ. പ്രാചീനഭാഷാകവിവീരന്മാരായ എഴുത്തച്ഛൻ, ചെറുശ്ശേരി മുതലായവരേപ്പററി പരിചിന്തനം ചെയ്യുമ്പോഴും ഈ വിഷയത്തിൽ നമുക്കു നിരാശയ്ക്കേ അവകാശമുള്ളു; എങ്കിലും അവരെ അപേക്ഷിച്ചു്, അല്പംകൂടി പ്രസ്ഫുടങ്ങളായ ചരിത്രഭാഗങ്ങളാണ് നമ്പ്യാരെ ആവരണം ചെയ്തിരിക്കുന്നതു്. അദ്ദേഹത്തിൻെറ കവനപരമ്പരതന്നെ ഇക്കാൎയ്യത്തിൽ നമുക്കു മാൎഗ്ഗദൎശകമായിപ്പരിണമിച്ചിട്ടുണ്ടു്. കുഞ്ചൻനമ്പ്യാരുടെ മൂലകുടുംബം, ബ്രിട്ടീഷുമലബാറിൽ, ലക്കടി തീവണ്ടിസ്റ്റേഷനുസമീപത്തായി, കിള്ളിക്കുറിശ്ശിമംഗലത്തുള്ള കലക്കത്തു് എന്ന പാവനഭവനമാകുന്നു. ഇഷ്ടദൈവമായി അദ്ദേഹം ആരാധിച്ചുവന്നതു കിള്ളിക്കുറിശ്ശിക്ഷേത്രത്തിലെ പ്രതിഷ്ഠാമൂൎത്തിയായ ശ്രീപരമേശ്വരനേയാണ്. മിക്കവാറും എല്ലാ തുള്ളൽക്കഥകളുടേയും ആദ്യഭാഗങ്ങളിൽ നമ്പ്യാർ നിഷ്കളങ്കഭക്തിയോടുകൂടി ശിവവന്ദനം ചെയ്തിട്ടുണ്ടു്. അദ്ദേഹത്തിൻെറ ജനനം കൊല്ലവൎഷം 880-ാമാണ്ടിടയ്ക്കാണെന്നും, അച്ഛൻ ഒരു നമ്പ്യാരായിരുന്നുവെന്നുമാണ് പരക്കെ വിശ്വസിക്കപ്പെട്ടുപോരുന്നതു്.

സ്വദേശത്തുവച്ചു ബാല്യവിദ്യാഭ്യാസം കഴിഞ്ഞ ശേഷം നമ്പ്യാർ, കോട്ടയംതാലൂക്കിൽ കിടങ്ങൂർ എന്ന സ്ഥലത്തുചെന്നു താമസിക്കുന്നതിന്നിടയായി. നമ്പ്യാരുടെ അച്ഛന്ന് അവിടെ ഒരു ജോലിയുണ്ടായിരുന്നുവത്രേ. കിടങ്ങൂർ വച്ചും അദ്ദേഹം കുറേനാൾ വിദ്യാഭ്യാസം ചെയ്തതായി കാണുന്നുണ്ട്. അമ്പലപ്പുഴ രാജാവിന്റെ മന്ത്രിയായിരുന്ന മാത്തൂർപ്പണിക്കരുടെ സഹായത്താൽ തൊള്ളായിരാമാണ്ടിടയ്ക്കു നമ്പ്യാർ ആ രാജാവിന്റെ പ്രീതിക്കു പാത്രീഭൂതനായി. അവിടെ വച്ചു നമ്പ്യാർ ദ്രോണമ്പള്ളി ആചാര്യനേയും, കണ്ടങ്കരിക്കാവിലെ ചണ്ഡികാഭക്തനായ നന്തിക്കാട്ട് ഉണ്ണിരവിക്കുറുപ്പിനേയും തന്റെ ഗുരുക്കന്മാരായി വരിച്ചിട്ടുണ്ടെന്നുള്ളതിന്നു തുള്ളൽക്കഥകളിൽ ശരിയായ തെളിവുകളുണ്ട്. രണ്ടു ഗുരുക്കന്മാരേയും, മാത്തൂർ ഭഗവതിയേയും, തകഴിയിലെ ശാസ്താവിനേയും, അമ്പലപ്പുഴ കൃഷ്ണസ്വാമിയേയും മിക്ക തുള്ളൽക്കഥകളുടേയും ആരംഭഘട്ടങ്ങളിൽ ശുഭസംപ്രാപ്തിക്കുവേണ്ടി നമ്പ്യാർ അഭിവന്ദനം ചെയ്തിരിക്കുന്നു. ഉണ്ണിരവിക്കുറുപ്പ് മഹാപണ്ഡിതനും, ദ്രോണമ്പള്ളി ആചാര്യർ കായികാഭ്യാസത്തിൽ അദ്വിതീയനുമായിരുന്നു. അവരിൽ ഉണ്ണിരവിക്കുറുപ്പിൽനിന്നു തർക്കം, വ്യാകരണം, വൈദ്യം, വേദാന്തം, ജ്യോതിഷം മുതലായ സകല ശാസ്ത്രങ്ങളിലും കാവ്യനാടകാലങ്കാരങ്ങളിലുമുള്ള ജ്ഞാനവും, ദ്രോണമ്പള്ളി ആചാര്യനിൽനിന്നു കായികവിദ്യയും നമ്പ്യാർ സമ്പാദിച്ചു. അദ്ദേഹം സ്വതെ വാസനാകവിയായിരുന്നതിയാൽ അവരുടെ ശിഷ്യത്വം സ്വീകരിക്കുന്നതിന്നു മുമ്പുതന്നെ പല കവിതകളും രചിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ വ്യുല്പത്തിക്കു ദാർഢ്യ

വും, ഹൃദയത്തിന്റെ വിശാലതയും, കവനഗതിക്കു പരിഷ്കാരവും പ്രകാശിച്ചുകാണുന്നതു് അമ്പലപ്പുഴ താമസം തുടങ്ങിയതിന്റെശേഷമുണ്ടാക്കിയ കവിതകളിലാകയാൽ അവിടെവച്ചാണു് നമ്പ്യാർ വിദ്യാഭ്യാസം പൂർത്തിയാക്കിയതെന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

എങ്ങിനെയായിരുന്നാലും, നമ്പ്യാരുടെ പ്രശസ്തിസ്തംഭത്തെ ആകല്പകാലം ഉർവ്വിയിൽ ഉറപ്പിക്കുന്നതിന്നു പര്യാപ്തമായ തുള്ളൽ എന്ന പുതിയതരം കവിതയുടെ ഉത്ഭവം അമ്പലപ്പുഴ വച്ചായിരുന്നുവെന്നും, അതിന്റെ അസ്ഥിവാരം, കല്യാണസൗഗന്ധികം ശീതങ്കൻ തുള്ളലാണെന്നുമുള്ളതു വിവാദരഹിതമായ വാസ്തവമാണു്. അതിനു് അടിസ്ഥാനമായി ഒരൈതിഹ്യവും പറയപ്പെട്ടുപോരുന്നുണ്ടു്. അമ്പലപ്പുഴക്ഷേത്രത്തിൽ ചാക്യാർക്കൂത്തിന്നു മിഴാവുകൊട്ടിക്കൊണ്ടിരുന്ന നമ്പ്യാർ, നിദ്രാവശനായി കൊട്ടിന്റെ മാത്ര തെററിച്ചുവെന്നും, പരിഹാസപ്രവീണനായ ചാക്യാർ, സന്ദർഭംവരുത്തി ഉടനേതന്നെ നമ്പ്യാരെ ആക്ഷേപിച്ചുവെന്നും, അതു സഹിക്കുവാൻ നിവൃത്തിയില്ലാതെ നമ്പ്യാർ കൊട്ടുനിറുത്തി അവിടെനിന്നു പൊയ്ക്കളഞ്ഞുവെന്നും, അടുത്തദിവസം കൂത്തുതുടങ്ങിയ സമയത്തു് അമ്പലത്തിന്നു പടിഞ്ഞാറുവശത്തുള്ള കളിത്തട്ടിൽവച്ചു കുഞ്ചൻനമ്പ്യാർ വേഷമണിഞ്ഞു് തുള്ളൽപ്പാട്ടുപാടിത്തുള്ളിയെന്നും, തന്നിമിത്തം ചാക്യാരുടെ കൂത്തുരംഗം ജനതാശൂന്യമായിത്തീർന്നുവെന്നുമാണു് ഐതിഹ്യം.

ഈ ഐതിഹ്യത്തിന്റെ വാസ്തവാവാസ്തവങ്ങൾ എങ്ങിനേയുമിരിക്കട്ടെ. മിഴാവുകൊട്ടുന്ന ജോലി

യുമായി അദ്ദേഹം വളരെക്കാലം ചാക്യാർക്രുത്തിൽ സംബന്ധിച്ചിരുന്നുവെന്നുള്ളതും, അൎത്ഥഗ്രഹണസുലഭങ്ങളല്ലാത്ത സംസ്കൃതപദബഹുലതയാൽ അക്കാലംവരെ സാധാരണന്മാൎക്ക് കൈകാൎയ്യം ചെയ്യുവാൻ സാദ്ധ്യമല്ലാതിരുന്ന ഭാഷാസാഹിത്യത്തെ സരസവും, ഫലിതോപേതവും, ചമൽകാരസുന്ദരവും, സുഗ്രഹവുമായ ഒരു പുതിയ സരണിയിൽക്കൂടി ആനയിച്ചുവെന്നുള്ളതും വിപരീതാഭിപ്രായത്തിന്നു വകയില്ലാത്ത സംഗതികളാണെന്ന് അദ്ദേഹത്തിൻെറ ഏതെങ്കിലും തുള്ളൽക്കഥ വായിക്കുന്ന ഏവനും സശിരഃകമ്പം സമ്മതിക്കതന്നെ ചെയ്യും. ഹാസ്യരസപ്രയോഗത്തിൽ ചാക്യാന്മാരെപ്പോലെ ജന്മസിദ്ധമായ വാസനയുള്ളവരായി ഇന്നു കേരളത്തിൽ ആരും അവശേഷിച്ചിട്ടില്ല. കഥാഗതിയും, ഹാസ്യപാത്രങ്ങളായിത്തീരുന്നവരുടെ സ്ഥിതിഗതികളും എങ്ങിനെയിരുന്നാലും, ആരേയും നമ്രശിരസ്കരാക്കുന്നതിന്നു ശക്തങ്ങളായുള്ള ഫലിതങ്ങൾ പറഞ്ഞു പരിഹസിക്കുവാൻ അവൎക്ക് മുൻക്രൂട്ടി ഒരുങ്ങേണ്ട കാൎയ്യമില്ല. ഹാസ്യരസപ്രദൎശനത്തിന്നുള്ള സന്ദർഭോചിതമായ പദപ്രയോഗപാടവവും അവരെപ്പോലെ മററാൎക്കുമില്ല. ഏതാണ്ട് ഈ രീതിതന്നേയാണ് കുഞ്ചൻനമ്പ്യാരുടെ തുള്ളൽക്കഥകളിലും സൎവ്വത്ര നടമാടിക്കളിക്കുന്നതു്. ഫലിതം പറഞ്ഞു ഫലിപ്പിക്കുന്നതിന്നും, ആരേയും കണക്കിന്നു പരിഹസിക്കുന്നതിന്നും നമ്പ്യാൎക്കുള്ള സാമൎത്ഥ്യവും അന്യാദൃശമാകുന്നു. തുള്ളൽക്കഥകളിൽ ചില ഭാഗങ്ങൾ ഫലിതംകൊണ്ടു നിറച്ചിരിക്കുന്നുവെന്നുവേണം പറയുവാൻ. ഇതാണ് എഴുത്തച്ഛൻ മുതലായവരുടെ കവിതയ്ക്കും, നമ്പ്യാരുടെ കവിതയ്ക്കും തമ്മിലുള്ള പ്രധാന വ്യത്യാസം.

അവരാരും വെറും നേരമ്പോക്കുകൾകൊണ്ടു തങ്ങളുടെ കൃതികൾക്ക് അല്പമെങ്കിലും ഗൗരവഹാനി വരുത്തിയിട്ടില്ല. നമ്പ്യാക്ക്ാകട്ടെ, എല്ലാം നേരമ്പോക്കുതന്നെ. എന്നാൽ എല്ലാം സാരഗർഭമായ കാൎയ്യവുമാണ്. അതാണ് ആ കവിതയ്ക്കുള്ള മറെറാരു പ്രത്യേകത.

നമ്പ്യാരുടെ കവിതയ്ക്കുള്ള മററു പ്രധാന ഗുണങ്ങൾ, അനുഭവരസോദ്ദീപകങ്ങളായ വൎണ്ണനാവൈചിത്ര്യങ്ങൾ, സാമുദായികജീവിതത്തിൽ ദൃശ്യമാകുന്ന ദുഷ്ടവശങ്ങളെക്കുറിച്ചു മനുഷ്യൎക്ക് അവജ്ഞ ജനിക്കത്തക്കവെയും ഫലിതസമ്മിശ്രവുമായ വിവരണവൈശിഷ്ട്യങ്ങൾ, സ്ഥായിയായ രസത്തിനു പോഷകങ്ങളായി ഇടയ്ക്കു ചേൎക്കുന്ന ഉപകഥകളുടെ പ്രതിപാദനലാളിത്യങ്ങൾ, ഇവയെല്ലാം ഉപരിയായി നിസൎഗ്ഗസുന്ദരമായ ചമൽകാരഭംഗിയോടുകൂടി നിരൎഗ്ഗളം നിൎഗ്ഗമനം ചെയ്യുന്ന പദസഞ്ചയപ്രചുരിമ മുതലായവയാകുന്നു. തുള്ളൽക്കഥകളുടെ എല്ലാഭാഗങ്ങളിലും ഇവയ്ക്കു ദൃഷ്ടാന്തങ്ങൾ കാണുന്നുണ്ട്.

പ്രാചീനകവികൾ പുരാണകഥാകഥനം ചെയ്ത രീതിയെ അനുവൎത്തിക്കുവാൻ നമ്പ്യാർ ഇഷ്ടപ്പെട്ടന്നില്ല. സ്വൎഗ്ഗവും നരകവും, നിഷധനഗരവും വൈശ്രവണപുരിയും, നളനും ദമയന്തിയും, പാണ്ഡവന്മാരും കൗരവന്മാരും, നമ്പ്യാൎക്ക് കേരളവും കേരളീയരും തന്നെ.

അക്ഷയപാത്രലബ്ധിമൂലം പാണ്ഡവന്മാർ സദ്യ നടത്തുന്നതു്

"തോരമ്പരിപ്പുചാറും ചീരക്കറിയുമിഞ്ചി-

> ത്തെരും പച്ചടിയതിൽച്ചേരും വേപ്പിലക്കട്ടി
> നാരങ്ങമാങ്ങ.....................................”

തുടങ്ങിയ വിഭവങ്ങളോടുകൂടിയാണു്.

പ്രജകൾ രാക്ഷസരാജാവിൻെറ പ്രീതി സമ്പാദിക്കുന്നതിപ്രകാരമാകുന്നു.

> “അച്ചിങ്ങ പീച്ചിങ്ങ പാവയ്ക്ക കോവയ്ക്ക
> കാച്ചിലെന്നിത്തരം കെട്ടിയെടുപ്പിച്ചു
> കാഴ്ചവച്ചൻപോടു [illegible] വണങ്ങുന്നു.”
>
> (ധ്രുവചരിതം)

SREE KRISHNA GRANDHASALA TRIVANDRUM MALAYINKIL 1-561

ഏതെങ്കിലും കഥയിൽ യുദ്ധവിവരണം ആവശ്യമായിവരുന്ന സന്ദർഭങ്ങളിൽ നായർ യോദ്ധാക്കന്മാരാണു് നമ്പ്യാരുടെ ദൃഷ്ടിയിൽപ്പെട്ടുന്നതു്. അവരുടെ ആയുധങ്ങൾ വാളും പരിചയുംതന്നെ.

നമ്പ്യാർ നടത്തുന്ന സകല സ്വയംവരങ്ങളും സദ്യകളും കേരളീയങ്ങളാകുന്നു. മലയാളികളുടെ ആഭരണങ്ങളാണു് നമ്പ്യാർ ദേവകന്യകകളേയും, ഗന്ധർവ്വവനിതകളേയും എന്നുവേണ്ട, അദ്ദേഹത്തിൻെറ കണ്ണിൽപ്പെടുന്ന എല്ലാ തരുണീമണികളേയും അണിയിച്ചിരുന്നതു്.

എന്നാൽ കേരളീയരുടെയിടയിലുള്ള അനാചാരങ്ങളേയും അന്ധവിശ്വാസങ്ങളേയും, ഫലിതപൂർവ്വങ്ങളായ പരുഷോക്തികളെക്കൊണ്ടു ദൂരീകരിക്കുവാനും

അവരുടെ അനാശാസ്യങ്ങളായ ജീവിതവശങ്ങളെ വെളിച്ചത്തു കൊണ്ടുവരുവാനും നമ്പ്യാരേപ്പോലെ മറെറാരു കവിയും ഉദ്യമിച്ചിട്ടില്ല.

"കള്ളന്മാരിവർ മൂക്കോളം ബത
കള്ളുകുടിച്ചു കുടിച്ചു മയങ്ങി
തൊള്ളതുറന്നു മലൎന്നു കിടന്നുട-
നുള്ളൊരു കാലമുറങ്ങുവതിന്നോ
നിങ്ങളെയിവിടെ കാവലിനാക്കി?"

(രുഗ്മിണീസ്വയംവരം)

"പാലുകുടിച്ചു തടിച്ച ജനത്തിനു
നാലുപദം വയ്ക്കുമ്പോഴും വിയക്കും."
"നെല്ലുകൊട്ടുത്തു കരുപ്പംതിന്നൊരു
കല്ലു കണക്കെക്കൊത്തിയിരിക്കും."

(ഘോഷയാത്ര)

"ജ്യേഷ്ഠത്തിയുമനുജത്തിയും തങ്ങളിൽ
ചട്ടികലങ്ങളും കൂടെപ്പകുത്തുപോൽ
രണ്ടുകളത്രത്തെയുണ്ടാക്കിവയ്ക്കുന്ന
ചണ്ടികൾക്കേതും സുഖമില്ലൊരിക്കലും."

(ധ്രുവചരിതം)

സന്മാൎഗ്ഗികങ്ങളല്ലാത്ത എല്ലാ പ്രവൃത്തികളും കുഞ്ചൻനമ്പ്യാൎക്കു തീരെ വെറുപ്പാണ്. കള്ളിനും കറുപ്പിനും വേണ്ടി ആയുധം പണയംവയ്ക്കുന്ന യോദ്ധാക്കൾ, പാതിവ്രത്യത്തിൽനിന്നും വിഭ്രഷ്ടകളായ സ്ത്രീജനങ്ങൾ, സ്വകൃത്യ നിൎവ്വഹണത്തിൽ അലസത പ്രദർശി

പ്പിക്കുന്ന ഭൃത്യന്മാർ എന്നുവേണ്ട, സത്യത്തിനും നീതിക്കും ധമ്മത്തിനും അണുമാത്രം വിലോപം വരുത്തിയിട്ടുള്ളവരാരുംതന്നെ നമ്പ്യാരുടെ ശകാരംകേട്ടു ലജ്ജിതരാകാതിരുന്നിട്ടില്ല.

നമ്പ്യാരുടെ സകലജനാനന്ദസന്ദായകമായ ഭാഷാരീതിയെക്കുറിച്ചും, കഥകളിൽ ആദ്യവസാനം ലിപ്തമായിക്കാണുന്ന രസവൈചിത്ര്യത്തെക്കുറിച്ചും എത്രമാത്രം പറഞ്ഞാലും ഒട്ടും അധികമായിപ്പോകുന്നതല്ല.

ആ കവിസാർവ്വഭൌമൻ ജീവിതകാലത്തിൽ ഭൂരിഭാഗവും നയിച്ചിട്ടുള്ളതു ചെമ്പകശ്ശേരി രാജാവിൻേറയും, തിരുവിതാംകൂർ മഹാരാജാക്കന്മാരുടേയും ആശ്രയത്തിൽ താമസിച്ചാണെന്നാണ് അറിയപ്പെടുന്നതു്. കൊല്ലവർഷം 923-ൽ ചെമ്പകശ്ശേരിരാജ്യം തിരുവിതാംകൂറിനോടു ചേക്കപ്പെട്ടപ്പോൾ നമ്പ്യാർ തിരുവനന്തപുരത്തെത്തി, ആശ്രിതകല്പതരുവായിരുന്ന മാത്താണ്ഡവമ്മമഹാരാജാവു തിരുമനസ്സിലേയും, പിൽക്കാലത്തു്, വിദ്വൽകേസരിയായിരുന്ന കാത്തികതിരുനാൾ രാമവമ്മ മഹാരാജാവു തിരുമനസ്സിലേയും വാത്സല്യത്തിനു പാത്രീഭൂതനായി കാലയാപനംചെയ്തു. അക്കാലത്താണ് സ്വകവിതകളിൽ അധികവും നമ്പ്യാർ രചിച്ചിട്ടുള്ളതു്. 940-ാമാണ്ടോടുകൂടി അദ്ദേഹം വീണ്ടും അമ്പലപ്പുഴ വരികയും, ചുരുങ്ങിയകാലത്തെ താമസത്തിനു ശേഷം സരസകവികുലകിരീടമണിയായ ആ മഹാത്മാവു് ഒരു പേപ്പട്ടിയുടെ ദംശനമേററു് ഇഹലോകവാസം വെടിയുകയും ചെയ്തുവെന്നാണ് അറിയപ്പെടുന്നതു്.

ലളിതകോമളങ്ങളും ഉദ്ദിഷ്ടാൎത്ഥദ്യോതകങ്ങളു മായ മലയാള പദസമൂഹങ്ങളെ ഇത്രമാത്രം സ്വാതന്ത്ര്യ മായി കൈകാൎയ്യം ചെയ്തിട്ടുള്ള മററു കവികൾ ഇല്ലെന്നു വേണം പറയുവാൻ. രസവിസ്മരമായ ചമൽകാര ഭംഗിയോടുകൂടി മററു പരിഷ്കൃതഭാഷായോഷകളെ പ്പോലെ കൈരളീകന്യകയ്ക്കും ജനതാമദ്ധ്യത്തിൽ രംഗ പ്രവേശം ചെയ്യുന്നതിനുള്ള ധൈൎയ്യമുണ്ടാക്കിക്കൊടു ത്തതു് ആ മഹാനാണു്. അദ്ദേഹത്തിൻെറ സ്വതന്ത്ര ചിന്താസന്താനപരമ്പരകളാണു് ഇന്നും കേരളഭാഷാമാ താവിനെ പോററിവളൎത്തുന്നതെന്നു പറയാം. അവ യിൽ പത്തുവൃത്തവും, പതിന്നാലുവൃത്തവും, ശീലാവതി യും, നളചരിതം, ചാണക്യസൂത്രം, പഞ്ചതന്ത്രം മുതലായ കിളിപ്പാട്ടുകളും അദ്ദേഹത്തിൻെറ ബാല്യകാലത്തെ കൃ തികളാണു്. തുള്ളൽക്കഥകളും, ശ്രീകൃഷ്ണചരിതം മണി പ്രവാളവും, വേറെ ഏതാനും ചെറുകൃതികളും നമ്പ്യാരു ടെ യുവദശയിൽ വിരചിതങ്ങളായിട്ടുള്ളവയത്രേ. കാ ൎത്തികതിരുനാൾ മഹാരാജാവു തിരുമനസ്സിലെ അഭീഷ്ട പ്രകാരം സ്യമന്തകം, ബാണയുദ്ധം, ശംബരവധം മുത ലായി മൂന്നുനാലു് ആട്ടക്കഥകളും കുഞ്ചൻനമ്പ്യാർ നി ൎമ്മിച്ചിട്ടുണ്ടു്.

# 5. കേരളകാളിദാസൻ.

മലയാളഭാഷയ്ക്കു സാർവ്വത്രികവും സർവ്വതോമുഖവുമായ പുരോഗമനം ആദ്യമായുണ്ടായതു കൊല്ലവർഷം പതിനൊന്നാം നൂററാണ്ടിലാണ്. സാഹിത്യകാരന്മാരെ മുക്തഹസ്തം പ്രോത്സാഹിപ്പിച്ചിരുന്ന അനേകം പ്രഭുക്കന്മാർ ഈ കാലഘട്ടത്തിൽ കേരളഭൂഖണ്ഡത്തെ അലങ്കരിച്ചിട്ടുണ്ട്. അവരിൽ പലരും സാഹിത്യരസികതചത്തിനു പുറമെ കവിതചത്താലും അനുഗൃഹീതന്മാരുമായിരുന്നു. കവിതചത്തിൻേറയും പ്രഭുതചത്തിൻേറയും ഈ സമഞ്ജസമായ സമ്മേളനം, ചിലരെ സംബന്ധിച്ചിടത്തോളം, അത്യന്തം ആരാസ്യമായ ഒരു ഫലത്തെ പ്രദാനംചെയ്തു. ഇക്കൂട്ടത്തിൽ സർവ്വഥാ സംസ്മരണീയനായ ഒരു പൂജ്യപാദനാണ്, "കേരളകാളിദാസൻ" എന്ന പേരിൽ സുപ്രസിദ്ധനായ കേരളവമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ട്.

ടിപ്പുവിൻെറ പടയോട്ടക്കാലത്ത് ഉത്തരകേരളത്തിൽനിന്നും ഓടിവന്നു തിരുവിതാംകൂറിനെ അഭയംപ്രാപിച്ച പരപ്പനാട്ടു രാജകുടുംബത്തിലെ ഒരംഗമായി, 1020_ാമാണ്ടു കുംഭമാസം 10_ാംതീയതി പൂയംനക്ഷത്രത്തിൽ അദ്ദേഹം ചങ്ങനാശ്ശേരി ലക്ഷ്മീപുരത്തുകൊട്ടാരത്തിൽ ജനിച്ചു. സംസ്കൃതത്തി

ല്യം മലയാളത്തിലും നല്ല നൈപുണ്യവും ഇതിഹാസപുരാണാദികളിൽ പരിപക്വമായ പരിചയവും, സിദ്ധിച്ചിരുന്ന പൂരംതിരുനാാം ദേവി അംബത്തമ്പുരാട്ടിയായിരുന്നു അദ്ദേഹത്തിൻെറ മാതാവു്. പിതാവായ തളിപ്പറമ്പത്തു മല്ലപ്പള്ളിനമ്പൂരിയാകട്ടേ, വിഷവൈദ്യം, ജ്യോതിഷം, വ്യാകരണം, ധമ്മശാസ്ത്രം മുതലായവയിൽ അഗാധമായ പാണ്ഡിത്യം സമ്പാദിച്ച ഒരാളുമായിരുന്നു. ഇത്രമേൽ പ്രശസ്തഗുണശാലികളായ മാതാപിതാക്കന്മാരുടെ രക്ഷയിൽ വളൎന്നവന്ന കോയിത്തമ്പുരാൻ കാലാന്തരത്തിൽ അത്ര സുപ്രസിദ്ധനായിത്തീൎന്നതിൽ എന്താണത്ഭുതം?

വംശപാരമ്പര്യമനുസരിച്ചു് അഞ്ചാമത്തെ വയസ്സിൽത്തന്നെ ചരിത്രനായകൻെറ വിദ്യാഭ്യാസമാരംഭിക്കപ്പെട്ടു. തിരുവാർപ്പിൽ രാമവാരിയരായിരുന്നു പ്രഥമ ഗുരുനാഥൻ. അദ്ദേഹത്തിൻെറ അടുക്കൽ ചില കാവ്യങ്ങളെല്ലാം പഠിച്ചതിനുശേഷം 1030_ാമാണ്ടിൽ കേരളവമ്മ തിരുവനന്തപുരത്തേയ്ക്കു പോയി. അവിടെ താമസിച്ചിരുന്ന മാതുലൻെറ അടുക്കലാണു് പിന്നീടു വിദ്യാഭ്യാസം ചെയ്തതു്. നാടകം, അലങ്കാരം മുതലായ വിഷയങ്ങൾ പഠിച്ചതു് അക്കാലത്തായിരുന്നു. ചുരുക്കിപ്പറഞ്ഞാൽ 1034_ൽ അമ്മാവൻ തീപ്പെട്ടുന്ന അവസരത്തിൽ മരുമകനു് 14 വയസ്സു മാത്രമേ പ്രായമുണ്ടായിരുന്നുള്ളു എന്നുവരികിലും, 'മഹാപണ്ഡിതൻ' എന്നുള്ള

പ്രസിദ്ധി അദ്ദേഹം അന്നുതന്നെ സമ്പാദിച്ചുകഴി ഞ്ഞിരുന്നു.

റാണി ലക്ഷ്മീഭായി ആററിങ്ങൽ മൂത്തതമ്പു രാൻ തിരുമനസ്സിലേയ്ക്കു പള്ളിക്കെട്ടിനുള്ള മുഹൂത്തം നിശ്ചയിച്ച സമയമായിരുന്നു അതു്. ഭാഗിനേയീ വത്സലനായ ഉത്രംതിരുനാൾ മാത്താണ്ഡവമ്മമഹാ രാജാവു് നമ്മുടെ ചരിത്രനായകനേയാണു് വരനാ യി തിരഞ്ഞെടുത്തതു്. ഇങ്ങനെ 14-ാമത്തെ വയസ്സിൽ കേരളവമ്മ വിവാഹിതനായി. അന്നുമു തൽ അദ്ദേഹം "വലിയകോയിത്തമ്പുരാ"നായി ത്തീൎന്നു.

വിവാഹം കഴിഞ്ഞതുകൊണ്ടു വലിയകോയി ത്തമ്പുരാൻ വിദ്യാഭ്യാസത്തിൽ വിമുഖനായില്ല. വ്യാകരണം, തക്കം, വേദാന്തം തുടങ്ങിയ ശാസ്ത്രങ്ങ ളിലും ഇംഗ്ലീഷുഭാഷയിലും അദ്ദേഹം അഗാധമായ ജ്ഞാനം സമ്പാദിച്ചതു വിവാഹത്തിനു ശേഷമായി രുന്നു. മഹാരാഷ്ട്രം, ഹിന്ദി, തമിഴു് മുതലായി മററു ചില ഭാഷകളും അദ്ദേഹം പഠിക്കുകയുണ്ടായി. സം ഗീതത്തിലും നല്ല വാസനയുണ്ടായിരുന്നു. അദ്ദേഹം നല്ലപോലെ വീണ വായിച്ചിരുന്നു എന്നാണു് പറ യപ്പെടുന്നതു്.

കോയിത്തമ്പുരാനു് ആദ്യകാലങ്ങളിൽ അ ത്യന്തം പ്രിയകരമായ ഒരു വിനോദം ആയുധാഭ്യാസ

മായിരുന്നു. ഈ വിദ്യ അഭ്യസിക്കുന്നതിൽ അദ്ദേഹത്തിന്ന് ഒരു ഗുരുവിന്റെ അപേക്ഷ ഏറെയുണ്ടായിട്ടില്ല. സ്വാഭാവികമായ വാസനാബലം പരിപൂൎണ്ണമായിരുന്നുതാനും. കുതിരസ്സവാരി ആയിരുന്നു മറെറാരുവിനോദം. ആയുധവിദ്യയും, കുതിരസ്സവാരിയും കൂടിച്ചേൎന്നപ്പോൾ, ഒടുവിൽ അതു മൃഗയാവിനോദത്തിന്നു മാൎഗ്ഗദൎശകമായിത്തീൎന്നു. നായാട്ട് അദ്ദേഹത്തിന്ന് എത്രമാത്രം രസകരമായ ഒരു വിനോദമായിരുന്നുവെന്നുള്ളതു് അദ്ദേഹത്തിന്റെ ഒരു പദ്യത്തിൽനിന്നു തെളിയുന്നുണ്ടു്:—

"കുന്നിന്നങ്ങേപ്പുറമടവിയാണായതിൽപ്പോയ്തന്ത്രം
കുന്നിച്ചീടും കുതുകമൊടു ഞാൻ കൂട്ടി നായാട്ടുകാരെ
പന്നിക്കൂട്ടം പുലിയിതുകളെ വേട്ടയാടീട്ടയത്നം
കൊന്നിട്ടുണ്ടന്നതിലൊരുരസം സ്വല്പമല്ലിപ്പൊഴും മേ."

അന്നു തിരുവനന്തപുരത്തു താമസിച്ചിരുന്ന കിളിമാനൂർ കോയിത്തമ്പുരാക്കന്മാരിൽനിന്നു പല ശസ്ത്രവിദ്യാരഹസ്യങ്ങളും വലിയകോയിത്തമ്പുരാൻ മനസ്സിലാക്കുവാൻ സാധിച്ചു. ഉണ്ടയിട്ടു് ഒരുത്തന്റെ നെഞ്ചിൽ വെടിവച്ചാൽ ആ ഉണ്ട അവന്റെ നെഞ്ചിൽ തട്ടി താഴെ വീഴുക, തോക്കിന്റെ വാ കെട്ടുക, മൃഗങ്ങളെ വരുത്തി വെടിവയ്ക്കുക മുതലായ പല അത്ഭുതപ്രയോഗങ്ങളും ഈ തമ്പുരാക്കന്മാരിൽനിന്നു കൈവശപ്പെടുത്തുകയും, പ്രയോഗിച്ചു പരീക്ഷിക്കുകയും ചെയ്തിട്ടുണ്ടെന്നു്, "എന്റെ

മൃഗയാസ്മരണകൾ" എന്ന പേരിൽ ഭാഷാപോഷിണിയിൽ എഴുതിയിട്ടുള്ള ഒരു ഉപന്യാസത്തിൽ വലിയകോയിത്തമ്പുരാൻ തന്നെ പ്രസ്താവിച്ചുകാണുന്നു. ലക്ഷ്യം പിഴയ്ക്കാതെ വെടിവയ്ക്കുന്നതിൽ അദ്ദേഹത്തിനു പ്രത്യേക പാടവമുണ്ടായിരുന്നു. ഈ വിഷയത്തിൽ യൂറോപ്യന്മാർപോലും അദ്ദേഹത്തെ വളരെ പ്രശംസിക്കയുണ്ടായിട്ടുണ്ട്.

കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സിലേയ്ക്കു മററു വിഷയങ്ങളിലുണ്ടായിരുന്ന പാണ്ഡിത്യം എത്രമാത്രം മഹത്തരമായിരുന്നാലും, അദ്ദേഹത്തിന്റെ പരിപാവനമായ നാമധേയം ഇന്നു കേരളീയർ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നതു്, "സാഹിത്യസാമ്രാജ്യസാർവ്വഭൌമൻ" എന്ന നിലയിലാകയാൽ ആ സകലകലാവല്ലഭന്റെ സാഹിത്യസംബന്ധമായ സദ്വ്യവസായത്തെ ഒരു "സിംഹാവലോകനം"കൊണ്ടെങ്കിലും പരിശോധിക്കേണ്ടതു് ഇവിടെ അപരിഹരണീയമായിത്തീർന്നിരിക്കുന്നു. അദ്ദേഹത്തിന്റെ സാഹിത്യപരിശ്രമം യൌവനാരംഭത്തിനു മുൻപുതന്നെ തുടങ്ങിക്കഴിഞ്ഞിരുന്നു. അക്കാലത്തെ കൃതികളായ അനേകം സംസ്കൃതപദ്യങ്ങൾ ഇന്നിയും അച്ചടിക്കാതെ കിടപ്പുണ്ടെന്നാണു് പറയപ്പെടുന്നതു്. ആയില്യംതിരുനാൾ രാമവർമ്മമഹാരാജാവു തിരുമനസ്സിലെ ഭരണകാലത്തു ഭാഷാപോഷണപരങ്ങളായ പല ശ്രമങ്ങളും നടന്ന കൂട്ടത്തിൽ, രാജ്യത്തിന്റെ നാനാഭാഗങ്ങളിലും മലയാളംപള്ളി

ക്കുടങ്ങൾ ഏല്പെടുത്തുകയും, നല്ല പാഠപുസ്തകങ്ങളെ തിരഞ്ഞെടുക്കുന്നതിനും എഴുതിയുണ്ടാക്കുന്നതിനുമായി ഒരു ബുക്കുകമ്മിററി സ്ഥാപിക്കുകയുമുണ്ടായി. ആ കമ്മിററിയിൽ ആദ്യം ഒരു സാമാജികൻേറയും ഒടുവിൽ ഒരു അദ്ധ്യക്ഷൻേറയും നിലയിൽ ഇരുന്നുകൊണ്ടു് വലിയകോയിത്തമ്പുരാൻ ചെയ്തിട്ടുള്ള ജോലി ഭാഷാപോഷണത്തിനു് അത്യന്തം ഉപകരിച്ചിട്ടുണ്ടു്. അക്കാലംവരെ മലയാളഭാഷാഗദ്യം വ്യവസ്ഥാപിതമോ സുബദ്ധമോ ആയ ഒരു രീതിയിലെത്തിയിരുന്നില്ല. "ഝില്ലീഝങ്കാരനാദമണ്ഡിതമായ" എന്ന രീതിയിൽ സംസ്കൃതപദപ്രചുരമായിട്ടാണെങ്കിലും, അന്നു് അദ്ദേഹം എഴുതിത്തുടങ്ങിയ ആ ഗദ്യമാണു് ആധുനികഗദ്യസാഹിത്യത്തിനു മാർഗ്ഗദർശിയായിത്തീൎന്നതെന്നു നിസ്സംശയം പറയാം. തിരുവിതാംകൂർ ഗവൎമ്മേണ്ടുവക പാഠ്യപുസ്തകങ്ങൾ, സന്മാൎഗ്ഗപ്രദീപം, മഹച്ചരിതസംഗ്രഹം, വിജ്ഞാനമഞ്ജരി, സന്മാൎഗ്ഗസംഗ്രഹം മുതലായവയെത്തുടൎന്നു് "അക്ബർ" രംഗപ്രവേശംചെയ്തു. ഭൂമിശാസ്ത്രം, ചരിത്രം, ക്ഷേത്രവ്യവഹാരം മുതലായ ശാസ്ത്രീയവിഷയങ്ങളെ സംബന്ധിച്ചും ബുക്കുകമ്മിററി ചില പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ടു്. എന്തുകൊണ്ടുനോക്കിയാലും ആധുനികഭാഷാഗദ്യത്തിൻേറ പിതൃസ്ഥാനം വലിയകോയിത്തമ്പുരാനു നല്കുന്നതു് ഒരിക്കലും അനുചിതമോ അസംഗതമോ ആയി വരികയില്ല.

കാളിദാസൻേറ സംസ്കൃതകൃതിയായ ശാകുന്തളത്തിൻേറ പരിഭാഷയാണു് വലിയകോയിത്തമ്പുരാനെ "കേരളകാളിദാസ"നാക്കിത്തീൎത്തതു്.

ഗദ്യത്തെപ്പററി പറഞ്ഞുവരുന്ന ദോഷം—സംസ്കൃത പദപ്രാചുര്യം-അദ്ദേഹത്തിൻെറ പദ്യകൃതികളേയും സാമാന്യേന ബാധിച്ചിട്ടുണ്ടു്. ശാകുന്തളത്തിലെ സംസ്കൃതപദപ്രാചുര്യംനിമിത്തം അതു മലയാളികൾക്ക വിരളോപയോഗമായിത്തീൎന്നുവെന്നുള്ള കാരണം പറഞ്ഞു വേറെ ചിലർ ആ നാടകത്തെ നല്ല മലയാളത്തിൽ തൎജ്ജിമചെയ്യുകയുമുണ്ടായി. എന്നാൽ കേരളകാളിദാസൻെറ തൎജ്ജിമയ്ക്കുള്ള ഗാംഭീൎയ്യവും സ്വാരസ്യവും മററു തൎജ്ജിമകളിൽ സാർവത്രികമായി കാണുന്നില്ലെന്നാണു് പണ്ഡിതമതം. അമരുകശതകം, അന്യാപദേശശതകം തുടങ്ങിയ വേറേയും ചില തൎജ്ജിമകൾ അദ്ദേഹത്തിൻെറവകയായിട്ടുണ്ടു്.

ആയില്യംതിരുനാൾ മഹാരാജാവു തിരുമനസ്സിലേയ്ക്കു് ഒരിക്കൽ എന്തോ തിരുവുള്ളക്കേടു തോന്നുകയാൽ 1050-ൽ വലിയകോയിത്തമ്പുരാനെ ആലപ്പുഴ കൊട്ടാരത്തിൽ താമസിപ്പിക്കുവാൻ ഏൎപ്പാടുചെയ്തതും, ഒരുകൊല്ലത്തിനുശേഷം ആ താമസം ഹരിപ്പാട്ടു് അനന്തപുരത്തുകൊട്ടാരത്തിലേയ്ക്കു മാററിയതും, പിന്നീടു് 1055-ൽ വിശാഖംതിരുനാൾ, സിംഹാസനാരോഹണം ചെയ്യുന്നതുവരെ ഈ സ്വാച്ഛന്ദ്യവിഘാതം നീണ്ടുനിന്നതും മററും പ്രസിദ്ധമാണല്ലോ. ഇങ്ങനെ റാണി ലക്ഷ്മീഭായിയുമായി വേർപെട്ടു് ഹരിപ്പാട്ടു താമസിക്കുന്ന കാലത്തുണ്ടാക്കിയ കൃതിയാണു് "മയൂരസന്ദേശം." മലയാളത്തിലെ സന്ദേശകാവ്യങ്ങളിൽ ഗുണപൗഷ്കല്യംകൊണ്ടു നോക്കിയാൽ ഇന്നും മുന്നിട്ടുനിൽക്കുന്നതു 'മയൂരസന്ദേശം' തന്നെയാണു്.

"പാലിക്കാനായ് ഭുവനമഖിലം ഭൂതലേ ജാതനായ-
ക്കാലിക്കൂട്ടം കലിതകുതുകം കാത്ത കണ്ണനു ഭക്ത്യാ
പീലിക്കോലൊന്നടിമലരിൽ നീ കാഴ്ചയായ് വച്ചിടേണം
മൗലിക്കെട്ടിൽത്തിരുകമതിനെത്തിച്ചയായ് ഭക്തദാസൻ."

ഇപ്രകാരം അക്ലിഷ്ടസുഗമങ്ങളായ അനേകം മനോഹരപദ്യങ്ങൾ മയൂരസന്ദേശത്തെ, വിശേഷിച്ചും ചേതസ്സമാകർഷകമാക്കിത്തീർത്തിട്ടുണ്ട്. മഹാകവി ഉള്ളൂർ എസ്സ്. പരമേശ്വരയ്യരവർകൾ ഈ സന്ദേശ കാവ്യം പദ്യരൂപത്തിൽ ഇംഗ്ലീഷിലേയ്ക്കു തർജ്ജിമചെയ്തി ട്ടുണ്ടെന്നും, ആ തർജ്ജിമ വായിച്ച പല യൂറോപ്യന്മാരും ബംഗാളികളും മൂലഗ്രന്ഥകർത്താവിനെ വളരെ പ്രശംസി ച്ചിട്ടുണ്ടെന്നും ഉള്ള സംഗതിയുംകൂടി ഈ അവസര ത്തിൽ സ്മരണീയമാണ്.

ദ്വിതീയാക്ഷരപ്രാസം പ്രയോഗിക്കുന്ന വിഷയ ത്തിൽ വലിയകോയിത്തമ്പുരാനു വലിയ നിർബന്ധമുണ്ടാ യിരുന്നു. സ്വരവ്യഞ്ജനങ്ങൾക്കു ഐകരൂപ്യം വന്നാൽ മാത്രമേ പ്രാസംപൂർത്തിയാവുകയുള്ളു എന്നായിരുന്നു അദ്ദേഹത്തിൻെറ മതം. പുതിയ ഒരു പ്രസ്ഥാനമായി രുന്നതിനാൽ കാലക്രമത്തിൽ ഇതിനു "കേരളവർമ്മപ്രാ സം" എന്നൊരു പുതിയ പേരു സ്ഥിരപ്പെട്ടു. പ്രാസ പക്ഷപാതികളും, തദ്വിരോധികളും തമ്മിൽ ഒരുകാല ത്തു വലിയ പോരാട്ടം നടക്കുകയുണ്ടായിട്ടുണ്ട്. രംഗപ്ര വേശം ചെയ്തിരുന്നില്ലെങ്കിലും, അമ്മാവനേയും മരുമക നേയുമാണ് രണ്ടു കക്ഷികളിലേയും നേതാക്കന്മാരായി അന്ന് ആളുകൾ ഗണിച്ചിരുന്നതു്. ഒടുവിൽ വാദപ്രതി

വാദം മുഴുത്തു വ്യക്തിപരമായ ആക്ഷേപം തുടങ്ങിയപ്പോൾ ഇരുകക്ഷികളുടേയും അപേക്ഷപ്രകാരം "ചക്രവൎത്തി" തീരുമാനം കല്പിച്ചതു് ഇങ്ങനെയായിരുന്നു:—

"വാസന്തീമധുവാൎന്ന വാക്കിനു സജാ-
തീയദ്വിതീയാക്ഷര-
പ്രാസം ചേൎപ്പതു കൈരളീമഹിളതൻ-
മംഗല്യമാണോൎക്കണം."

ചരിത്രനായകന്റെ ഭാഗിനേയനായ രാജരാജവൎമ്മകോയിത്തമ്പുരാനായിരുന്നല്ലോ പ്രാസവിരോധകക്ഷിയുടെ നായകൻ. ഒടുവിൽ അദ്ദേഹം അമ്മാവനോടു പ്രാസനിൎബന്ധമില്ലാത്ത ഒരു കവിത എഴുതണമെന്നു നിൎബന്ധപൂൎവ്വം അപേക്ഷിച്ചു. ഇങ്ങനെ "പ്രാസപ്രയോഗനിയമമൊഴിച്ചു നവ്യകാവ്യം ചമയ്ക്കുവതിനു ശിഷ്യാഗ്രഗണ്യനായ പ്രിയഭാഗിനേയൻ" ആവശ്യപ്പെട്ടതനുസരിച്ചു വലിയകോയിത്തമ്പുരാൻ ഉണ്ടാക്കിയ ഒരു ഖണ്ഡകൃതിയാണു് "ദൈവയോഗം." ഹനുമദുത്ഭവം, മത്സ്യവല്ലഭവിജയം, പ്രലംബവധം, ധ്രുവചരിതം, പരശുരാമവിജയം എന്നിങ്ങനെ അഞ്ചു് ആട്ടക്കഥകൾ വലിയകോയിത്തമ്പുരാൻ ഉണ്ടാക്കിയിട്ടുണ്ടു്. ശ്രീപത്മനാഭപദപത്മശതകം, ശോണാദ്രീശസ്തോത്രം മുതലായി വേറെയും പല ഖണ്ഡകൃതികൾ അദ്ദേഹത്തിന്റെ വകയായിട്ടുണ്ടു്. സ്വന്തം കൃതികളെപ്പററി മാത്രമേ ഇതുവരെ പ്രസ്താവിച്ചിട്ടുള്ളു. അദ്ദേഹത്തിന്റെ പ്രോത്സാഹനംനിമിത്തം എത്രപേരാണു് അന്നു സാഹിത്യലോകത്തിൽ "അരയും തലയും മുറുക്കി" അരങ്ങത്തു പ്രവേശിച്ചിട്ടുള്ളതെന്നുള്ളതിനു കൈയും കണക്കുമില്ല. അക്കാലത്തു പുറപ്പെട്ടിരുന്ന പുസ്തകങ്ങളിൽ അധികവും, കോയിത്തമ്പുരാന്റെ സാക്ഷിപത്രത്തോടുകൂടിയവയായിരുന്നു.

"ഗ്രന്ഥപരിശോധകൻെറ നിലയിൽവച്ചുനോക്കുക യാണെങ്കിൽ, അടുത്ത 5 വഷങ്ങൾക്കിടയിൽ ഉണ്ടായിട്ടുള്ള മലയാളപുസ്തകങ്ങളിൽ 75 ശതമാനവും അവിടുത്തെ പരിശോധനയോടോ അഭിപ്രായത്തോടുകൂടിയെങ്കിലുമോ അല്ലാതെ പ്രസിദ്ധീകരിക്കപ്പെട്ടിട്ടില്ല" എന്നാണ് 1081-ാമാണ്ടിൽ മഹാകവി ഉള്ളൂർ അവർകൾ ഒരിടത്തു പ്രസ്താവിച്ചിട്ടുള്ളതു്.

ഇങ്ങനെ നോക്കിയാൽ, കേരളകാളിദാസനിൽ നിന്നു കേരളഭാഷയ്ക്കുണ്ടായിട്ടുള്ള അഭിവൃദ്ധി പറഞ്ഞവസാനിപ്പിക്കത്തക്കതല്ല. "മലയാളസാഹിത്യചരിത്രസംഗ്രഹ"കത്താവായ പ്രൊഫസർ പി. ശങ്കരൻനമ്പ്യാരവർകൾ എം. ഏ. "ആധുനികമലയാളകാല"ത്തെപ്പററി പറയുന്ന ഘട്ടത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു:— "കേരളകാളിദാസൻ എന്ന അപരനാമത്താൽ സുപ്രസിദ്ധനായ കേരളവമ്മവലിയകോയിത്തമ്പുരാൻെറ കാലത്തോടുകൂടി ആധുനികമലയാളം പെട്ടെന്നു രൂപാന്തരപ്പെട്ടു. ഭാഷാസാഹിത്യസാമ്രാജ്യത്തിൽ സവ്വസമ്മതമായ ചക്രവത്തിസ്ഥാനം, സകലകലാവല്ലഭനായിരുന്ന ആ തിരുമേനിക്കല്ലാതെ മററാക്കും ഇതുവരെ അധിരോഹണംചെയ്യാൻ സാധിച്ചിട്ടില്ല. സാഹിത്യസാമ്രാജ്യത്തിലെ പൗരവഗ്ഗത്തിൽ ദാക്ഷിണാത്യന്മാരും, ഔത്തരാഹന്മാരും, യാഥാസ്ഥിതികന്മാരും, ഉല്പതിഷ്ണുക്കളും ഒരുപോലെ ഭയഭക്തിബഹുമാനങ്ങളോടുകൂടി അദ്ദേഹത്തെ ആദരിച്ചുപോന്നിരുന്നു. സരസ്വതീദേവിയുടെ സ്തനന്ധയം സ്വാധീനത്തിലുണ്ടായിരുന്ന ആ മഹാശയൻ എല്ലാംകൊണ്ടും ഒരു ചക്രവത്തിതന്നെയായിരുന്നു. കേരളഭാഷയ്ക്കു സവ്വതോമുഖവും സാവ്വജനീനവുമായ അഭിവൃദ്ധിയുണ്ടാക്കുന്ന വിഷയത്തിൽ ഇതുപോലെ മനഃപൂവ്വമായും മമതയോടുകൂടിയും പ്രവത്തി

ച്ചിട്ടുള്ളവർ വേറെയില്ലെന്നുതന്നെപറയാം.. .........
തിരുവിതാംകൂർ പാഠ്യപുസ്തകക്കമ്മിററിയുടെ അദ്ധ്യ
ക്ഷൻ എന്ന നിലയിലും സ്വന്തം നിലയിലും അദ്ദേഹം
ഭാഷയ്ക്കുവേണ്ടിചെയ്തിട്ടുള്ള പരിശ്രമത്തിന് അതിരില്ല.
അക്കാലംവരെ ഭാഷാസാമ്രാജ്യത്തിലുണ്ടായിരുന്ന ഓരോ
പന്ഥാവിൽ കൂടിയും ഈ ദേശാഭിമാനി സഞ്ചരിച്ചു.
ഈ സഞ്ചാരത്തിൻെറ ഫലം അനല്പവും അസാധാരണ
വുമായിരുന്നു. പണ്ടുതന്നെയുണ്ടായിരുന്ന വഴികളിൽ
ചിലതെല്ലാം വെട്ടിത്തെളിച്ച്, വിസ്താരം കൂട്ടി, പാന്ഥ
ന്മാക്ക് സുഗമമാക്കിത്തീൎത്തു. അത്യാവശ്യം കാണുന്ന
സ്ഥലങ്ങളിൽ പുതിയ പാതകറം ഉണ്ടാക്കി. പൗരാവ
ലിയിൽ യോഗ്യന്മാരെ പ്രോത്സാഹിപ്പിക്കയും, ദേശാ
ഭിമാനികളുടെ എണ്ണം വൎദ്ധിപ്പിക്കയും ചെയ്തു. ഈ
മഹാനുഭാവൻെറ ഭരണഫലമായി ഭാഷാസാമ്രാജ്യം
ആകപ്പാടെ ഒന്നു രൂപാന്തരപ്പെട്ടുവെന്ന് ചുരുക്കത്തിൽ
പറയാം."

H 561

കോയിത്തമ്പുരാൻെറ ഭാഷാകവിതയെപ്പററി
മാത്രമേ ഈ ലേഖനത്തിൽ പ്രസ്താവിച്ചിട്ടുള്ളു. ഇതു
പോലെയോ, അഥവാ ഇതിനേക്കാറം കൂടുതലായോ
അദ്ദേഹം സംസ്കൃതത്തിലും കവിതയെഴുതീട്ടുണ്ട്. ഒരു
വിധം നോക്കുകയാണെങ്കിൽ മലയാളത്തേക്കാറം സം
സ്കൃതമായിരുന്നു അദ്ദേഹത്തിന് സ്വാധീനപ്പെട്ടിരുന്ന
തു് എന്നുവേണം പറയുവാൻ. ഇരുപതു സൎഗ്ഗങ്ങളും
ആയിരത്തിഅഞ്ഞൂറോളം ശ്ലോകങ്ങളുമുള്ള "വിശാഖ
വിജയം", വിശാഖം തിരുനാളിൻെറ അപദാനങ്ങളെ
വിഷയമാക്കി അദ്ദേഹം സംസ്കൃതഭാഷയിൽ എഴുതീട്ടുള്ള
ഒരു മഹാകാവ്യമാണ്. താൻ ചെയ്തുപോയ അപരാ
ധമെല്ലാം ക്ഷമിച്ചു മാപ്പുതരണമെന്ന് ആയില്യംതിരു
നാളിനോടപേക്ഷിക്കുന്ന രീതിയിൽ, അൻപതു വിംശ
തികളിലായി ആയിരം പദ്യങ്ങളടക്കിക്കൊണ്ടെഴുതിയ

മറെറാരു സംസ്കൃത മഹാകാവ്യമാണു് "ക്ഷമാപണ സഹസ്രം." ഒട്ടനവധി സംസ്കൃതകൃതികൾ ഇതുകൂടാതേയും അദ്ദേഹത്തിൻെറ വകയായിട്ടുണ്ടു്.

1090-ാമാണ്ടു ചിങ്ങമാസം ഒടുവിൽ കോയിത്തമ്പുരാൻ പതിവുപോലെ സ്വാമിദൎശനത്തിനായി വൈക്കത്തേയ്ക്കു പുറപ്പെട്ടു. ഭക്താഗ്രേസരനായിരുന്ന അദ്ദേഹത്തിനു "വ്യാഘ്രാലയേശ" ദൎശനം കൊല്ലംതോറും പതിവുള്ള ഒരു കൃത്യമായിരുന്നു. സ്വാമിദർശനം കഴിഞ്ഞു് കന്നി 2-ാം തീയതി അദ്ദേഹം സുഖമായി ഹരിപ്പാട്ടെത്തി, അവിടെ അനന്തപുരത്തുകൊട്ടാരത്തിൽ സ്വജനങ്ങളോടുകൂടി ഒന്നുരണ്ടുദിവസം താമസിച്ചശേഷം കേരളകാളിദാസൻ 'പ്രിയഭാഗിനേയ'നായ കേരളപാണിനിയോടുകൂടി കന്നി 4-ാം തീയതി രാജധാനിയിലേയ്ക്കു പുറപ്പെട്ടു. യാത്ര ഒരു മോട്ടോർകാറിലായിരുന്നു. കായംകുളത്തിനു സമീപംവച്ചു്, കേരളീയരുടെ ഭാഗ്യകാലത്തോടൊപ്പം, വണ്ടി മറിഞ്ഞുപോകയാൽ വലിയകോയിത്തമ്പുരാനു ചില പരുക്കുകൾ പററുകയും, ഉടനെ അദ്ദേഹത്തെ മഞ്ചലിലെടുത്തു മാവേലിക്കരെയ്ക്കു കൊണ്ടുപോകയും ചെയ്തു. ശുശ്രൂഷയും ചികിത്സയും വേണ്ടവിധത്തിലൊക്കെ നടത്തി; എങ്കിലും കന്നി 6-ാം തീയതി അദ്ദേഹം കാലയവനികയ്ക്കുള്ളിൽ അന്തൎദ്ധാനം ചെയ്യുകയാണുണ്ടായതു്.

"പതി കേരളദേവനസ്തമി-
ച്ചതിനാൽ കൈരളി! മാഴ്കിടായ്ക നീ;
മൃതിയാക്കു വരാത്തതുഴിയിൽ-?
കൃതികൾക്കാത്മയശസ്സു ജീവിതം."

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

## 6. കൊടുങ്ങല്ലൂർ കൊച്ചുണ്ണി ത്തമ്പുരാൻ.

സരസ്വതീസംപൂജനത്തിൽ പൂർവ്വകാലം മുതൽക്കേ കൊടുങ്ങല്ലൂർ ചിറയ്ക്കൽ കോവിലകത്തു തമ്പുരാക്കന്മാർ പ്രശസ്തന്മാരാണ്. സാഹിത്യത്തിലും, വൈദ്യം ജ്യോതിഷം മുതലായ ശാസ്ത്രങ്ങളിലും അവർ അപാരമായ പാണ്ഡിത്യമുള്ളവരായി കാണപ്പെടുന്നു. കേരളമൊട്ടാകെ നോക്കിയാൽ ഏതദ്വിഷയങ്ങളിൽ പല മഹതീമഹാന്മാരുടേയും, പ്രഭുക്കന്മാരുടേയും, രാജാക്കന്മാരുടേയും ഗുരുസ്ഥാനത്തെ അവർ അലങ്കരിച്ചിട്ടുള്ളതായിക്കാണാം. മലയാളികളുടെ സവിശേഷമായ സ്നേഹാദരങ്ങൾക്കു പാത്രീഭൂതനായി, കവികുലാവതംസമായി, അനന്യസാദ്ധ്യമായ നിമിഷകവനനൈപുണികൊണ്ടു കൈരളീദേവിയുടെ വിജയവൈജയന്തിയായി, കേരളീയരുടെ ആരാധനാമൂർത്തിയായി പ്രശോഭിച്ചിരുന്ന മഹാമഹിമശ്രീ കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സിലെ അകാലദേഹവിയോഗത്തിനുശേഷം ആ കോവിലകത്തിന്റെ പരമ്പരാഗതമായ പാണ്ഡിത്യത്തേയും പ്രശസ്തിയേയും പുലർത്തിക്കൊണ്ടുപോന്ന ഒരു പരിണതമതിയാണ് കൊച്ചുണ്ണിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു്. അഗാധപണ്ഡിതനെന്ന നിലയിലോ, അനുഗൃഹീതനായ ഭിഷഗ്വരനെന്ന നിലയിലോ മാത്രമല്ല, പ്രസിദ്ധനായ ജ്യൌതിഷി,

കവിസാർവ്വഭൌമൻ എന്നീ വിശിഷ്ടപദവികളിലും കഥാനായകൻ പ്രകീർത്തിതനായിരുന്നു.

പൂജ്യപാദനായ അദ്ദേഹം കൊല്ലവർഷം 1034 മീനമാസത്തിൽ ഉത്രം നക്ഷത്രത്തിൽ, ചിറയ്ക്കൽ കോവിലകത്തു് ഇക്കാവുതമ്പുരാട്ടിയുടേയും, ബ്രഹ്മശ്രീ പൂരാടത്തുമനയ്ക്കൽ നമ്പൂതിരിയുടേയും പുത്രനായി ജനിച്ചു. തമ്പുരാന്റെ ജനനത്തെപ്പററി സ്വന്തം കൃതിയായ "മലയാംകൊല്ല"ത്തിൽ വർഷഗർഭം വർണ്ണിക്കുന്നഭാഗത്തും, 'കല്യാണീനാടക'ത്തിന്റെ പ്രാരംഭത്തിലും അദ്ദേഹം ഇപ്രകാരം പ്രസ്താവിച്ചിട്ടുണ്ടു്.

"പാരൊത്ത പത്മിനികൾ തങ്ങടെ ജീവനായി-
ത്തീരുന്നൊരിത്തിരുവടിയ്ക്കതി ഭംഗിയോടേ
പൂരാടയോഗമതിലിങ്ങുളവായ ഗർഭം
സാരാർത്ഥപൂർത്തിവരുമാറമൃതംവിടുന്നു."

(മലയാംകൊല്ലം)

"ഇക്കാവാകിയ രാജ്ഞിതന്റെ തനയൻ
കുഞ്ഞുണ്ണിഭൂപന്റെ നൽ-
ത്തൃക്കാൽ സേവകനായ ശിഷ്യനമലൻ
ദേവൌഘസേവാരതൻ
ചൊൽക്കൊള്ളുന്നൊരു കോടിലിംഗനൃവരൻ
കൊച്ചുണ്ണിഭൂപാലനാ-
ണിക്കാവ്യം വിരചിച്ചതെന്നറിക നീ
മാൻകണ്ണിമാർ മാലികേ!"

(കല്യാണീനാടകം)

സ്വഭാവമഹിമയിലും ജ്ഞാനാഭിവൃദ്ധിയിലും സുസമ്മതരായിരുന്ന മാതാപിതാക്കന്മാരുടേയും, പണ്ഡിതാഗ്രേസരന്മാരായ മാതുലന്മാരുടേയും

പരിലാളനത്തിലും പരിശീലനത്തിലും തിരുമേനി ശൈശവദശയെ തരണംചെയ്തു. കൌമാരദശയിലേയ്ക്കു കാലൂന്നിയതോടുകൂടി അദ്ദേഹം പ്രാഥമിക വിദ്യാഭ്യാസം ആരംഭിച്ചു. കൊച്ചുണ്ണിആശാൻ എന്നൊരാളെക്കൊണ്ട് ഈ തിരുമേനിയുടെ പ്രഥമ ഗുരുനാഥനായിരിക്കുവാൻ ഭാഗ്യം സിദ്ധിച്ചതു്. പ്രകൃത്യാ ശാന്തനും, ബുദ്ധിമാനുമായിരുന്ന നമ്മുടെ കൊച്ചുതിരുമേനിക്ക്, ആ പ്രഥമഗുരുവിൻെറ നിർവ്യാജമായ സ്നേഹവാത്സല്യങ്ങളെ സമാർജ്ജിക്കുവാൻ സാധിച്ചു. പ്രാഥമികാഭ്യസനശേഷം, വിദ്വത് കേസരികളായിരുന്ന നിജമാതുലന്മാരുടെ അടുക്കൽ കാവ്യം വായിക്കുവാൻ കഥാനായകൻ നിയുക്തനായി. കോവിലകത്തെ സംസ്കൃതഭാഷാപണ്ഡിതന്മാരായ ഗോദവർമ്മത്തമ്പുരാനും, കുഞ്ഞുണ്ണിത്തമ്പുരാനും കൂടി കൊച്ചുതിരുമേനിയെ പ്രഥമകാവ്യഭാഗങ്ങൾ പഠിപ്പിച്ചു. അക്കാലത്തുതന്നെ കവിതാവാസന പ്രത്യക്ഷപ്പെട്ടിരുന്നതിനാൽ പല കൃതികളും അദ്ദേഹം രചിക്കുകയുണ്ടായി. ഓരോ കൃതിയിലും അന്യാദൃശമായ സരസപ്രതീപ്രസാദം സർവ്വത്ര തെളിഞ്ഞു കാണുന്നുണ്ടു്. അലങ്കാരഭംഗിയിലും ശബ്ദാർത്ഥസൌഷ്ഠവത്തിലും അവ ശ്രേഷ്ഠങ്ങളായി ഗണിക്കപ്പെട്ടുപോരുന്നു. പിന്നീടു് അദ്ദേഹത്തിന്റെ ആചാര്യപദത്തെ അലങ്കരിച്ചതു പണ്ഡിതരാജനായ കുംഭകോണം കൃഷ്ണശാസ്ത്രികളാണു്. തക്കാലങ്കാരവിദഗ്ദ്ധനായ ആ ഗുരു തൻെറ ജ്ഞാനഭണ്ഡാരം പ്രിയശിഷ്യന്ന തുറന്നുവച്ചുകൊടുത്തു. ഗുരുമുഖാഭ്യാസം മൂലം തിരുമനസ്സിലേയ്ക്കു സിദ്ധിച്ച ജ്ഞാനത്തിൻെറ പരിധി നിർണ്ണയിക്കാവതല്ല. അനന്തരം തിരുമേനി ആയുർവ്വേദപഠനത്തിനുവേണ്ടി പ്രശസ്ത

ഭിഷഗാചാര്യനായ ഇട്ടീരിമൂസ്സവർകളുടെ ശിഷ്യ
പദം സ്വീകരിച്ചു. വിഖ്യാതന്മാരായ അഷ്ടവൈദ്യ
ന്മാരിലൊരാളുടെ കുലത്തിലാണു് മൂസ്സിന്റെ ജന്മ
നം. ആയുർവ്വേദത്തിൽ ആ ഇല്ലക്കാക്കുള്ള അനന്യ
ദൃഷ്ടമായ വൈദഗ്ദ്ധ്യം പാരമ്പര്യസിദ്ധമാണു്. വി
ശേഷിച്ചു് അദ്ദേഹം വൈദ്യശാസ്ത്രസംബന്ധമായ
എല്ലാ സംഗതികളിലും അഭിജ്ഞനുമായിരുന്നു.
മഹാനായ ആ ഗുരുവിന്റെ നിഷ്കളങ്കമായ പ്രീതി
വാത്സല്യങ്ങൾക്കും, അനുഗ്രഹാശംസകൾക്കും ആ
ശിഷ്യോത്തംസം സർവ്വഥാ പാത്രമായിത്തീർന്നു.
ഗുരുമുഖത്തുനിന്നുമുള്ള പരിശീലനംമൂലം വൈദ്യ
ശാസ്ത്രത്തിൽ അദ്ദേഹത്തിനു് അപാരമായ പാണ്ഡി
ത്യം സിദ്ധിച്ചു. ഗുരുനാഥനേപ്പോലെതന്നെ തമ്പു
രാനും ലഘുവായ ചില ചികിത്സാവിധികൾകൊണ്ടു്
അനവധി രോഗികളെ സ്വസ്ഥരാക്കീട്ടുണ്ടു്.

ഇവയ്ക്കെല്ലാം പുറമേ വേദാന്തവിഷയത്തി
ലും തമ്പുരാനു് അഗാധമായ ജ്ഞാനമുണ്ടായിരുന്നു.
ചെറുപ്പകാലം മുതല്ക്കേ അദ്ദേഹം വലിയ ഭക്തനും,
വേദാന്തചിന്തയിൽ ഉൽസുകനുമായിരുന്നു. അദ്ദേ
ഹം സ്വപരദേവതയായ കൊടുങ്ങല്ലൂർ ഭഗവതിയെ
ഭജിച്ചുകൊണ്ടു കുറെനാൾ ക്ഷേത്രത്തിൽത്തന്നെ
കഴിച്ചുകൂട്ടി. ആ സന്ദർഭത്തിൽ കൊടുങ്ങല്ലൂർവന്നു 41
ദിവസം താമസിച്ച പ്രസിദ്ധ വേദാന്തവനസഞ്ചാ
രിയായ കേസരിവർദ്ധൻ സ്വാമിമാനഗിരിജിയിൽ
നിന്നു വേദാന്തത്തെപ്പററിയുള്ള പല ഉപദേശങ്ങ
ളും തമ്പുരാനു ലഭിക്കുന്നതിനിടയായി. വേദാന്ത
ത്തിൽ തിരുമേനിയ്ക്കുണ്ടായ വാസനയ്ക്കും നിപുണത
യ്ക്കും പ്രധാന ഹേതു ആ മഹായോഗിയുടെ സമാഗ

മമായിരുന്നുവത്രേ. “സ്വാമി മാനഗിരിജം സദാ മനസി ഭാവയേഭവഭയാപഹം” എന്നിങ്ങനെ തമ്പുരാൻ ഒരിടത്തു് ആ വന്ദ്യമഹായോഗിയായ ഗുരുഭൂതനെ സ്തുതിച്ചിട്ടുണ്ടു്. ഇപ്രകാരം നാനാവിഷയങ്ങളിലും പരിപൂൎണ്ണമായ ജ്ഞാനം സമ്പാദിച്ചതിനു ശേഷമാണു് തിരുമേനി കൈരളീമാതാവിൻെറ തൃപ്പാദഭജനത്തിൽ ബദ്ധശ്രദ്ധനായിച്ചമഞ്ഞതു്. അനുഗ്രഹീതമായ കവനകലയിൽ അന്നു തമ്പുരാൻ മുമ്പനായിരുന്നു. അദ്ദേഹത്തിൻെറ എല്ലാ കൃതികളും കാണുന്നതിനുള്ള ഭാഗ്യം മുദ്രാലയത്തിനുണ്ടായിട്ടില്ല. വിദ്വൽകേസരികളായ സ്വപുത്രന്മാർ തിരുമേനിയോടുള്ള നിഷ്കളങ്കമായ ഭക്തിയാൽ, അദ്ദേഹത്തിൻെറ കൃതികളെല്ലാം അവർ അച്ചടിപ്പിച്ചു പ്രസിദ്ധീകരിക്കുവാൻ ഉദ്യമിക്കുന്നുണ്ടു്. ആ പ്രസിദ്ധീകരണങ്ങൾ, പിതാവിനോടുള്ള ഭക്ത്യാദരങ്ങൾക്കു ലക്ഷ്യങ്ങളും, കൈരളീമാതാവിൻെറ കരകമലങ്ങളിൽ അൎപ്പിക്കുന്ന അനൎഘോപഹാരങ്ങളുമായിരിക്കും.

ശബ്ദഭംഗിയിലും, അൎത്ഥപുഷ്ടിയിലും, അലങ്കാരവൈചിത്ര്യത്തിലും തമ്പുരാൻെറ കൃതികളെ ജയിക്കുന്ന കൃതികൾ മലയാളഭാഷയിൽ ദുൎല്ലഭമാണു്. കവനവിഷയത്തിൽ മലയാളമെന്നും സംസ്കൃതമെന്നുമുള്ള ഭേദം തിരുമേനിക്കുണ്ടായിരുന്നില്ല. രണ്ടു ഭാഷകളിലും അപാരമായ പാണ്ഡിത്യം സമ്പാദിച്ചിരുന്ന അദ്ദേഹത്തിനു് ഉഭയകവനങ്ങളും ക്ഷിപ്രസാദ്ധ്യങ്ങളായിരുന്നു. താദൃശമായ കവിതാഗുണസാമൎത്ഥ്യമാണല്ലോ ഇതഃപൎയ്യന്തം മററാൎക്കും സിദ്ധിച്ചിട്ടില്ലാത്ത “കവിസാൎവ്വഭൌമ” പ്പട്ടം അദ്ദേഹത്തിനു

നേടിക്കൊടുത്തതു്. ആശയസ്വീകരണത്തിലും, അലങ്കാരപ്രയോഗങ്ങളിലും അദ്ദേഹം പ്രാചീനകവികളെ അത്ര അനുകരിച്ചിട്ടില്ലെന്നുവേണം പറയുവാൻ. സ്വാതന്ത്ര്യസുഗമമായ സരണിയിൽക്കൂടിയാണു് തമ്പുരാൻ തൻെറ കവിതാകാമിനിയെ സഞ്ചരിപ്പിച്ചതു്. അപ്രകാരംതന്നെ നൂതനവൃത്തങ്ങളുടേയും, മാതൃകാഗാനങ്ങളുടേയും ചിത്രീകരണങ്ങളിലും അദ്ദേഹം സമത്ഥനായിരുന്നു.

അദ്ദേഹത്തിൻെറ പ്രധാന കൃതികൾ അടിയിൽ പ്രസ്താവിക്കാം.

മലയാളകൃതികൾ.

കാവ്യങ്ങൾ:— മലയാംകൊല്ലം, പാണ്ഡവോദയം, സാവിത്രീമാഹാത്മ്യം, വഞ്ചീശവംശം, ഗോശ്രീചരിതം, രുഗ്മിണീസ്വയംവരം മുതലായവ.

കിളിപ്പാട്ടുകൾ:— ലക്ഷ്മീസ്വയംവരം, ഭദ്രോല്പത്തി, ശ്രീരാമാശ്വമേധം തുടങ്ങിയുള്ളവ.

കഥകളി:— ഗണപതിപ്രാതൽ.

തുള്ളൽപ്പാട്ടുകൾ:— വിരാടപവ്വം, സുന്ദരകാണ്ഡം, ഗണപതിപ്രാതൽ മുതലായവ.

കൈകൊട്ടിക്കളിപ്പാട്ടുകൾ:— ഭദ്രാവതാരം, കണ്ണൻെറ മണ്ണൂണു്, ഗൗരീവിലാസം, സീതാസ്വയംവരം.

പലതരംപാട്ടുകൾ:— ഭക്തിലഹരി, കുചേലവൃത്തം, ഗജേന്ദ്രമോക്ഷം, പൂതനാമോക്ഷം മുതലായവ.

നാടകങ്ങൾ:— സോമതിലകം ഭാണം, അംബോപദേശശതകം, കല്യാണീനാടകം, സന്താനഗോപാലം, ഉമാവിവാഹം, ഫൽഗുനവീയ്യം, ഉത്തരരാമചരിതം ആദിയായവ.

സംസ്കൃതകൃതികൾ:— വിടരാജവിജയം, അനംഗവിജയം ഭാണം, ഉത്തരരാമചരിതം കാവ്യം, രാമവർമ്മചരിതം കാവ്യം, ശ്രീരാമചരിതം കാവ്യപൂർത്തി മുതലായവ.

പ്രസ്തുത കൃതികളിലെല്ലാം അദ്ദേഹത്തിന്റെ കവനചാതുര്യം പ്രകടമായി പ്രതിഫലിച്ചിട്ടുണ്ട്. ശബ്ദഭംഗി, അർത്ഥഗാംഭീര്യം, രസം, ധ്വനി മുതലായവയ്ക്കു് അവ പ്രതിപദം ഉദാഹരിക്കപ്പെടാവുന്നവയാണ്. ഒന്നുരണ്ടു ദൃഷ്ടാന്തങ്ങൾ ഇവിടെ ഉദ്ധരിക്കാം.

ശബ്ദഭംഗിക്കു്:—

"ഉന്മേഷാലെത്തിരിട്ടുകൊണ്ടതിരുഷാ
പൊക്കിപ്പിടിക്കും ശിര-
സ്സിന്മേൽ ചേർന്നു വിളങ്ങുമഗ്രയുഗമേ പിരി-
ഞ്ഞുള്ളോരു ശൃംഗത്തൊടും
ചെമ്മേ രണ്ടടി വാങ്ങിവച്ചുടനേ
മേല്പോട്ടുതാൻ ചാടിയും
ചെമ്മര്യാടുകൾ രണ്ടു നിഷ്ഠുരമിതാ
മുട്ടുന്നു പൊട്ടുംപടി."

അലങ്കാരപ്രയോഗത്തിൽ തിരുമേനിക്കുള്ള പാടവം പ്രായേണ എല്ലാ കൃതികളിലും കാണാമെങ്കിലും ഭദ്രോല്പത്തി, ലക്ഷ്മീസ്വയംവരം എന്നീ കിളിപ്പാട്ടുകളിലും, പാണ്ഡവോദയം മഹാകാവ്യത്തിലുമാണ് അതിന്റെ പ്രാചുര്യം നടമാടുന്നതു്. ഭദ്രോല്പത്തിയിലെ കൈലാസാദിവർണ്ണന അലങ്കാരസുന്ദരമാകുന്നു. ഇതരകവിതകളെ അപേക്ഷിച്ചു് തമ്പുരാന്റെ കവനങ്ങൾക്കു സാർവ്വത്രികമായിക്കാണുന്ന ഒരു പ്രത്യേകത, അവ ധ്വന്യാത്മകങ്ങളാണെന്നുള്ളതാണ്.

വർണ്ണ്യവസ്തുവിൻെറ ഗുണവൈശിഷ്ട്യത്തെ ധ്വനിപ്പിക്കുന്നതിൽ അദ്ദേഹത്തിനുള്ള സാമർത്ഥ്യം വിസ്മയാവഹമായിരിക്കുന്നു. വാചയിതാവിൻെറ ആലോചനാപരിധിയെക്കവിഞ്ഞും അദ്ദേഹത്തിന്റെ കൃതികളിൽ, ധ്വനിക്കും, രസാനുഭൂതിക്കും സ്ഥാനമുണ്ടെന്നുള്ളതിനു താഴെക്കാണുന്ന പദ്യങ്ങൾ പ്രസ്പഷ്ടലക്ഷ്യങ്ങളായിരിക്കുന്നു.

"ചേരുംവിധം മൃദുകരങ്ങൾ പതിച്ചു രാജാ-
വാരാലുയൎന്ന പദമേറി വിളങ്ങിടുന്നു
ചോരപ്രയോഗ മൊഴിവായി, വിടൎന്നിടുന്നു
പാരാതഹോ! കുവലയം മുഴുവൻ രസേന."
"അത്യുച്ചമായ മരമേറിയ വല്ലിതൻ നൽ-
പുത്തൻപ്രസൂന ഗണമിങ്ങു പൊഴിച്ചുകൊണ്ടും
ഇത്തവ്വിലഭ്രനികരത്തെ വലിച്ചുലച്ചു-
മെത്തുന്നു ചണ്ഡപവനൻ പവനാശവേണി."

(മലയാംകൊല്ലം)

പവനാശൻെറ ഛായയുള്ള നായികയുടെ വേണി കാണുമ്പോൾ പ്രകൃത്യാ പവനാശനെ ഭയപ്പെടുന്ന പവനൻ, വേണിയേയും ഭയപ്പെടുന്നുവെന്നാണു് ഇതിലെ ധ്വനി. ആ വേണിക്കു പ്രസാദമുണ്ടാകുവാനെന്നവണ്ണം ദുർല്ലഭങ്ങളായ നല്ല പുഷ്പങ്ങൾ കാഴ്ച്ചവയ്ക്കുകയും, അതിന്റെ ശത്രുവായ അഭ്രനികരത്തെ വലിച്ചുലയ്ക്കുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള ചണ്ഡപവനൻ വരണമെന്നു് ആശിക്കുന്നതിനാൽ പവനാശവേണി എന്ന പദപ്രയോഗം ദ്വിധാ അന്വർത്ഥമായിരിക്കുന്നു. (പവനാശവേണി എന്ന പദത്തിനു പവനനിൽ ആശയോടുകൂടിയ വേണിയുള്ളവൾ എന്നർത്ഥം.)

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

പാണ്ഡവോദയത്തിലെ

"മാണിക്യരത്നോപമകാന്തി ചിന്തും
പാണിദ്വയത്താൽ ദ്രുപദേന്ദ്രപുത്രി
ചേണാർന്നഭംഗ്യാ മെഴുകുംദശായാം
ചാണം പരം കുങ്കുമമായ്ച്ചമഞ്ഞു."

എന്ന ഭാഗത്തുള്ള വർണ്ണനാവൈശിഷ്ട്യവും, അതിൽ പ്രസ്ഫുരിക്കുന്ന ധ്വനിയും എത്രയും മനോഹരങ്ങളായിരിക്കുന്നു. സുദേഷ്ണാരാജ്ഞി, തോഴികൾ, ചേടിമാർ തുടങ്ങിയുള്ളവരുടെ മാനസികമായ ഒരവസ്ഥാവിശേഷത്തെ ചൂണ്ടിക്കാണിച്ചുകൊണ്ടു് പാഞ്ചാലിയുടെ സൗന്ദര്യാതിശയത്തെ കവി വർണ്ണിക്കുന്നു സൌന്ദര്യാതിരേകമാണു് ഇതിലെ ധ്വനി.

ചാണകം കുങ്കുമമാവുകയില്ലെന്നുള്ളതു പ്രത്യക്ഷമായിരിക്കെ, ഇത്രമാത്രം സൌന്ദര്യമുള്ള ആ കൈകളെ സ്പർശിച്ച ചാണകം, കുങ്കുമമെന്നപോലെ ആലേപനാദികൾക്കെടുക്കാമെന്നു കാഴ്ചക്കാക്കു തോന്നില്ലേ്യായെന്നാണു് കവി ഇതിൽ സമർത്ഥിച്ചിരിക്കുന്നതു്.

"ചെങ്കല്ലരച്ചു കരിക്കൂട്ടിയുരുട്ടിയിട്ടു
നിൻകയ്യുകൊണ്ടു തൊടുവിക്കിലതും പ്രസാദം."

എന്നു് അദ്ദേഹത്തിൻെറ ബാല്യകൃതിയായ 'സോമതിലകം ഭാണ'ത്തിൽ കാണുന്നുണ്ടു്. ഇതും പൂർവ്വോക്തമായ 'പാണ്ഡവോദയ'ത്തിലെ ശ്ലോകവും ആശയസാമ്യമുള്ളവയാണു്. ഇവയിൽനിന്നു തമ്പുരാൻെറ

ആശയങ്ങൾക്ക പ്രായോചിതമായ വളർച്ചയും പുഷ്ടിയും ഉണ്ടായിക്കൊണ്ടിരുന്നു എന്നു മനസ്സിലാക്കാം.

സാധുകുചേലനെ പല കവീശ്വരന്മാരും ദ്വാരക കാണിച്ചിട്ടുണ്ടെങ്കിലും, തിരുമേനിയുടെ കുചേലൻ ദൂരത്തുനിന്നു ദ്വാരകയെ ദർശിക്കുന്നതു് ഇപ്രകാരമാണു്.

"ധന്യ യദൂത്തമചിത്തം പോലെ
സമുന്നത വപ്രസമൂഹം
താന്നൊരു രത്നാകരപരിഘത്തൊട്ട
ചേൎന്നു കുചേലൻ കണ്ടു."

യദൂത്തമനായ ശ്രീകൃഷ്ണൻെറ ചിത്തവൃത്തിയും, ഉയർച്ചയും, കുചേലൻെറ വിനീതാവസ്ഥയും തമ്മിലുള്ള യോജിപ്പിനും പുറമേ, ഈ ശ്ലോകാർദ്ധത്തിൽ നിന്നു മററനേകം അർത്ഥങ്ങളും ധ്വനിക്കുന്നുണ്ടു്.

1. ആഴമുള്ള രത്നാകരത്തോടൊപ്പം, ദ്വാരകയിലെ കോട്ടയ്ക്കു ചുററുമുള്ള കിടങ്ങും അഗാധമായിരിക്കുന്നു. യദൂത്തമൻെറ ചിത്തം സത്യലോകത്തേയും അതിലംഘിച്ചുയരുന്നു. തത്തുല്യമായ കോട്ടയുടെ സാമീപ്യത്തിൽ, കടൽ ഒരു കിടങ്ങെന്ന നിലയിലേ ആകുന്നുള്ളു. കോട്ടയ്ക്കു് അത്രവളരെ ഉയരമുണ്ടെന്നു സാരം.

2. അനഘതതചിന്താരത്നങ്ങളുടെ സ്ഥാനമായ യദൃത്തമചിത്തംപോലെ, വിലമതിയ്ക്കുവാൻ വഹിയാത്ത രത്നങ്ങളുടെ ഇരിപ്പിടമായ ആ കോട്ടയും രത്നാകരവും തമ്മിൽ തട്ടിച്ചുനോക്കുമ്പോഠം രത്നാകരം താണുപോകുമെന്നും, യദൃത്തമനുമായുള്ള സമ്പക്കത്താൽ കുചേലൻ വാസ്തവത്തിൽ ഒരു രത്നാകരമായിത്തീരുമെന്നുമാണു് ഭാവം. ഇങ്ങനെ അദ്ദേഹത്തിൻെറ കവിതാവിശേഷങ്ങളെപ്പററി വിവരിക്കുവാൻ തുടങ്ങിയാൽ അവസാനമുണ്ടാകയില്ല.

ഇപ്രകാരമെല്ലാം കേരളത്തെ അനുഗ്രഹിച്ച ആ കവിസാവ്വഭൌമൻ 1101 കന്നി 11-ാംതീയതി 68-ാമത്തെ വയസ്സിൽ ലോകരംഗത്തിൽനിന്നും തിരോധാനം ചെയ്തു. തിരുമേനിയുടെ അഭാവത്തിൽ, പരമസാത്വികനായ ഒരു യോഗിയും, വൈദ്യവിശാരദനായ ഒരു ദീനബന്ധുവും, മഹാപണ്ഡിതനായ ഒരു കവിസമ്രാട്ടും നമുക്കു നഷ്ടമായിരിക്കയാണു്. ദിനചയ്യയിലുള്ള നിഷ്കർഷ, ആജീവനാന്തം അദ്ദേഹത്തെ ആരോഗ്യപരിപാലനത്തിനു സഹായിച്ചുകൊണ്ടിരുന്നു. ധമ്മപത്നിയായ ശ്രീമതി ജാനകി അമ്മ അവർകളും, രണ്ടു പുത്രന്മാരും, നാലു പുത്രിമാരും സസുഖം ജീവിച്ചിരിക്കുന്നു. സംഗീതവിദുഷിയായിരുന്ന ഒരു പുത്രിയുടെ അകാലചരമം തിരുമേനി

യുടെ ഹൃദയത്തെ ഇടയ്ക്കു പീഡിപ്പിച്ചുകൊണ്ടിരുന്നുവത്രേ. ശ്രീമാന്മാരായ Dr. കാർത്തികേയമേനോൻ, കാളകണ്ഠമേനോൻ B.A.,B.T. എന്നിവരാണ് തിരുമനസ്സിലെ പ്രിയപുത്രന്മാർ. സ്വഭാവമഹിമയിലും, സാഹിത്യവിദ്യയിലും അച്ഛന്റെ പ്രതിബിംബങ്ങളായ അവർ തിരുമനസ്സിലെ യശോവിലാസപ്രതിഷ്ഠയിൽ ബദ്ധശ്രദ്ധന്മാരായി ത്തന്നെ കാണപ്പെടുന്നു.

# 7. കട്ടക്കയം.

കേരളീയരുടെ സവിശേഷമായ സ്നേഹാദരങ്ങൾക്കു പാത്രമായിരുന്ന ഒരു വന്ദ്യമഹാകവിയാണ് കട്ടക്കയത്തിൽ ചെറിയാൻമാപ്പിള. ജീവിതകാലത്തിൽ ഭൂരിഭാഗവും അദ്ദേഹം ഭാഷാസാഹിത്യത്തിൻെറ ഐശ്വര്യത്തിനുവേണ്ടി വിനിയോഗിച്ചുകൊണ്ടിരുന്നതിനാൽ ഒരു ശ്രേഷ്ഠകവിയെന്ന ശാശ്വതയശസ്സിനെ സമാജ്ജിക്കുവാൻ അദ്ദേഹത്തിനു ഭാഗ്യമുണ്ടായി. ചെറുപ്പംമുതല്ക്കേ സാഹിത്യസേവനംകൊണ്ടു പേരും പെരുമയും നേടിയ അപ്പ്രാചീനകവിരത്നങ്ങളിൽ ഒരാളായിരുന്നു കട്ടക്കയമെന്നു പറയാം.

ഈ മഹാകവിയുടെ ജനനം, മീനച്ചിൽ താലൂക്കിൽ പാലാ അങ്ങാടിയ്ക്കടുത്തുള്ള 'കട്ടക്കയം' എന്ന കുടുംബത്തിലാണ്. ആ കുടുംബം പ്രാചീനകാലത്തുതന്നെ കേരളക്കരയിൽ പ്രശസ്തമായിരുന്ന "പകലോമററം" എന്ന ക്രിസ്തീയകുടുംബത്തിൻെറ ഒരു ശാഖയാണ്. കേരളീയക്രിസ്ത്യാനികൾക്ക് ഇന്നുള്ള സംഖ്യാബലവും, സമുദായപ്രാബല്യവും, സ്ഥാപനങ്ങളുമെല്ലാം കുറവായിരുന്ന കാലത്തും

പ്രസ്തുത തറവാട്ടുകാർ പ്രബലന്മാരും വിദ്വാന്മാരുമായിരുന്നു. കേരളീയകത്തോലിക്കരുടെ ആത്മീയ ഗുരുവായിരുന്ന പാറേമ്മാക്കൽ ഗോവർണ്ണദോരുടെ മരണശേഷം 1799-ൽ ആ സ്ഥാനത്തേയ്ക്കു തിരഞ്ഞെടുക്കപ്പെട്ടതു കട്ടക്കയത്തു് എബ്രാഹം എന്ന പ്രസിദ്ധമല്പാനായിരുന്നുവെന്നുള്ളതുതന്നെ കട്ടക്കയം കുടുംബത്തിൻെറ പ്രാബല്യത്തിനു ലക്ഷ്യമാണു്. സാഹിത്യഭൂഷണൻ ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ അവർകളാൽ ശ്രീമൂലം മലയാളഭാഷാഗ്രന്ഥാവലിയിൽ പ്രകാശനം ചെയ്യപ്പെട്ടിട്ടുള്ള "പടപ്പാട്ടു്" എന്ന പുരാതനകൃതിയുടെ കർത്താവു് പ്രസ്തുത പുരോഹിതൻെറ സഹോദരപുത്രനായിരുന്നുവെന്നു് ആ കൃതിയിൽ കാണുന്നു. ഇങ്ങനെ പൂർവ്വകാലം മുതല്ക്കേ അനേകധാ വിഖ്യാതമായിരുന്ന ആ വംശത്തിൽ ക്രിസ്തുവർഷം 1859 ഫെബ്രുവരി 4-ാംതീയതി കഥാപുരുഷൻ ജാതനായി.

കാലാനുസൃതമായ പ്രാരംഭവിദ്യാഭ്യാസം കഴിഞ്ഞശേഷം അക്കാലത്തു് ഉൽകൃഷ്ടവിദ്യാഭ്യാസമായി ഗണിച്ചുപോന്ന സംസ്കൃതഭാഷാപഠനത്തിനു് അദ്ദേഹം ഒരുമ്പെട്ടു. ഞാവക്കാട്ടു ദാമോദരൻകർത്താവു് എന്നൊരു സംസ്കൃതപണ്ഡിതനിൽനിന്നും രഘുവംശം, മാഘം, നൈഷധം മുതലായ മഹാകാവ്യങ്ങളും മററു നാടകാലങ്കാരങ്ങളും കട്ടിക്കാലത്തുതന്നെ കട്ടക്കയം ഹൃദിസ്ഥമാക്കി.

മഹാകവി ഉള്ളൂർ അവർകൾ ഒരവസരത്തിൽ തിരുവനന്തപുരത്തുവച്ച് യുവസാഹിത്യകാരന്മാൎക്ക നൽകിയ സ്നിഗ്ദ്ധനിർദ്ദേശങ്ങൾ ഇത്തരുണത്തിൽ പ്രത്യേകം ശ്രദ്ധേയങ്ങളാണ്. "മലയാളഭാഷയിൽ സാഹിത്യപരങ്ങളായ പരിശ്രമങ്ങൾ ചെയ്യുന്ന ഏതൊരു യുവാവിനും സംസ്കൃതഭാഷയെ യാതൊരു വിധത്തിലും ഉപേക്ഷിക്കുവാൻ നിവൃത്തിയില്ല. അനപാരമായ ഒരു വിജ്ഞാന ഭണ്ഡാഗാരമാണ് സംസ്കൃതസാഹിത്യം. ഏററവും ആധുനികങ്ങളായ ആശയങ്ങൾപോലും രാമായണം, ഭാരതം മുതലായ സംസ്കൃതസാഹിത്യഗ്രന്ഥങ്ങളിൽ സുലഭങ്ങളാണ്. വാസന, വ്യുത്പത്തി, അഭ്യാസം എന്നീ മൂന്നു സംഗതികളും ഉൽകൎഷേച്ഛുവായ ഒരു സാഹിത്യകാരന് അത്യന്താപേക്ഷിതങ്ങളാണ്. വ്യുത്പത്തികൊണ്ടും അഭ്യാസംകൊണ്ടും സ്വാഭാവികമായ വാസന പരിപുഷ്ടമാക്കുന്നതിലാണ് സാഹിത്യകാരന്മാരുടെ വിജയലബ്ധി സ്ഥിതിചെയ്യുന്നതു്. സംസ്കൃതസാഹിത്യാഭ്യസനംകൊണ്ടു ബുദ്ധി പഴയതിലേയ്ക്കു പോകുമെന്നു നിങ്ങൾ വിചാരിക്കരുതു്. ഇൻഡ്യയിലെ യാതൊരുഭാഷയ്ക്കും സംസ്കൃതത്തിൽനിന്നു വിദൂരമായി നില്ക്കുവാൻ സാദ്ധ്യമല്ല. തമിഴിനു പിന്നെയും കുറേയൊക്കെ സാധിച്ചേക്കും. മലയാളത്തിനു സംസ്കൃതത്തെ ലേശവും വിട്ടുകളയുവാൻ നിവൃത്തിയില്ല. സംസ്കൃതം കൂടാതെ ബംഗാളി, ഹിന്ദി

എന്നീ ഭാഷകളിലും പാരസികസാഹിത്യത്തിലും നിന്നു മലയാളത്തിനു ധാരാളം സമ്പത്തുകൾ സമാർജ്ജിക്കേണ്ടതുണ്ടു്." ഈ യാഥാർത്ഥ്യം ഗ്രഹിച്ചിട്ടുതന്നെയായിരിക്കണം ചെറിയാൻമാപ്പിള സംസ്കൃതഭാഷ അഭ്യസിക്കുവാൻ ഉദ്യമിച്ചതെന്നു വിചാരിക്കാവുന്നതാണു്. കൌമാരദശയിൽത്തന്നെ കവിതാകാമിനിയാൽ സമാശ്ലിഷ്ടനായ ആ സ്മരണീയപുരുഷനു സിദ്ധിച്ച സംസ്കൃതഭാഷാപാണ്ഡിത്യം അദ്ദേഹത്തെ ആ തരുണീമണിയുടെ കരുണാകടാക്ഷത്തിനു പാത്രമാക്കിത്തീർത്തു.

അന്നു പ്രചാരത്തിലിരുന്ന മലയാളമനോരമ, മലയാളി, സുജനാനന്ദിനി, കേരളസഞ്ചാരി മുതലായ പത്രങ്ങൾ തല്ലേഖനങ്ങൾക്കു സ്വച്ഛന്ദം വിഹരിക്കുവാൻ വഴി തുറന്നു കൊടുത്തു. അർവ്വാചീന കവിവീരന്മാരിൽ പലരേയും കച്ചകെട്ടിച്ചു സുശിക്ഷിതന്മാരാക്കി രംഗപ്രവേശം ചെയ്യിച്ച കണ്ടത്തിൽ വർഗ്ഗീസുമാപ്പിള അവർകളാണു് കട്ടക്കയത്തേയും സാഹിത്യാരാമവിഹാരത്തിനു സ്വാഗതമരുളി സൽക്കരിച്ചതു്. മനോരമ തുടങ്ങിയ അന്നത്തെ പത്രവേദികളിൽ മധുരസുന്ദരങ്ങളും, ഹൃദയാവർജ്ജകങ്ങളുമായ കവനകുസുമങ്ങൾ വഹിച്ചു് സാനന്ദം കേളിയാടിക്കൊണ്ടുനിന്ന വെണ്മണി മഹൻനമ്പൂരിപ്പാടു്, നടുവത്തച്ഛൻനമ്പൂരിപ്പാടു്, ഒടുവിൽ കുഞ്ഞുകൃഷ്ണമേനോൻ, കൊട്ടാരത്തിൽ ശങ്കുണ്ണി എന്നീ അഭിജ്ഞന്മാരെ സമീപിക്കുവാൻ കാവ്യോത്സുക

നായ ഈ മഹാകവിയ്ക്കും ഭാഗ്യം ലഭിച്ചു. സാഹിതീ സേവനത്തിൽ ജന്മനാ പ്രവൃത്തനായിരുന്ന അദ്ദേഹത്തിന് ഇതരകവിപുംഗവന്മാരായ സമവയസ്യന്മാരുടെ സ്നേഹാദരങ്ങളെ സമാർജ്ജിക്കുവാൻ കാലവിളംബം വേണ്ടിവന്നില്ല. സരസകവന കലാ കുതുകികളായിരുന്ന അവരോരോരുത്തരും കട്ടക്കയത്തിന്റെ കവിതാലാളിത്യത്തേയും, പാണ്ഡിത്യദാർഢ്യത്തേയും പററി പല സന്ദർഭങ്ങളിലും മുക്തകണ്ഠം പ്രശംസിക്കുവാനിടയായിട്ടുണ്ട്. സരസദ്രുതകവികിരീടമണി കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, സരസഗായകകവി കെ. സി. കേശവപിള്ള, കവനപ്രവീണൻ കെ. സി. നാരായണൻ നമ്പ്യാർ മുതലായ വന്ദ്യമഹാകവികൾക്കും കട്ടക്കയം സ്നേഹഭാജനമായിരുന്നു. ഭാഷാസാഹിത്യസാമ്രാജ്യത്തിലെ ഏകച്ഛത്രാധിപതിയായിരുന്ന മഹാമഹിമശ്രീ കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സിലേയ്ക്കും കണ്ണിലുണ്ണിയായിരുന്നു കട്ടക്കയം: കൊല്ലവർഷം 1067-ൽ കോട്ടയത്തുകൂടിയ കവിസമാജത്തിൽവെച്ചു ചെറിയാൻ മാപ്പിള അവർകൾക്ക് ആ സാഹിതീസമ്രാട്ടിന്റെ തൃക്കൈയിൽനിന്ന് ഒരു പ്രശംസാപത്രം ലഭിക്കുവാനിടയായി. പ്രസ്തുത സംഭവം തിരുമേനിക്കു കഥാനായകനോടുള്ള വാത്സല്യത്തെ പ്രസ്പഷ്ടമാക്കുന്നുണ്ടല്ലോ. കേരളീയ കവികളുടെയിടയിൽ അത്യുന്നതമായ ഒരു സ്ഥാനത്തിന് അദ്ദേഹം വളരെ മുമ്പുതന്നെ അർഹനായിരുന്നുവെന്ന പരമാർത്ഥമല്ലേ ഇതുകൊണ്ടെല്ലാം തെളിയുന്നതു് ?

പത്രപംക്തികൾക്ക് യഥാകാലങ്ങളിൽ നൽകി ക്കൊണ്ടിരുന്ന ലേഖനസമാഹാരങ്ങൾക്കു പുറമേ, ആസന്നമരണചിന്താശതകം, മാർത്തോമ്മാചരിതം മണിപ്രവാളം, സാറാവിവാഹം, യൂദജീവേശ്വരി, വില്ലാൾവെട്ടം, കലാവതി നാടിക, ഒലിവേർവിജയം ആട്ടക്കഥ, വനിതാമണി മുതലായ അനേകം ഗ്രന്ഥമാല്യങ്ങളും ചെറിയാൻമാപ്പിള ഭാഷായോഷയ്ക്കു സംഭാവനചെയ്തിട്ടുണ്ട്. അദ്ദേഹത്തിൻെറ കൃതികളിൽ സർവ്വോത്തമം ഒട്ട വിലത്തെ കൃതിയായ "ശ്രീയേശുവിജയ"മാകുന്നു. ആ മഹാകാവ്യത്തേപ്പോലെ അവസരോചിതമായ വർണ്ണനാചാതുരിയും, പ്രൌഢങ്ങളായ അർത്ഥാലങ്കാരങ്ങളും തികഞ്ഞ മററു പദ്യകൃതികൾ മലയാളഭാഷയിൽ അധികമുണ്ടാകുമെന്നു തോന്നുന്നില്ല. ശ്രീയേശുവിജയത്തിന്റെ ആവിർഭാവത്തിനുമുമ്പുതന്നെ ചെറിയാൻമാപ്പിള മഹാകവിപദത്തിൽ അവരോധിക്കപ്പെട്ടിരുന്നു. ആ സ്ഥാനം പ്രാമാണികമായി നിലനിറുത്തുവാൻ സഹായിക്കുന്ന ഒരു സാഹിത്യരേഖയായി ശ്രീയേശുവിജയം പരിണമിച്ചുവെന്നുമാത്രമേയുള്ളു. ഇന്നത്തെപ്പോലെ വിദ്യാഭ്യാസത്തിനു പ്രചാരമോ, തദ്വിഷയത്തിൽ അഭിരുചിയോ ഇല്ലാതിരുന്നകാലത്ത് ഒരു ഗ്രാമീണൻ, സുന്ദരവും സ്തുത്യർഹവുമായ ഒരു മഹാകാവ്യം രചിച്ച് കേരളീയരുടേയും, പ്രത്യേകിച്ചു ക്രിസ്ത്യാനികളുടേയും സ്നേഹബഹുമാനങ്ങളെ സമ്പാദിക്കുവാൻ സമർത്ഥനായിത്തീർന്നതോർക്കുമ്പോൾ അദ്ദേഹത്തിൻെറ സഹൃദയത്വത്തെ ആരും

സമാദരിക്കുക തന്നെ ചെയ്യും. ചെറിയാൻ മാപ്പിളയുടെ പ്രാഭവഹേതുക്കൾ സംസ്കൃതവ്യുൽപത്തിയും, കവിതാവാസനയും, അഭ്യാസദാർഢ്യവുമാണ്. നിസ്തന്ദ്രമായ പരിശ്രമവും, ഉദഗ്രമായ ഉൽകർഷേച്ഛയും അദ്ദേഹത്തെ കർമ്മനിരതനും വിജയശ്രീലാളിതനുമാക്കിത്തീർത്തു.

കവിതാവിഷയത്തിൽ കട്ടക്കയത്തിനുള്ള അനിതരസാധാരണമായ വാസനയേയും, കവനങ്ങളുടെ അനർഘമായ ഗുണപൌഷ്കല്യത്തെയും കുറിച്ച് ഒരു ലഘുചിന്തനം ചെയ്യാം. ഗുണവിശേഷങ്ങളിൽ പ്രധാനപ്പെട്ടതു് അക്ലിഷ്ടവും അഭിനീതവുമായ സച്ഛന്ദവിഹാരമാണ്. നിശ്ശബ്ദമായും നിർവ്വാതമായും എന്നാൽ നിർവ്വിഷ്ടമായും ഇരുകരകളും തിങ്ങിയൊഴുകുന്ന ഗംഗാപ്രവാഹംപോലെയാണ് അദ്ദേഹത്തിൻെറ കവിതാസരിത്തിൻെറ പ്രയാണം. അദ്ദേഹം രചിച്ചിട്ടുള്ള ഏതു പദ്യവും ഇതിന് ഉത്തമദൃഷ്ടാന്തമാണ്. ദ്വിതീയാക്ഷരപ്രാസത്തിനുവേണ്ടി അർത്ഥത്തെ അവഗണിക്കുകയും, വളച്ചുകെട്ടി അർത്ഥം കല്പിക്കുകയും ചെയ്യുന്ന രചനാരീതി കട്ടക്കയത്തിൻെറ കൃതികളെ സ്പർശിക്കുകപോലും ചെയ്തിട്ടില്ല. പ്രാസദീക്ഷയിൽ അദ്ദേഹം വേണ്ടുവോളം ശ്രദ്ധിച്ചിട്ടുണ്ട്. ഹൃദ്യമായ പ്രാസപ്രയോഗത്താൽ ശ്രവണമധുരങ്ങളാണ് പദ്യങ്ങളെല്ലാംതന്നെ.

"ഉണ്ണിതൻെറ വദനത്തിൽ വിളങ്ങും
വെണ്ണിലാവിനിണയാം മൃദുഹാസം
പുണ്ണിണങ്ങിയ പിതാവിനു ചിത്തം
കണ്ണിവയ്ക്കുമമൃതധാര ചൊരിഞ്ഞു."

(ശ്രീയേശുവിജയം)

"ഒരിക്കലും വേറൊരു നാരിയേ ഞാൻ
വരിക്കുവാനുള്ളിൽ നിനച്ചതില്ല
മരിക്കുവോളം മമ കാന്ത നീ വി-
സ്മരിക്കണം മുമ്പു കഴിഞ്ഞതെല്ലാം."

(വനിതാമണി)

"കണ്ടാലിത്ര മനോജ്ഞയാം യുവതി പ-
ണ്ടുണ്ടായതില്ലെങ്ങുമേ
വീണ്ടുണ്ടാകയുമില്ലിവണ്ണ മിവളെ-
ക്കണ്ടിട്ടു പാരൊക്കെയും
കൊണ്ടാടുന്നതുമൂല മത്തരുണി തൻ
സൌന്ദര്യ പൂരം ക്രമാൽ
വേണ്ടുംവണ്ണ മകക്കരുന്നിലഖിലം
ബോധിച്ചിടാമേവനും."

(സാറാവിവാഹം)

വശ്യവചസ്സായ ഒരു വാസനാകവിക്കല്ലാതെ ഈവിധം അക്ലിഷ്ടമനോജ്ഞങ്ങളും, സ്വഭാവാവിഷ്കാരകങ്ങളും, തത്വദർശകങ്ങളുമായ സരസപദ്യങ്ങൾ നിർമ്മിക്കുവാൻ സാദ്ധ്യമല്ല.

അലങ്കാരപ്രയോഗത്തിലും കട്ടക്കയം പിന്നോക്കമല്ലായിരുന്നു. അദ്ദേഹത്തിൻെറ പദ്യങ്ങളെല്ലാം ഹൃദ്യങ്ങളായ അലങ്കാരങ്ങളാൽ പരിലസിക്കുന്നവയാണ്. ഏതുവിഷയത്തിൽ അദ്ദേഹത്തിനുള്ള ജന്മസിദ്ധമായ വാസന സർവ്വത്ര പ്രത്യക്ഷപ്പെടുന്നുണ്ട്.

"കഷ്ടംതോയമതിങ്കലേക്കു മളപോലേററംനലംകോലുമ-
പ്പൃഷ്ഠ്യാകണ്ഠ്യ പിമ്പുതന്നുടെ മനോജ്ഞാകാരമെല്ലാം
ജവാൽ

നഷ്ടപ്പെട്ടു നശിച്ചിടുന്നിഹ നരന്മാരേവരും വാസ്തവം
സ്പഷ്ടം പാപ്പിലിഹത്തിലിങ്ങനെ ജനിച്ചീടായ്കയാണുത്തമം."
(യൂദജീവേശ്വരി)

"മണിചാണമേലുരസിടുന്ന പടി-
യുണ്ണിമിന്നലോടിടിമുഴങ്ങി സദാ
യണികെട്ടു കൊണ്ടൽനിരയിൽ പകലിൻ
മണിദീപവും ബത! മറഞ്ഞു ദൃഢം."
(ശ്രീയേശുവിജയം)

ഔചിത്യത്തിനും സാന്മാൎഗ്ഗിക തത്വബോധത്തിനും ശൈഥില്യം വരുത്തുകയും, അസംഭാവ്യസംഗതികളാൽ ജിജ്ഞാസയെ ഹനിക്കുകയും ചെയ്യുന്ന വഴിവിട്ട വൎണ്ണന കട്ടക്കയത്തിൻെറ കൃതികളിൽ കാണുകയില്ല. അതാണ് അദ്ദേഹത്തിന്റെ കവിതകൾക്കുള്ള മറെറാരു വിശിഷ്ടഗുണം. സന്ദൎഭോചിതമായ കഥാകഥനത്തിലും, ഔപയികമായ വസ്തുസ്ഥിതികഥനത്തിലും കട്ടക്കയത്തിനുള്ള പ്രാവീണ്യം അസാധാരണമാണ്. ദൈവഭക്തി, ജീവകാരുണ്യം, സ്നേഹം ഇത്യാദി മനഃസംസ്കാരപരങ്ങളും, ഹൃദയസ്പൃക്കുകളുമായ ആ കാവ്യതല്ലജങ്ങൾ വന്ദ്യകവിചക്രവൎത്തികളായ ആശാൻ, ഉള്ളൂർ, വള്ളത്തോൾ എന്നിവരുടെ കൃതികളോടൊപ്പം കൈരളിയ്ക്കും കേരളീയൎക്കും പ്രത്യഗ്രമായ പ്രബുദ്ധതയെ നൽകീട്ടുണ്ട്.

ഇപ്രകാരമാലോചിച്ചാൽ കേരളക്രിസ്തീയസാഹിത്യകാരന്മാരിൽ കട്ടക്കയം ഏതുകൊണ്ടും പ്രശസ്തനും അദ്വിതീയനുമായ ഒരു കവിവൎയ്യനായിരുന്നുവെന്ന

വിചാരിക്കാവുന്നതാണ്. മതപണ്ഡിതൻെറയും കൃഷീവലൻെറയും നിലകളിൽ മാൎഗ്ഗദൎശിയായി അമൂല്യസേവനം ചെയ്തിരുന്ന ഒരു സമുദായസ്നേഹികൂടിയായിരുന്നു അദ്ദേഹം. ആ സമുദായത്തിൽ കട്ടക്കയത്തിന് എല്ലാ കാലത്തും ശ്രേഷ്ഠമായ ഒരു സ്ഥാനമുണ്ടായിരിക്കുന്നതാണ്. സ്വഭാവനൈൎമ്മല്യത്താൽ അദ്ദേഹം നാനാജാതിമതസ്ഥരുടെയും പ്രീതിയ്ക്കു പാത്രമായിരുന്നു. ഹൃദയാലുവും വിനീതനുമായിരുന്ന ആ മഹാകവി ഒരു ഭക്തൻെറ നിലയിലും സൎവ്വസംസേവ്യനായിരുന്നു.

ഒരു മഹാകവി, സമുദായനേതാവ്, അഗാധപണ്ഡിതൻ, വിദഗ്ദ്ധകർഷകൻ, സൎവ്വോപരി പരമഭക്തൻ എന്നീനിലകളിൽ സകലരുടേയും സ്നേഹാദരങ്ങൾക്കു പാത്രമായിരുന്ന ആ വന്ദ്യപുരുഷൻ 1936 നവംബർ 29-ാംതീയതി 78-ാമത്തെ വയസ്സിൽ കാലയവനികയ്ക്കുള്ളിൽ തിരോധാനം ചെയ്തു.

---

# 8. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ.

---

ഭാഷാസാഹിത്യാന്തരീക്ഷത്തിൽ ഭാസുരമായി പ്രോജ്ജ്വലിച്ചിരുന്ന ഒരു പ്രശസ്തതാരമായിരുന്നു മഹാകവി കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സുകൊണ്ടു്. കവികീർത്തി നേടിയവർ പലരുമുണ്ടെങ്കിലും തമ്പുരാനെപ്പോലെ കാവ്യനിർമ്മാണംകൊണ്ടുതന്നെ കാലംകഴിച്ചുകൂട്ടിയ മറെറാരാളുണ്ടെന്നു പറവാൻ കാണുന്നില്ല. എന്തിനും കവിത, എപ്പോഴും കവിത എന്ന നിഷ്ഠയിൽ കവിതാമയനായിരുന്ന തിരുമനസ്സിലെ അകാലനിര്യാണം മാതൃഭാഷയ്ക്കും മാതൃഭൂമിയ്ക്കും തീർത്താൽ തീരാത്ത ഒരു നഷ്ടമായി പരിണമിച്ചിട്ടുണ്ടു്.

1040-ാമാണ്ടു് കന്നിമാസത്തിലെ അശ്വതി നക്ഷത്രത്തിലാണു് അദ്ദേഹം ഭൂജാതനായതു്. സകലകലാനിലയവും, ശാസ്ത്രജാതസങ്കേതവുമായിരുന്ന കൊടുങ്ങല്ലൂർ കോവിലകത്തു വിദ്വാൻ കുഞ്ഞിരാമവർമ്മൻതമ്പുരാന്റെ സഹോദരിയായ കുഞ്ഞിപ്പിള്ള തമ്പുരാട്ടിയിൽ, വെണ്മണി അച്ഛൻ നമ്പൂരിപ്പാടിനുണ്ടായ ഓമനപ്പുത്രനാണു് തിരുമേനി.

സൎവ്വജനങ്ങൾക്കും കണ്ണിലുണ്ണിയായ ഈ ഉണ്ണി, മാതാപിതാക്കന്മാരുടേയും മററു ബന്ധുക്കളുടേയും സീമാതീതങ്ങളായ വാത്സല്യശുശ്രൂഷകളാൽ ഓജസ്സും തേജസ്സും തികഞ്ഞു വളൎന്നുവന്നു. അപരിചിതന്മാരിൽപ്പോലും വിശ്വാസവും സ്നേഹവും പ്രദൎശിപ്പിക്കത്തക്കതും, വിനയസംവൎദ്ധകവുമായ സ്വഭാവവൈശിഷ്ട്യം ചെറുപ്പം മുതല്ക്കേ തിരുമേനിക്കുണ്ടായിരുന്നു. പാരമ്പര്യക്രമമനുസരിച്ചു പ്രാരംഭപാഠങ്ങളും ലഘുകാവ്യങ്ങളും മററും, അന്നു കൊടുങ്ങല്ലൂർ കോവിലകത്തെ കുലഗുരുവായ വളപ്പിൽ ഉണ്ണിആശാനാണ് തിരുമേനിയെ പഠിപ്പിച്ചതു്. പദ്യം മനഃപാഠമാക്കുന്നതിൽ ചെറുപ്പകാലത്തു തന്നെ സഹപാഠികളെക്കാൾ വിശിഷ്ടമായ പ്രതിബോധകവൈഭവം തിരുമേനിക്കുണ്ടായിരുന്നതു കുടുംബപാരമ്പര്യമാഹാത്മ്യമല്ലാതെ മററൊന്നുമല്ല. സംസ്കൃതഭാഷയിൽ ഉപരിവിദ്യാഭ്യാസം ചെയ്യിച്ചതു് തിരുമേനിയുടെ അമ്മാവനായിരുന്ന മൂന്നാംകൂർ വിദ്വാൻ ഗോദവൎമ്മതമ്പുരാനാണ്. മററൊരു മാതുലനായിരുന്ന കുഞ്ഞിരാമവൎമ്മതമ്പുരാൻ, തൎക്കം വ്യാകരണം മുതലായ ശാസ്ത്രങ്ങൾ സമഗ്രമായി അഭ്യസിപ്പിച്ചു. ശാസ്ത്രസാരങ്ങളെല്ലാം തിരുമേനിയെ പരിശീലിപ്പിച്ചതു് അദ്ദേഹമായിരുന്നു. തിരുമനസ്സുകൊണ്ടു് ആ ഗുരുവിനോടുള്ള ഭക്തിയെ സ്വന്തകവിതയിൽ പ്രശ്രയപുരസ്സരം പ്രകാശിപ്പിച്ചിട്ടുണ്ടു്. ചിറയ്ക്കൽകോവിലകത്തു രാമവൎമ്മൻ തമ്പുരാൻ, ജ്യോത്സ്യൻ കുട്ടൻപട്ടർ, കവി

വര്യൻകാത്തുള്ളി അച്യുതമേനോൻ മുതലായവരായിരുന്ന അക്കാലത്തു തമ്പുരാൻെറ സഹപാഠികൾ. ഏകദേശം 15 വയസ്സായപ്പോഴേയ്ക്കു കാവ്യനാടകാലങ്കാരങ്ങളിൽ ദൃഢവ്യുല്പത്തി സമ്പാദിച്ച തമ്പുരാന് എട്ടാമത്തെ വയസ്സുമുതൽക്കേ കവിതാവാസന കലശലായുണ്ടായിരുന്നുവെന്നാണ് കേൾവി. പഠിക്കുവാനിരിക്കുമ്പോൾ ഉറക്കം തൂങ്ങുന്ന സതീർത്ഥ്യന്മാരെ ഫലിതരസങ്ങളായ ശ്ലോകങ്ങൾ ചൊല്ലി കേൾപ്പിച്ചു കളിയാക്കുക അദ്ദേഹത്തിന് ഒരു വിനോദമായിരുന്നു.

H.561

കോവിലകത്തെ മാമൂലനുസരിച്ചു നമ്മുടെ തിരുമേനി, ഉപനയത്തിനുശേഷം പതിനാറാമത്തെ വയസ്സിൽ കൊടുങ്ങല്ലൂർ ദേവീക്ഷേത്രത്തിൽ "സംവത്സരഭജനം" നടത്തി. ദേവീഭജനം കഴിഞ്ഞാൽ കൊടുങ്ങല്ലൂർ തമ്പുരാക്കന്മാൎക്കു പൂൎവ്വാധികം പ്രതിഭാവിലാസമുണ്ടാകുമെന്നാണ് വിശ്വാസം. സംവത്സരഭജനാനന്തരം തിരുമേനിക്കു പ്രശസ്തമായ ബുദ്ധിശക്തിയുണ്ടായി. അച്ഛൻെറ സാഹചൎയ്യത്താലും, തത്വോപദേശങ്ങളാലും തിരുമനസ്സിലെ കവിതാലത വാട്ടംകൂടാതെ വളൎന്നുവന്നു. ഗുരുകുലവിദ്യാഭ്യാസത്തിനു കേരളത്തിലെ ഒരു തക്ഷശിലയായിരുന്നു അന്നത്തെ കൊടുങ്ങല്ലൂർകോവിലകം. വേദശാസ്ത്രപാരംഗതന്മാരായ അനേകം പണ്ഡിതന്മാരാൽ അന്നു കോവിലകം അലംകൃതമായിരുന്നു. വെണ്മണി അച്ഛൻനമ്പൂരിപ്പാട്, വെണ്മണിമഹൻ നമ്പൂരിപ്പാട്, ഒറവങ്കര നീലകണ്ഠൻനമ്പൂരിപ്പാട്, കാത്തുള്ളി അച്യുതമേനോൻ, കൊടുങ്ങല്ലൂർ ചെറിയ കൊച്ചുണ്ണിത്തമ്പുരാൻ, കവിതിലകൻ കുണ്ടൂർ നാരായണ

മേനോൻ, നടുവത്തു് അച്ഛൻനമ്പൂതിരി തുടങ്ങിയ മഹാശയന്മാരുടെ സാന്നിദ്ധ്യം ആ കോവിലകത്തെ ഒരു മഹാകവിസദസ്സായി ഉയൎത്തിയിരുന്നു. അവരുടെ ആഭിമുഖ്യത്തിൽ പല ദ്രുതകവിതാമത്സരങ്ങളും അന്നു നടന്നുപോന്നു. മഹാകവികളുമായുള്ള സഹവാസം, തിരുമനസ്സിലേയ്ക്കു പല കവനസമ്പ്രദായങ്ങളും പരിചയിക്കുവാൻ സന്ദൎഭമുണ്ടാക്കിയിട്ടുണ്ടു്. നിമിഷകവനത്തിൽ അന്നു കുഞ്ഞിക്കുട്ടൻതമ്പുരാനെ ജയിക്കുവാൻ ആരുമുണ്ടായിരുന്നില്ല. നാടകം, ഭാണം, മണിപ്രവാളം, തുള്ളൽ മുതലായ ഭാഷാസാഹിത്യപ്രസ്ഥാനങ്ങൾപലതും അന്നത്തെ കവിതാവേഗപരീക്ഷയ്ക്കു വിഷയമാക്കിയിരുന്നു. 'സരസദ്രുതകവികിരീടമണി' എന്ന ശ്രേഷ്ഠസ്ഥാനത്തിനൎഹനായ തിരുമേനി അവയിൽ പല ശാഖകളിലും ഉൽകൃഷ്ടമായ വിജയം നേടി. നിമിഷകവനത്തിന്റെ മാററുരയ്ക്കുവാൻ ശക്തമായ ഒരു നികഷം തന്നെയായിരുന്നു തിരുമനസ്സിലെ കവിത. തച്ഛാഖയിൽ അദ്ദേഹത്തെ വെല്ലുവാൻ അദ്യാപി ആരും ശക്തരായിട്ടില്ല.

സംസ്കൃതഭാഷയിൽ സുഭദ്രാഹരണം, ജരാസന്ധവധവ്യായോഗം, കിരാതാൎജ്ജുനീയവ്യായോഗം, മുതലായ പല കൃതികളും അദ്ദേഹം രചിച്ചിട്ടുണ്ടു്. സംസ്കൃതത്തിൽ ആ ഭാഷാഭക്തനുള്ള സ്വാധീനവും തത്കവിതാശൈലിയിലുള്ള പ്രശസ്തമായ പരിചയവും, തികച്ചും അഭിനന്ദനാൎഹങ്ങളാകുന്നു. കവികീൎത്തിക്കുവേണ്ടി ഒട്ടും ക്ലേശിച്ചിട്ടുള്ള ആളല്ല, തമ്പുരാൻ. സ്വാതന്ത്ര്യകൃതികൾ രചിക്കുന്നതിലും തൎജ്ജിമ

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

ചെയ്യുന്നതിലും അദ്ദേഹം അതീവ വിദഗ്ദ്ധനായിരുന്നു.

"നകൃതം സുകൃതം കിഞ്ചിൽ_ബഹുധാ ദുഷ്കൃതംകൃതം."

എന്നു പറഞ്ഞുകഴിയുമ്പോൾ,

"ഒട്ടും ചെയ്തില്ല സുകൃതം —ഒട്ടേറെച്ചെയ്തു ദുഷ്കൃതം"

എന്നും,

"ന ജാനേ ജാനകീജാനേ-യമാഹ്വാനേ കിമുത്തരം"

എന്നതിനു്,

"രാമ! കാലൻ വിളിക്കുമ്പോൾ_നാമെന്തോതേണ്ടു_
തുത്തരം."

എന്നും, പഠിച്ചതുചൊല്ലുമ്പോലെ ഭാഷാശൈലിക്കു കോട്ടം തട്ടാതേയും, പദങ്ങളൊന്നും വിട്ടുകളയാതേയും, പ്രാസം ദീക്ഷിച്ചും, അർത്ഥപൗഷ്കല്യത്തോടുകൂടിയും, വളരെ വേഗത്തിലും തർജ്ജിമചെയ്യുവാൻ തിരുമനസ്സിലേയ്ക്കു മാത്രമേ സാധിച്ചിട്ടുള്ളു. പദ്യരചനാവിഷയത്തിൽ അമാനുഷികമായ പ്രതിഭാവിലാസമാണു് തിരുമേനിക്കുണ്ടായിരുന്നതു്. പുരാണതർജ്ജിമകളെ സാഹിത്യലോകത്തിൽനിന്നു നിശ്ശേഷം വർജ്ജിക്കേണ്ടതാണെന്നു പ്രവചിക്കുന്ന അധുനാതനന്മാർപോലും തിരുമേനിയുടെ വിവർത്തനവൈദഗ്ദ്ധ്യത്തേയും നിർമ്മാണചാതുരിയേയും മനസ്സിലാക്കിയിട്ടുണ്ടെങ്കിൽ വിസ്മയിക്കാതിരിക്കുകയില്ല. ലക്ഷത്തിഅൻപതിനായിരം പദ്യങ്ങളുള്ള മഹാഭാരതം, പദ്യാനുപദ്യം പരിഭാഷപ്പെടുത്തിയ ആ പണ്ഡിതവര്യന്റെ സ്ഥിരോത്സാഹവും, ധിഷണാവിലാസവും, കലാവൈഭവവും അനന്യസാമാന്യമായിരുന്നുവെന്നു പറയുന്നതിൽ ലേശവും അതിശയോക്തിയുണ്ടെന്നു തോന്നുന്നില്ല. ഭാരതം തർജ്ജിമയെപ്പററിപലരും

പലതും അഭിപ്രായപ്പെട്ടിട്ടുണ്ടെങ്കിലും, മൂലശ്ലോകങ്ങളുടെ ജീവൻ കളയാതെ വിവൎത്തനം ചെയ്യുവാൻ തിരുമനസ്സിലെപ്പോലെ വേറെ ആൎക്കു സാധിച്ചിട്ടുണ്ടു്.? നിത്യം കുളിയും തേവാരവും കഴിച്ചു് 100 പദ്യംവീതം തൎജ്ജിമചെയ്യല്ലാതെ കഥാപുരുഷൻ കൃത്യാന്തരങ്ങളിൽ പ്രവേശിക്കാറില്ലായിരുന്നു. അക്കാലത്തു് എവിടെപ്പോയാലും ആ കൃത്യം മുടക്കാറുമില്ല. നിമിഷകവനത്തിൽ തിരുമേനിക്കുണ്ടായിരുന്ന വാസനാവൈഭവത്തിനു പല ദൃഷ്ടാന്തങ്ങളുമുണ്ടു്. അദ്ദേഹത്തിൻെറ പ്രഥമകൃതിയായ 'ദക്ഷയാഗശതകം മണിപ്രവാളം' ഒരു നിമിഷകവനമാണു്. ശ്രീസ്തുതി, ശവ്വരമനം, തീവണ്ടി മുതലായവയും തമ്പുരാൻെറ നിമിഷകവനങ്ങളത്രേ. കവിഭാരതം, നല്ല-ഭാഷ, പാലുള്ളിചരിതം, കാദംബരീകഥാസാരം, ശങ്കരാചാൎയ്യചരിതം, തുപ്പൽക്കോളാമ്പി, മദിരാശിയാത്ര, കംസൻ, ശരദസേതുബന്ധം, നാരായണാസ്ത്രദാനം, ഭീഷ്മസമാധി, ഭീമയോഗം, യാത്രാദാനം മുതലായ സ്വതന്ത്രകൃതികളും, ശുകസന്ദേശം, കോകിലസന്ദേശം, ലക്ഷണാസംഗം, ആശ്ചൎയ്യചൂഡാമണി, ഒതല്ലോ, ഹാംലെററു് മുതലായ നാടകതൎജ്ജിമകളും, ചന്ദ്രിക, ബഭ്രുവാഹനചരിതം, മാൎത്താണ്ഡവൎമ്മവിജയം എന്നീ സ്വതന്ത്രനാടകങ്ങളും, കൂടൽമാണിക്യം, ദ്രോണാചാൎയ്യർ മുതലായ ചരിത്രകാവ്യങ്ങളും ഭാഷാദേവിയുടെ പദപങ്കജങ്ങളിൽ കാഴ്ചവച്ച തിരുമേനി, ഭാഷാപ്രണയികളിൽ അഗ്രേസരനായിരുന്നുവെന്നു വേണം പറയുവാൻ. അനേകം പാനകളും, കൈകൊട്ടിക്കളിപ്പാട്ടുകളും തമ്പുരാൻ രചിച്ചിട്ടുണ്ടു്. ഭാഷാപ്രണയിയായ ശ്രീമാൻ പി. വി.

കൃഷ്ണവാര്യരവർകരം കുഞ്ഞിക്കുട്ടൻതമ്പുരാന്റെ പല കൃതികളും പ്രസിദ്ധപ്പെടുത്തി ഭാഷാസാഹിത്യത്തിന് അഭിവൃദ്ധിയുണ്ടാക്കിക്കൊണ്ടിരിക്കുന്നതു് അഭിനന്ദനീയമായിരിക്കുന്നു. രാജർഷിത്തിരുമേനിയുടെ ഷഷ്ടിപൂത്തിക്കു ഷഷ്ടിയാവട്ടെ എന്നു പറഞ്ഞു് അറുപതു പദ്യങ്ങളെഴുതിയതും, യമക കാവ്യത്തിന്റെ അഭിപ്രായം യമകത്തിലയച്ചതും, പദ്യത്തിൽത്തന്നെ പ്രസാംഗം നടത്തിവന്നതും മററും തിരുമനസ്സിലെ അതുലമായ കവനകലാവൈഭവം തന്നെയാണു്. പദ്യത്തിൽ പ്രസംഗം നടത്തുകയെന്നതു് ഇതരകവികരംക്കു സാദ്ധ്യമാണോ എന്നുകൂടി സംശയിക്കേണ്ടിയിരിക്കുന്നു. എത്ര വേഗത്തിലായാലും തിരുമേനിയുടെ രചനയിൽ അബദ്ധം പിണയാറില്ല.

തിരുമനസ്സിലെ വകയായി അനവധി മംഗളപദ്യങ്ങളും, ഛായാപദ്യങ്ങളും ഉണ്ടു്. ഫലിതവും കാര്യവും ഉരംപ്പെടുത്തി അദ്ദേഹം രചിച്ചിട്ടുള്ള മംഗളഗാനങ്ങളിൽ പലതും മറന്നാൽക്കൂടി മറക്കുവാൻ കഴിയാത്തവയാണു്.

നടുവത്തച്ഛൻനമ്പൂതിരിക്കു തിരുമനസ്സുകൊണ്ടു് അയച്ച ഒരു കത്തിലെ മംഗളപദ്യം നോക്കുക:—

"മന്മഥന്റെ തടി മുടിയൻ
നിർമ്മലതാരേശ ജാഹ്നവീ മുടിയൻ,
നമ്മുടെ ശർമ്മം കുടിയൻ
നന്മതരട്ടേ! ഭവാനുമാമടിയൻ."

അച്ഛൻനമ്പൂതിരിപ്പാട്ടു് മറുപടിയയപ്പാൻ മടിച്ചിരിക്കുന്നതു കണ്ടപ്പോരം തമ്പുരാൻ വീണ്ടുമെഴുതിയ ഒരു കത്തിലെ മംഗളപദ്യമാണു് ഇതു്. പദ്യാവസാനത്തിലുള്ള 'ഉമാമടിയൻ' എന്നതിലെ 'മടി

യൻ' എത്രമാത്രം ഹൃദ്യമായിരിക്കുന്നു! അതുപോലെ,

"മടിയിൽത്തന്നെയെന്നല്ല
മുടിയിൽക്കൂടിയച്ചിയെ
കുടികൊള്ളിച്ചിട്ടും സർവ്വ-
മുടിയസ്വാമിയെത്തൊഴാം."

സംഹാരമൂർത്തിയായ ശിവനെ സർവ്വമുടിയസ്വാമിയെന്നു വിളിക്കുവാൻ തിരുമേനിയെപ്പോലെ മററാരാളും ധൈര്യപ്പെട്ടിട്ടില്ല. നോക്കുക, അദ്ദേഹത്തിൻെറ ഭാഷാസ്വാധീനവും ഫലിതചാതുര്യവും!

തിരുമനസ്സിലെ ഛായാപദ്യങ്ങളെല്ലാം അത്യന്തം തന്മയസംഭരിതങ്ങളായിക്കാണുന്നു.

"നാറിക്കീറി മുഷിഞ്ഞ മുണ്ടു വികടം
ചുററീട്ടരക്കെട്ടിലായ്
വാരിക്കുത്തിയ കണ്ട കാട്ടിലയുമായ്
ചേററിൽക്കളിച്ചങ്ങനെ
കീറപ്പാള പൊളിഞ്ഞതൊന്നു തലയിൽ
ചൂടിപ്പെരുത്താശക്കിടെ-
പ്പീറപ്പാട്ടുകൾ പാടി നല്ല രസമായ്
ഭ്രാന്തൻ കടന്നെത്തിനാൻ."

അദ്ദേഹം ആ ഭ്രാന്തൻെറ വേഷം ഏററവും പ്രതിഫലനശക്തിയുള്ളതാക്കിക്കാണിച്ചിരിക്കുന്നു. പ്രതിപാദ്യവസ്തുവിനെ പ്രത്യക്ഷമാക്കുന്നതുപോലെയുള്ള ഒരു ബോധം തിരുമേനിയുടെ ഛായാപദ്യങ്ങൾ നൽകുന്നുണ്ടു്.

തജ്ജിമയിൽ അദ്ദേഹത്തിനുണ്ടായിരുന്ന പാടവം അനന്യാദൃശമാണു്. ഉദാഹരണത്തിനു് ആശ്ചര്യചൂഡാമണിയിലെ ഒരു ശ്ലോകം ഉദ്ധരിക്കാം.

സുന്ദരീരൂപംചമഞ്ഞുവരുന്ന ശൂർപ്പണഖയെക്കണ്ടു ലക്ഷ്മണൻ വിചാരിക്കുന്നു:—
"സനാഥീ കുർവ്വാണാ ധരണി മഥവാ ധാമമരുതാം
ഭവേദേഷാകാമം വിരമതുവിതക്കശ്ചേലധിയാം
വചഃകർത്തും പിത്രോർവ്വനമിദമവാപ്തസ്യ വശിനോ
വശേതിഷ്ഠൻ ഭ്രാതുഃ സ്മരപരവശസ്സ്യാം കഥമഹം."
എന്ന പദ്യത്തിൻെറ തർജ്ജിമ നോക്കുക:—
മന്നിൻ ഭൂഷണമായിടട്ടെയഥവാ വിണ്ണിന്നല-
ങ്കാരമാ-
ണെന്നായ്ത്തന്നെ വരട്ടെ, പോട്ടെ ചപല-
ന്മാർക്കാണവററിൽഭ്രമം
നന്നായിപ്പിതൃവാക്കു കേൾക്കുവതിനായിക്കാട്ടിെഴും-
ധീരനാ-
മെന്നാര്യൻെറ വശത്തു വാഴുമൊരു ഞാൻ
കാമാർത്തനായീടുമോ."

രസവും ജീവനും ലേശവും കളയാതേയും, ഭാഷാ ശൈലിയ്ക്കു കോട്ടം വരുത്താതേയുമുള്ള ഇത്തരം പ്രോജ്ജ്വലതർജ്ജിമകൾ ഭാഷാദേവിയുടെ അനർഘനിക്ഷേപങ്ങൾതന്നെയാണ്. "വിരമതു വിതക്കശ്ചേലധിയാം" എന്നതിന് "പോട്ടെ ചപലന്മാർക്കാണവററിൽ ഭ്രമം" എന്നും, "വചഃകർത്തും പിത്രോർവ്വനമിദമവാപ്തസ്യ വശിനോവശേതിഷ്ഠൻഭ്രാതുഃ" എന്നതിന് "നന്നായിപ്പിതൃവാക്കു കേൾക്കുവതിനായിക്കാട്ടിെഴും ധീരനാ മെന്നാര്യൻെറ വശത്തുവാഴുമൊരു ഞാൻ" എന്നും ഒരു ക്ലിഷ്ടതയും കൂടാതെ വിവർത്തനം ചെയ്തിരിക്കുന്നതു് എത്രയും ഹൃദ്യമായിരിക്കുന്നുണ്ടു്.

മഹാഭാരതത്തിലുൾപ്പെട്ടതാണെങ്കിലും സാരഗൌരവംകൊണ്ടു മറെറാരു മഹാഗ്രന്ഥമായിത്തീർന്നിട്ടു

ള്ള ഭഗവദ് ഗീതയുടെ പരിഭാഷ ഭാഷാഭിമാനികൾക്കും, ഭാഷായോഷയ്ക്കും ഒരു പ്രത്യേകസ്വത്തായിത്തീർന്നിരിക്കുന്നു. ശൃംഗാരരസപ്രതിപാദനം തിരുമേനിക്ക് അസാദ്ധ്യമാണെന്നു പരക്കെ ഒരഭിപ്രായമുണ്ടായിരുന്നു. ആ അഭിപ്രായത്തെ പാടെ മാററുന്ന ഒന്നാണ് തിരുമനസ്സിലെ "ചന്ദ്രിക" എന്ന സ്വതന്ത്രനാടിക. ചന്ദ്രിക കൈരളീദേവിയുടെ രത്നഖചിതമായ ഒരു ഭൂഷണമാണ്.

പണ്ടത്തെ പ്രാസവഴക്കിൽ തിരുമനസ്സുകൊണ്ടു മാദ്ധ്യസ്ഥ്യം വഹിച്ച് പല സരസപദ്യങ്ങളും രചിച്ചിട്ടുണ്ട്.

"രണ്ടാംവർണ്ണപ്രാസം
കൊണ്ടാടി പ്രൌഢിമ ചേർക്കമൊരു ധർമ്മം
കുണ്ടാമണ്ടിയിലാക്കി-
ക്കൊണ്ടാക്ഷേപിച്ചിടുന്നു പുതിയ ചിലർ.
പ്രായേണ ദ്രാവിഡച്ചൊൽകളിലിടകലരും
പ്രാസസൌഭാഗ്യമുണ്ടെ-
ന്നായേ ലോകം രസിക്കൂ! കവിതയിലതിനാൽ
ബ്ഭൂരിപക്ഷത്തെ നോക്കി,
ച്ചായേണം നമ്മളങ്ങോട്ടതിനിടയിൽ വെറും
വാഗ്വിവാദം തുടങ്ങി-
പ്പോയേച്ചാൽ കാര്യമുണ്ടോ കവിതകളെഴുതി
ക്കൂട്ടുവിൻ കൂട്ടുകാരേ!"

എന്നിങ്ങനെ സ്വാഭിപ്രായം പ്രകടിപ്പിച്ച അദ്ദേഹത്തിന്റെ സംസ്കാരവിശേഷം ഏററവും സ്തുത്യർഹമായിരിക്കുന്നു. സാഹിത്യവിഷയത്തിൽ പൊതുവെ രുചിക്കുന്ന രീതി അനുവർത്തിക്കുകയെന്നല്ലാതെ ഒരാൾ മാത്രം ഒരഭിപ്രായത്തിന്റെ വാലിൽ തൂങ്ങിയിട്ടെന്തു കാര്യം? "ഭൂരിപക്ഷത്തെ നോക്കിച്ചായേണം," "കവിതകളെഴുതിക്കൂട്ടുവിൻ കൂട്ടുകാരേ" എന്നീ അഭിപ്രായങ്ങൾ അദ്ദേഹത്തിന്റെ നിസ്വാർത്ഥമായ സ്വഭാവവൈശിഷ്ട്യ

ത്തെ പ്രദ്യോതിപ്പിക്കുന്നു. അഭിനവ സാഹിത്യകാരന്മാരിൽ മുറിക്കുന്തക്കാരും മക്കടമുഷ്ടിക്കാരുമായ പലക്കും പ്രസ്തുത പദ്യം ഒരു വലിയ പാഠം നൽകുന്നുണ്ടു്. ഈ ഉദ്ബോധനം അദ്ദേഹത്തിൽ തിങ്ങിത്തിളങ്ങുന്ന ഭാഷാഭിമാനത്തിന്റെ ഒരു പ്രതിഛായകൂടിയാണു്.

കവിത ഇത്രമാത്രം ഹൃദ്യമായും വിനോദകരമായും കരുതിയിരുന്ന മറെറാരു കവിയും കേരളത്തിൽ ജനിച്ചിട്ടില്ല. കത്തിടപാടുകളെല്ലാം അദ്ദേഹം കവിതയിലേ നടത്തിയിട്ടുള്ളു. പദ്യത്തിലുള്ള കത്തുകൾക്കു പദ്യത്തിൽത്തന്നെ മറുപടി കിട്ടിയിട്ടില്ലെങ്കിൽ അദ്ദേഹത്തിനു മഹാ ആക്ഷേപമായിത്തോന്നിയിരുന്നു. കവനകലയിൽ മററുള്ളവരേക്കൂടി പ്രോത്സാഹിപ്പിക്കുകയും, കേരളഭാഷാസാഹിത്യത്തെ പ്രചരിപ്പിക്കുകയുമാണു് അദ്ദേഹം ഈ പ്രവൃത്തികൊണ്ടു നിർവ്വഹിച്ചിരുന്നതു്. ശ്രീമാൻ കോയിപ്പിള്ളിൽ പരമേശ്വരക്കുറുപ്പവർകളെ പ്രോത്സാഹിപ്പിക്കുവാൻ തിരുമേനി രചിച്ച ഒരു പദ്യം ഉദ്ധരിച്ചുകൊള്ളട്ടെ!

"പരമേശ്വര! പറയുകില്ലിനി-
പ്പരമസ്സൽകൃതി തീർത്തുതള്ളെടോ
തരമല്ല മടിച്ചിരിക്കിൽ മേ-
ത്തരമായുള്ളൊരു പേരെടുക്കുവാൻ."

ഇങ്ങനെ തന്നെത്താൻ അശ്രാന്തപരിശ്രമം ചെയ്തും, മററുള്ളവരെ സർവ്വാത്മനാ പ്രോത്സാഹിപ്പിച്ചും ഭാഷാദേവിയുടെ ഭണ്ഡാഗാരം പരിപുഷ്ടമാക്കുവാൻ തമ്പുരാനവർകളല്ലാതെ മറെറാരു കവിയും ശ്രമിച്ചിട്ടില്ലെന്നുതന്നെ പറയാം. സഹൃദയാഗ്രേസരനും, കാവ്യകലാമർമ്മജ്ഞനും, ഈശ്വരഭക്തനുമായ കുഞ്ഞിക്കുട്ടൻതമ്പുരാന്റെ കീർത്തി ഇങ്ങനെ സാഹിത്യലോകത്തിൽ സുപ്രതിഷ്ഠിതമായിത്തീൎന്നു.

തിരുമനസ്സുകൊണ്ടു് 1088 മകരം 19-ാംതീയതി

49-ാമത്തെ വയസ്സിലാണ് ചരമഗതിയടഞ്ഞതു്. ചരമത്തിനു പത്തോ പന്ത്രണ്ടോ ദിവസംമുമ്പു തിരുമേനി, ശ്രീമാൻ പി. വി. കൃഷ്ണവാര്യർ അവർകൾക്ക് ഒരു മംഗളപദ്യം എഴുതിയയയ്ക്കുകയുണ്ടായി. കവികൾക്കു ചിലപ്പോൾ 'അറം' പററുമെന്നു പറയാറുള്ളതു് യഥാർത്ഥമാണെങ്കിൽ മഹാകവിയായ നമ്മുടെ തമ്പുരാന്ന് ആ പദ്യത്തിലാണ് അറം വന്നതെന്ന് വിചാരിക്കേണ്ടിയിരിക്കുന്നു.

ഇതാണ്പദ്യം:—

"രാജദ്ഭാവരസം സരസ്വതിമുഖംവാണാദിശേഷൻെറയും,
സൌജന്യക്കടൽ മങ്കയാം ദയ കരാം—
ആണ്ടാണ്ടു കൃഷ്ണൻെറയും,
വ്യാജംവിട്ടു നടപ്പെടുത്തു വിലസും ശ്രീകൌമുദീകാമുക—
ഭ്രാജന്മൌലിപരൻ 'പരമ്പരസുഖം'
നൽകാൻ പ്രസാദിക്കണം."

"കവനകൌമുദീ"കാമുകനായ തിരുമേനി, "പരമ്പരസുഖ"ത്തിനുവേണ്ടി പ്രാർത്ഥിച്ചതിൻെറ ഫലമായിട്ടോ എന്തോ, കാലവിളംബമെന്യേ യശശ്ശരീരനായിത്തീർന്നു. യഥാർത്ഥകേരളവ്യാസനും, സരസദ്രുതകവികിരീടമണിയുമായിരുന്ന തിരുമേനിയുടെ ചരമവാർത്ത കണ്ണീരും കയ്യുമായിട്ടല്ലാതെ ഭാഷാപ്രണയികളിൽ ആക്കും ഓക്കുവാൻ കഴിയുകയില്ല. ശബ്ദങ്ങളെ സ്വേച്ഛപോലെ സരസമായി പ്രയോഗിക്കുവാൻ കെല്പൊന്ന ആ അഭിജ്ഞോത്തംസത്തിൻെറ അകാലദേഹവിയോഗം കൈരളിയെ കണ്ണീർക്കടലിലാഴ്ത്തി.

"അനന്തവിജ്ഞാനഗുണൈകധാമം,
ആനന്ദകാവ്യാമൃതവാരിവാഹം,
അക്കേരളവ്യാസൻ; അഹോ! ഹതാശേ!
ഖേദിക്ക, നീയെൻ മലയാളഭാഷേ!"

# 9. കുമാരനാശാൻ.

"കേരള ഭവഭൂതി" എന്ന അപരനാമത്തിന്നു സർവ്വഥാ അർഹനായ ഒരനുഗൃഹീത മഹാകവിയാണു് പരേതനായ കുമാരനാശാനവർകൾ. അന്യാദൃശവും വിസ്തൃതവുമായ ഭാവനാസരോവരത്തിൽ സമുൽഭൂതങ്ങളായി, ലോകരുടെ ബാഹ്യാന്തർദൃഷ്ടികളെ ഒന്നുപോലെ കുളൂർപ്പിക്കത്തക്കവിചിത്രഭംഗിയോടുകൂടി, 'സ്നേഹമാണഖിലസാരമൂഴിയിൽ' എന്ന ദിവ്യതത്വപരാഗത്തെ കേരളക്കരയിൽ സർവ്വത്ര വിതറി, വിമലവിഭാപൂരത്തെ വിസ്തരിക്കുന്ന അദ്ദേഹത്തിൻെറ കവനപ്രകാണ്ഡങ്ങൾ കൈരളീദേവിയുടെ കബരീഭാരത്തെ അലങ്കരിക്കുന്ന വാടാമല്ലികകളാണു്. ഇത്രമാത്രം പ്രശസ്തനായ ആ മഹാനുഭാവൻ തെക്കൻ തിരുവിതാംകൂറിൽ ചിറയിൻകീഴതാലൂക്കിലുള്ള കായിക്കര എന്ന സ്ഥലത്തു തൊമ്മൻ വിളാകത്തു വീട്ടിൽ 1046 മേടം 1-ാംതീയതി ജനിച്ചു. കൊച്ചുപെണ്ണു് എന്നു വിളിച്ചുവന്ന കാളിയമ്മ, ശ്രീമാൻ നാരായണൻ എന്നീ ദമ്പതികൾക്കാണു് ആശാൻെറ മാതാപിതാക്കന്മാരായിരിപ്പാൻ ഭാഗ്യം ലഭിച്ചതു്.

ഈ മഹാനുഭാവൻെറ ആവിർഭാവത്താൽ ലോകരംഗത്തു വിഖ്യാതമായിത്തീരുവാനിടവന്ന ഈഴവസമുദായം, അദ്ദേഹത്തിൻെറ കുട്ടിക്കാലത്തു് ഇന്നത്തെ നിലയിൽ പ്രബുദ്ധവും പരിഷ്കൃതവു

മായിരുന്നില്ല. വിദ്യാഭ്യാസവിഷയത്തിൽ അന്നുള്ളവർ വളരെ പിന്നോക്കമായിരുന്നുവെങ്കിലും, സാമാന്യം വിദ്വാനും ഒരു കവിയുമായിരുന്ന പിതാവു് കുട്ടിയെ ഏഴാമത്തെ വയസ്സിൽ കുടിപ്പള്ളിക്കൂടത്തിലാക്കി പഠിപ്പിക്കുവാൻ ആരംഭിച്ചു. എഴുതുവാനും വായിക്കുവാനും കണക്കുകൂട്ടുവാനും ശീലിച്ച ശേഷം 'കൊച്ചുരാമൻ വൈദ്യൻ' എന്നൊരാളുടെ അടുക്കൽ സംസ്കൃതഭാഷാഭ്യസനത്തിനു് ആശാൻ നിയുക്തനായി. കുറച്ചുകാലത്തിനുശേഷം അദ്ധ്യാപകവൃത്തിയിൽനിന്നു കൊച്ചുരാമൻവൈദ്യൻ വിരമിക്കുകയാൽ സംസ്കൃതത്തിലെ പ്രഥമപാഠങ്ങളും, ശ്രീകൃഷ്ണവിലാസം മുതലായ ചില ലഘുകാവ്യങ്ങളും വശമാക്കുന്നതിനേ അപ്പോൾ ആശാനു സാധിച്ചുള്ളു. അച്ഛൻെറ പരിശ്രമഫലമായി സ്വദേശത്തു സ്ഥാപിതമായ ഒരു ഗവമ്മെൻറു പള്ളിക്കൂടത്തിലാണു് പിന്നീടു 13 വയസ്സുവരെയുള്ള അദ്ധ്യയനകാലം അദ്ദേഹം നയിച്ചതു്. തതഃപരമായ വിദ്യാഭ്യാസത്തിനു വേണ്ട ആനുകൂല്യാഭാവത്തിൽ കുറച്ചുകാലം ആ പള്ളിക്കൂടത്തിൽത്തന്നെ ഒരദ്ധ്യാപകനായും, സമീപവാസിയായ ഒരു വ്യാപാരിയുടെ കണക്കപ്പിള്ളയായും ആശാൻ ജോലിനോക്കിയിട്ടുണ്ടു്. സമീപസ്ഥനായ മണമ്പൂർ ഗോവിന്ദനാശാൻ നടത്തിവന്ന സംസ്കൃത പാഠശാലയിൽ ചേൎന്നു്, പതിനാറാമത്തെ വയസ്സിൽ അദ്ദേഹം വീണ്ടും സംസ്കൃതം പഠിക്കുവാൻ തുടങ്ങി. അനിതരസാധാരണമായ ധിഷണാശക്തിയാൽ

മാഘം, നൈഷധം, ഭോജചമ്പു, ശാകുന്തളം, കുവലയാനന്ദം മുതലായ കാവ്യനാടകാലങ്കാരഗ്രന്ഥങ്ങൾ പഠിച്ചു പാണ്ഡിത്യം സമ്പാദിക്കുവാൻ കുറച്ചു കാലമേ അദ്ദേഹത്തിനു വേണ്ടിവന്നുള്ളു.

ആശാന്റെ സർവ്വോൽകർഷത്തിനും കാരണഭൂതനായ ശ്രീനാരായണഗുരുസ്വാമികൾ അന്നു 'നാണുസ്വാമി'യായി വ്രജീവ്രതമനുഷ്ഠിക്കുകയായിരുന്നു. അദ്ദേഹം 'കായിക്കര' വന്നു വിശ്രമിക്കാറുള്ള കാലങ്ങളിൽ ആശാന്റെ പിതാവായ ശ്രീമാൻ നാരായണൻ, ആ വന്ദ്യഗുരുവിനെ പലപ്പോഴും സ്വഭവനത്തിൽ ക്ഷണിച്ചുവരുത്തി ബഹുമാനിച്ചിട്ടുണ്ട്. തന്മൂലം ആശാനു പത്തുപതിനാറു വയസ്സു പ്രായമായപ്പോഴേയ്ക്കും സ്വാമികളുമായി വേണ്ടപോലെ പരിചയപ്പെടുവാൻ സന്ദർഭം ലഭിച്ചു. പതിനാറു വയസ്സുതികയുന്നതിനു മുമ്പുതന്നെ പദ്യനിർമ്മാണത്തിലുണ്ടായിരുന്ന വാസന ആശാനു കാവ്യകലയിലേയ്ക്കു വഴിതെളിച്ചുകൊടുത്തു. പതിനെട്ടാമത്തെ വയസ്സിൽ ആശാൻ പാഠശാലാഭ്യസനം മതിയാക്കി. അനന്തരം സ്വാമികളോടുള്ള സഹവാസമാണ് ആശാനെ നാനാപ്രകാരേണയും വിശ്രുതനാക്കിത്തീർത്തതു്. ആശാൻ പാരായണം ചെയ്തുവന്ന വേദാന്തഗ്രന്ഥങ്ങളും, സഹചാരംചെയ്തുവന്ന നിഗമാഗമപാരാവാരപാരംഗതനായ ആ മഹാത്മാവും അദ്ദേഹത്തെ ലൌകികപദവിയിൽനിന്നു് ഒരു വേദാന്തിയെന്ന നിലയിലേയ്ക്കു് ആരോ

ഹണം ചെയ്യിച്ചു. അക്കാലത്തു ഭക്തിപരങ്ങളായ ചില സ്തോത്രങ്ങളും, കർണ്ണാമൃതങ്ങളായ പല ഗാനങ്ങളും അദ്ദേഹം എഴുതിയിട്ടുണ്ട്. ആയിടയ്ക്കു സ്വദേശത്തോടടുത്തുള്ള ഒരു ക്ഷേത്രത്തിലേയ്ക്കു് ആശാൻെറ താമസം മാററുകയും, ഒരു ഭക്തൻെറ നിലയിലും പൂജകൻ എന്ന നിലയിലും കുറേക്കാലം അദ്ദേഹം അവിടെ കഴിച്ചുകൂട്ടുകയും ചെയ്തു. അവിടെ വച്ചു് ഒഴിവുസമയത്തു കുട്ടികളെ സംസ്കൃതം പഠിപ്പിക്കുന്നതിൽ അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നു. ആ ജോലിയാണു് അദ്ദേഹത്തെ 'ആശാൻ' എന്ന ബഹുമാന്യസ്ഥാനത്തിനു് അർഹനാക്കിത്തീർത്തതു്.

അനന്തരം സ്വാമികൾ ആശാനെ അരുവിപ്പുറം ക്ഷേത്രത്തിലേയ്ക്കു ക്ഷണിച്ചു. അങ്ങനെ ഗുരുശിഷ്യബന്ധം കുറേക്കൂടി ദൃഢപ്പെടുകയും, അദ്ദേഹം മൂന്നു സംവത്സരക്കാലത്തോളം സ്വാമികളെ അനുഗമിച്ചു പല സ്ഥലങ്ങളിലും സഞ്ചരിക്കുകയും, വേദശാസ്ത്രങ്ങൾ അഭ്യസിക്കുകയും, യോഗാഭ്യാസം പരിശീലിക്കുകയും ചെയ്തു. അന്നു മൈസൂർ സർവ്വീസിലിരുന്ന ഡാക്ടർ പൽപ്പുവിൻെറ താല്പര്യപ്രകാരം സ്വാമികൾ ആശാനെ ബാംഗ്ളൂർ സംസ്കൃതകാളേജിൽ പഠിക്കുവാനയച്ചു. അവിടത്തെ പരീക്ഷകളിൽ സ്തുത്യർഹമാംവണ്ണം വിജയം പ്രാപിക്കുന്നതിനും, സ്കാളർഷിപ്പു വാങ്ങുന്നതിനും ആശാനു സാധിച്ചിട്ടുണ്ട്. നിർഭാഗ്യവശാൽ അവസാനപരീക്ഷയ്ക്കു ചേരുന്നതിനോ, ബിരുദം സമ്പാദിക്കുന്നതിനോ അദ്ദേഹത്തിനു് അവസരം ലഭിച്ചില്ല. പഠിത്തം തുടങ്ങി മൂന്നുകൊല്ലം കഴിഞ്ഞപ്പോൾ

ബാംഗ്ളൂരിൽ ബാധിച്ച പ്ലേഗുരോഗം മൂലം അദ്ദേഹ ത്തിന്ന് ആ സ്ഥലം വിടേണ്ടതായി വന്നുകൂടി. അക്കാ ലത്തു മലയാളത്തിലെന്നപോലെ തന്നെ സംസ്കൃതത്തി ലും കവിതയെഴുതുന്നതിന്ന് ആശാനു സാധിക്കുമായി രുന്നു. ബാംഗ്ളൂരിൽ നിന്നു മദ്രാസിലേയ്ക്കാണ് ആശാൻ പുറപ്പെട്ടതു്. അവിടെ വച്ചും ഒരു പണ്ഡി തൻെറ കീഴിൽ അഞ്ചാറുമാസക്കാലം അദ്ദേഹം സംസ്കൃ തം അഭ്യസിച്ചു. ഡാക്ടർ പൽപ്പുവിൻേറയും മററു ചിലരുടേയും സഹായത്തോടുകൂടി ആശാൻ കൽക്കത്താ യിൽ പോയി ഒരു സംസ്കൃതമഹാപാഠശാലയിൽ ചേർന്നു പഠിച്ചുതുടങ്ങി. കൽക്കത്തായിലെ വിദ്യാഭ്യാസ കാലത്തു് ഇംഗ്ലീഷുഭാഷയിലുള്ള പരിജ്ഞാനവും ആശാ നു സിദ്ധിച്ചു. ഗുരുക്കന്മാൎക്കും തനിക്കും ഒരു പൊതു വായ ഭാഷയുടെ ആവശ്യം നേരിട്ടതിനാലാണ് ആംഗല ഭാഷാഭ്യസനത്തിന്ന് ആശാൻ ഉത്സുകനായിത്തീൎന്നതു്. ചെറുപ്പകാലത്തു് ഇംഗ്ലീഷ് അക്ഷരമാലപോലും വശ മില്ലാതിരുന്ന അദ്ദേഹം ഒടുവിൽ പ്രജാസഭയിലും മററും നിസ്സങ്കോചം ഇംഗ്ലീഷിൽ പ്രസംഗിക്കത്തക്ക പാടവം സമ്പാദിച്ചതു് അവിടെ വച്ചായിരുന്നു. 1075-ാമാ ണ്ടിൽ കൽക്കത്തായിലുണ്ടായ ഭയങ്കരമഹാമാരി അദ്ദേ ഹത്തെ അവസാനപരീക്ഷയ്ക്കു ചേരുന്നതിന്ന് അനുവ ദിക്കാതെ സ്വദേശത്തേയ്ക്കു മടക്കിയയച്ചുകളഞ്ഞു. അതോടുകൂടി അദ്ദേഹത്തിൻെറ വിദ്യാൎത്ഥിജീവിത വും അവസാനിച്ചു, കൽക്കത്തായിൽ നിന്നുള്ള പ്രത്യാ ഗമനത്തിനുശേഷം സ്വാമികളൊന്നിച്ചു് ആശാൻ അരുവിപ്പുറത്തു തന്നെ താമസമാക്കി. ക്ഷേത്രകാൎയ്യ ങ്ങൾ അന്വേഷിക്കുന്നതിലും, ചില വിദ്യാൎത്ഥികളെ

സംസ്കൃതം പഠിപ്പിക്കുന്നതിലുമാണ് അക്കാലങ്ങളിൽ അദ്ദേഹം പ്രധാനമായി ശ്രദ്ധ പതിപ്പിച്ചിരുന്നതു്. ഒന്നോ രണ്ടോ സ്വതന്ത്രനാടകങ്ങളും, ഭക്തിരസപ്രധാനങ്ങളായ ചില ശതകങ്ങളുമാണ് അദ്ദേഹത്തിൻെറ അന്നത്തെ കൃതികൾ. പിന്നീട് ആശാൻെറ ചിന്താഗതി സാമുദായികകാര്യങ്ങളിലേയ്ക്കു തിരിഞ്ഞു. സമുദായോൽകർഷത്തിനുവേണ്ടി എന്തെങ്കിലും പ്രവർത്തിക്കണമെന്നുള്ള മോഹം അദ്ദേഹത്തിൽ അങ്കുരിച്ചു. അപ്പോൾ ശ്രീനാരായണഗുരുസ്വാമികൾ പ്രസ്തുതോദ്ദേശത്തോടു കൂടി സമർത്ഥരായ അനുയായികളില്ലാതെ വിഷമിക്കുകയായിരുന്നു. അതുവരെ അരുവിപ്പുറത്തു നാമമാത്രമായി നടത്തിവന്നിരുന്ന ഒരു "വാവൂട്ടുയോഗം," ആശാൻെറ സഹചാരത്താൽ 'ശ്രീ നാ രാ യ ണ ധർമ്മപരിപാലന യോഗ' മായി .രൂപാന്തരപ്പെടുത്തുവാൻ അദ്ദേഹത്തിനു സാധിച്ചു. ആശാന്റെ അഞ്ചുസംവത്സരക്കാലത്തെ നിരന്തരപരിശ്രമത്താൽ എസ്. എൻ. ഡി. പി. യോഗം ഒരു സജീവസ്ഥാപനമായിത്തീൎന്നു. യോഗം വകയായി അന്നു പ്രസിദ്ധീകരിച്ചിരുന്ന "വിവേകോദയം" മാസിക്യുടെ പത്രാധിപത്യവും ആശാൻതന്നെ വഹിച്ചു. പ്രസ്തുത മാസികവഴിയായിട്ടാണ് ആശാൻെറ ഖണ്ഡകൃതികളിൽ പ ല തു ം പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതു്. വിവേകാനന്ദസ്വാമികളാൽ വിരചിതമായ "രാജയോഗം" എന്ന ഗ്രന്ഥം ആശാൻ ഇംഗ്ലീഷിൽനിന്നു പരിഭാഷപ്പെടുത്തി ആ മാസികയിൽ പ്രസിദ്ധീകരിച്ചു. "മൈത്രേയി", "മനശ്ശക്തി", "ദൈവികമായ ഒരു പ്രതികാരം" എന്നീ മൂന്നു ഗദ്യകൃതികളും അതുപോലെ വിവേകോദയത്തിൽ ഖണ്ഡശഃ പ്രസിദ്ധീകരിക്കപ്പെട്ടവയാണ്.

സന്ദർഭവശാൽ ആശാൻ പാലക്കാട്ടു താമസിച്ചിരുന്ന കാലത്തു് എഴുതിയ "വീണപൂവ്" എന്ന ഖണ്ഡകൃതിയാണു് അദ്ദേഹത്തെ ഒരു "കവി" എന്ന നിലയിലേയ്ക്കുയർത്തിയതു്. ജനസാമാന്യത്തിൽനിന്നു് അത്രമാത്രം ഹൃദയംഗമമായ ഒരു സ്വാഗതം "വീണപൂവി"നു ലഭിച്ചു. അതു് ഒരു ഖണ്ഡകൃതിയാണെങ്കിലും തൽകർത്താവിനെ ഒരു മഹാകവിയാക്കി പട്ടം കെട്ടിക്കുവാനുള്ള വൈശിഷ്ട്യം 'വീണപൂവി'നുണ്ടു്. ഭാഷാപോഷിണിക്കാരുടെ അപേക്ഷപ്രകാരം എഴുതിയതാണു് 'സിംഹപ്രസവം.' ആശാൻെറ കവിയശഃസ്തംഭത്തെ സ്ഥിരപ്രതിഷ്ഠിതമാക്കിയതു് "നളിനി" യാകുന്നു. പിന്നീടു് "ലീല" എഴുതിത്തുടങ്ങിയെങ്കിലും ഏകദേശം രണ്ടരവർഷത്തിനുശേഷമേ അതു പൂർത്തിയായുള്ളു. നളിനിക്കെന്നപോലെ ലീലയ്ക്കും കേരളീയർ സസന്തോഷം സ്വാഗതമരുളി. അതിനിടയ്ക്കു "വിവേകോദയം" വഴിയായി ആശാൻെറ മറെറാരുകൃതി ഖണ്ഡശഃ പ്രസിദ്ധപ്പെടുത്തിയിരുന്നു. അതു് ശ്രീബുദ്ധചരിതം എന്ന പേരിൽ പുസ്തകരൂപേണ പ്രസിദ്ധീകൃതമായി. 'ബാലരാമായണ'വും, 'ശ്രീബുദ്ധചരിതം' രണ്ടുഭാഗവും അടുത്തുതന്നെ പുസ്തകരൂപത്തിൽ പ്രസാധിതങ്ങളായി. സാഹിത്യപരമായും, സമുദായപരമായുമുള്ള ഈദൃശ നിരന്തരപരിശ്രമങ്ങൾ അദ്ദേഹത്തെ ജാതിമതഭേദമെന്യേ കേരളീയരുടെ സ്നേഹാദരങ്ങൾക്കു പാത്രീഭൂതനാക്കി.

അദ്ദേഹം 45—ാമത്തെ വയസ്സിലാണു് വൈവാഹികജീവിതത്തിൽ പ്രവേശിച്ചതു്. അക്കാലത്തു് ആശാൻ കൈരളീദേവിക്കു സമർപ്പിച്ച ഉപഹാരമാ

ണു് "ഗ്രാമവൃക്ഷത്തിലെ കുയിൽ." മഹാമഹിമശ്രീ ഏ. ആർ. രാജരാജവൎമ്മതമ്പുരാൻെറ ചരമത്തിൽ അനുശോചിച്ചുകൊണ്ടു് 1094-ൽ "പ്രരോദനം" എന്നൊരു വിലാപകാവ്യവും അദ്ദേഹം എഴുതിയിട്ടുണ്ടു്. പിന്നീടാണു് "ചിന്താവിഷ്ടയായസീത" പ്രസിദ്ധീകരിക്കപ്പെട്ടതു്. ആ കാലത്തു് ആശാൻെറ കീൎത്തി ഭാരതഖണ്ഡത്തിൽ എല്ലായിടത്തും വ്യാപിച്ചുകഴിഞ്ഞു. അദ്ദേഹത്തെ പ്രശംസിച്ചു് 1097-ൽ മദ്രാസ് സൎവ്വകലാശാലായോഗത്തിൽ വച്ചു് വെയിൽസു രാജകുമാരൻ ആശാനു പട്ടും വളയും സമ്മാനം നൽകുകയുണ്ടായി. പല ചെറുകൃതികളും കൂട്ടിച്ചേൎത്തു "പുഷ്പവാടി" എന്നൊരു ചെറുപുസ്തകം അക്കൊല്ലത്തിൽത്തന്നെ അദ്ദേഹം പ്രസിദ്ധീകരിച്ചു. അനന്തരം ആശാൻ "ദുരവസ്ഥ"യും, "ചണ്ഡാലഭിക്ഷുകി"യും എഴുതിത്തീൎത്തു. അദ്ദേഹത്തിൻെറ ഒടുവിലത്തെ കൃതി 'കരുണ' യാണു്.

ആശാൻെറ കവിതകളിൽ സാൎവ്വത്രികമായി മികച്ചു നില്ക്കുന്ന രണ്ടു ഗുണങ്ങൾ, ഔചിത്യവും അന്തൎമ്മുഖത്വവുമാണു്. സാഹിത്യഭൂഷണൻ മഹാകവി ഉള്ളൂർ അവർകൾ ആശാൻെറ കവിതകളെപ്പററി ഒരവസരത്തിൽ ഇങ്ങനെ അഭിപ്രായപ്പെടുകയുണ്ടായി. "ആദ്ധ്യാത്മികവും സാന്മാൎഗ്ഗികവുമായുള്ള തത്വങ്ങൾ കേരളീയരിൽ വേരൂന്നുന്നതിനു് എഴുത്തച്ഛൻെറ കാലത്തിനിപ്പുറം വേറേ ഏതെങ്കിലും ഒരു കവിയുടെ കൃതികൾ ഇത്ര മാത്രം പ്രയോജനപ്പെട്ടിട്ടുണ്ടെന്നു് എനിക്കു വിശ്വാസമില്ല." ആശാൻ മലയാളത്തിലെ ഒരു

സ്വതന്ത്രകവിയായിരുന്നുവെന്നു പറയാം. മലയാളഭാഷയിൽ ഖണ്ഡകവിതാപ്രസ്ഥാനത്തിന്റെ പ്രചുരപ്രചാരത്തിനു കാരണഭൂതനും അദ്ദേഹമായിരുന്നു. ആംഗ്ലേയസാഹിത്യത്തെ അനുകരിച്ചു് ശോകപര്യവസായികളായ കാവ്യങ്ങൾ നിർമ്മിച്ചാണു് അദ്ദേഹം കൈരളിയെ മററു പരിഷ്കൃതഭാഷകളോടൊപ്പം ബഹുലധനാഢ്യയാക്കിത്തീർത്തു്. ആശാന്റെ കവിതാവനിതയുടെ ഹൃദയം, സ്നേഹപൂർണ്ണമായിരുന്നു. ഈ രസം കലരാത്ത ഒരു ഭാഗമെങ്കിലും അദ്ദേഹത്തിന്റെ കൃതികളിൽ കാണുകയില്ല. ചിലയിടത്തു് അതു പ്രശാന്തസുന്ദരമായും,മററു ചിലയിടത്തു് പ്രൌഢോഗ്രമായും,അന്യത്ര മന്ദോഷ്ണനിസ്തബ്ധമായും പ്രകാശമാനമായിരിക്കുന്നു. 'സ്നേഹസാരമിഹ സത്യമേകമാം' എന്ന പരമസത്യത്തിന്മേലാണു് ആശാന്റെ മിക്ക കൃതികളും കെട്ടിപ്പടുത്തിരിക്കുന്നതു്. സാന്മാർഗ്ഗികവും താത്വികവുമായ ഈ പ്രസ്ഥാനം ഇതര മലയാളകൃതികളെ അതിലംഘിച്ചു് ആശാന്റെ സന്മാർഗ്ഗോപദേശഗീതങ്ങളെ സഹൃദയാകർഷകങ്ങളും ആത്മശോധനോപയുക്തങ്ങളുമാക്കിത്തീർത്തു. ജീവിതയാത്രയിൽ മനുഷ്യനു നേരിടുന്ന അവസ്ഥാഭേദങ്ങളെ എത്രയും സൂക്ഷ്മമായി നിരീക്ഷിച്ചു് പണ്ഡിതപാമരഭേദമെന്യേ സകലരുടേയും ദൃഷ്ടികളെ ഏകാവലോകനത്തിൽ ലയിപ്പിക്കുമാറു ചിത്രണം ചെയ്യുവാൻ ആശാനേപ്പോലെ ധിഷണാവൈഭവമുള്ള മറെറാരാളും ഏതൽക്ഷണപര്യന്തം കേരളത്തിലുണ്ടായിട്ടില്ല.

"ഉച്ചയായ് തണലിലാഞ്ഞു പുസ്തകം
വച്ചു മല്ലിക യറുത്തിരുന്നതും
മെച്ചമാൻ ചെറുമാല കെട്ടിയെൻ
കൊച്ചുവാർമുടിയിലങ്ങണിഞ്ഞതും."

ഇങ്ങനെയുള്ള ലീലാവിനോദങ്ങളിൽ നിരതരായ ബാലവിദ്യാർത്ഥികളുടെ ചിത്രങ്ങൾ,

145/61

"ലോലമോഹനമായ് തങ്കപങ്കജത്തെ വെല്ലും വലം
കാലിടത്തു തുടക്കാമ്പിൽ കയററി വെച്ചും,-
.....................................................
..............ചാരുവാമേതരപദാബ്ജം
പൊൻതള കിലുങ്ങമാറവം ചലിപ്പിച്ചും."

"കഞ്ജബാണൻ തൻെറ പട്ടംകെട്ടിയ രാജ്ഞി" പോലെയിരിക്കുന്ന മഞ്ജുളാംഗിയായ വാസവദത്തയുടെ സൌന്ദര്യപൂർണ്ണമായ സ്വരൂപം; അടുത്തു തന്നെ അംഗവിച്ഛേദംചെയ്ത്,

"രുധിരാക്തമായി വില്ലാനിറക്കിയിട്ട കുങ്കമ-
പ്പൊതിപോലെ" പുതച്ചുമൂടിക്കിടക്കുന്ന അവളുടെ അന്ത്യകാല ചിത്രം;

ഇപ്രകാരം മനുഷ്യായുസ്സിലെ ഓരോരോ ഘട്ടങ്ങളേയും പ്രദർശിപ്പിക്കുന്ന എത്രയെത്ര മനോഹരചിത്രങ്ങളാണു് ആശാൻെറ കവിതാപരമ്പരയിൽ നമുക്കു ദൃഷ്ടിഗോചരമാകുന്നതു്! അഭംഗുരഭംഗിയോടുകൂടി മിന്നിത്തിളങ്ങുന്ന ഈദൃശചിത്രങ്ങൾ കണ്ടാൽ, അദ്ദേഹം തന്നെ ഒരവസരത്തിൽ പറഞ്ഞിട്ടുള്ളതുപോലെ,

"വൈരാഗ്യമേറിയൊരു വൈദികനാട്ടെ-
യേററ വൈരിക്കുമുമ്പുഴറിയോടിയ ഭീരുവാട്ടെ
.....................................................
ആരാകിലെന്തു്? മിഴിയുള്ളവർ നോക്കിനില്ക്കാ"
തെയിരിക്കുകയില്ല.

സന്ദർഭാനുസരണം ആശാൻ ഉപയോഗിച്ചിട്ടുള്ള വർണ്ണനകളുടെ സ്വാരസ്യലാളിത്യങ്ങളേപ്പററി പരിചിന്തനം ചെയ്താൽ അവ മററു മഹാകവികളുടെ പ്രയോഗങ്ങളേക്കാൾ നിതരാം ഹൃദയംഗമങ്ങളായിരിക്കുന്നുവെന്നു ബോദ്ധ്യമാകുന്നതാണു്.

"പിടഞ്ഞു തൂനീർ തുളുമ്പും
സ്ഫടികക്കുപ്പിയിലിട്ട പരൽ മീൻപോലെ"

ശോഭായമാനങ്ങളായ കണ്ണുകളും,

"പടിഞ്ഞാറു ചാഞ്ഞു സൂര്യൻ പരിരമ്യമായ് മഞ്ഞയും
കടുംചുവപ്പും കലന്ന തരുക്കളുടെ
രാജൽകരകേസരങ്ങൾ വീശിടുന്ന ദൂരത്തൊരു
രാജമല്ലിമരം പൂത്തു വിലസുംപോലെ"— നിൽക്കുന്ന
അസ്തമനസൂര്യനും,

"കോണും മുഴകളും തീർത്തിട്ടില്ലായതിൽ
കാണുന്നു കൈവിരൽപ്പാടുപോലും"—എന്നി
ങ്ങനെയുള്ള പുലയമാടവും,

......"തലയിൽ തീകാളും നെടും-
ചുടലബ്ഭൂതം കണക്കെ ചലിച്ചുനിൽക്കുന്ന" അ
രയാലും,

"ഇടുങ്ങിയ മാളങ്ങളിലിഴഞ്ഞേറും പാമ്പുകൾപോൽ
വിടവുതോറും പിണഞ്ഞവേരുകളോടും"കൂടിയ ആൽ
ത്തറയും,

"ദക്ഷിണഹസ്തത്തിലേലും വിശറിപ്പൊൻ
പക്ഷമിളക്കിയൊട്ടൊട്ടു വീശി......
ഒററച്ചിറകേലും ദേവതപോലെ...... " വരുന്ന
ഭിക്ഷുവും ഇവയ്ക്കു് ഉത്തമോദാഹരണങ്ങളാണു്.

പ്രകൃതിവർണ്ണനയിലും ആശാന്റെ സാമർത്ഥ്യം
അഭ്യസൂയാജനകംതന്നെ.

"ഭൂരിജന്തുഗമനങ്ങൾ പൂണ്ടെഴും
ഭൂരുഹങ്ങൾ നിറയുന്ന കാടുകൾ
ദൂരദർശനകൃശങ്ങൾ കണ്ടുതേ
ചാരുചിത്രപടഭംഗിപോലവൻ."

എന്നുള്ള വിദൂരസ്ഥിതമായ വനത്തെപ്പററിയുള്ള വർണ്ണനയും,

"അകലുന്ന തമസ്സടിവാനിൽ വർണ്ണ-
ത്തികവേലും പട്ടുകൊടികൾ പൊങ്ങുന്നു,
സകലലോകബാന്ധവൻ കൃപാകരൻ
പകലിന്നായകനെഴുന്നള്ളീടുന്നു."

എന്നുള്ള സൂര്യോദയവർണ്ണനയും എത്രയും മനോജ്ഞങ്ങളായിരിക്കുന്നു. ഇപ്രകാരം ആലോചിച്ചാൽ ആശാന്റെ അനന്യസുലഭങ്ങളായ കവിതാഗുണങ്ങളെ എത്രമാത്രം പ്രശംസിച്ചാലും മതിയാകുന്നതല്ല.

സ്വഭാവശുദ്ധിയിലും ആശാൻ ഒരു മാതൃകാപുരുഷനായിരുന്നു. നാസ്തികൃത്തിൻെറ നിഴൽ പോലും അദ്ദേഹത്തെ തീണ്ടിയിട്ടില്ല. "മതത്തിലാണ് മനുഷ്യൻെറ രക്ഷ"യെന്നു് ആശാൻ തുറന്നു പറഞ്ഞിട്ടുണ്ടു്.

സുപ്രസിദ്ധനായ അദ്ദേഹത്തിൻെറ അകാലദേഹവിയോഗം സ്വസമുദായത്തിനും, കൈരളിയ്ക്കും അപരിഹാര്യമായ നഷ്ടമായിത്തീർന്നിരിക്കുന്നു; എങ്കിലും,

"വ്യാപാരമേ നിഹനമാം വനവേടനുണ്ടോ
വ്യാപന്നമായ് കഴുകനെന്നു കപോതമെന്നും"

എന്നു് ആശാൻതന്നെ പാടിയിരിക്കുന്നതുകൊണ്ടു നമുക്കു സമാധാനപ്പെടാം.

ലോകചരിത്രത്തിലെ കൃഷ്ണവർണ്ണാങ്കിതമായ ഒരു ദുർദ്ദിവസത്തിൽ—1099 മകരം 3-ാംതീയതി—തൃക്കുന്നപ്പുഴയ്ക്കു് അല്പം വടക്കുള്ള പല്ലനയാററിൽ വച്ചുണ്ടായ "റെഡീമർ" ബോട്ടപകടത്തിൽപ്പെട്ടു് അദ്ദേഹം തൻെറ കുടുംബാംഗങ്ങളെ മാത്രമല്ല, കേരളീയരേയും സന്തപ്തഹൃദയരാക്കിക്കൊണ്ടു നിത്യശാന്തിയെ പ്രാപിച്ചു. അതേ—

"വേണാട്ടിന്നൊരു പൌരശ്രേഷ്ഠനും, ഭൃഗുരാമ-
ക്ഷോണിക്കു നവോല്ലേഖനായൊരു കവീന്ദ്രനും,
ഈഴവർക്കൊരു മഹാ നേതാവും_ഹതവിധി
പാഴാക്കിവിട്ടാനെല്ലാമൊരടിയ്ക്കു,ന്നേവേണ്ടു!

(മഹാകവി വള്ളത്തോൾ)

# 10. സാഹിത്യപഞ്ചാനനൻ.

മലയാളഭാഷാപോഷണത്തിനു വേണ്ടി അശ്രാന്തപരിശ്രമംചെയ്ത ഒരു മഹാപണ്ഡിതനായിരുന്നു "സാഹിത്യപഞ്ചാനന"നെന്നു സുപ്രസിദ്ധനായ പി. കെ. നാരായണപിള്ള അവർകൾ. ആലപ്പുഴപ്പുറവൂർ പൊഴിച്ചേരിമഠത്തിൽ ദാമോദരൻ പ്ലാപ്പള്ളി അവർകളുടേയും, അമ്പലപ്പുഴ കടമ്മാട്ടുവീട്ടിൽ ശ്രീമതികുഞ്ഞുലക്ഷ്മിഅമ്മയുടേയും പുത്രനായി കൊല്ലവർഷം 1053 മീനം 9-ാംതീയതിയാണ് അദ്ദേഹം ഇഹലോകവാസമാരംഭിച്ചതു്.

അമ്പലപ്പുഴ ഭഗവതിക്ഷേത്രത്തിനു സമീപത്തായി നടത്തിവന്ന ആശാൻപള്ളിക്കൂടത്തിൽ അദ്ദേഹം പ്രാഥമികവിദ്യാഭ്യാസം ആരംഭിച്ചു. സാഹിത്യപഞ്ചാനനനായിത്തീർന്ന പി. കെ. -യുടെ പ്രഥമഗുരുനാഥൻ ചാമിപ്പിള്ള ആശാൻ ആയിരുന്നു. പിന്നീട് താനാകുളം, വെളി എന്നീസ്ഥലങ്ങളിലുള്ള വിദ്യാലയങ്ങളിൽ അനന്തകൃഷ്ണയ്യർ, കൊച്ചുചെക്കൻ, സി. വി. വക്കി മുതലായ ആശാന്മാരുടെ ശിഷ്യനായി അദ്ദേഹം കുറേനാൾ പഠിച്ചു. അമ്പലപ്പുഴ ഇംഗ്ലീഷുസ്കൂളിൽ പഠിച്ചിരുന്നകാലത്തു പി. കെ., സമർത്ഥനായ വിദ്യാർത്ഥിയെന്ന പ്രശംസയ്ക്കു പാത്രീഭൂതനായി. അവിടെനിന്നു് അദ്ദേഹം ആലപ്പുഴ ഇംഗ്ലീഷ് ഹൈസ്കൂളിൽ ചേർന്നുപഠിച്ചു. അക്കാലത്തു്, അവിടത്തെ പ്രഥമാദ്ധ്യാപകൻ

സുപ്രസിദ്ധസാഹിത്യകാരനായ ആർ. ഈശ്വര പിള്ള അവർകളായിരുന്നു. ആ വന്ദ്യഗുരു, "മിതഭാഷണശീലംകൊണ്ടും, ഗൌരവംകൊണ്ടും വിദ്യാത്ഥികളെ ആകഷിച്ചും നിയന്ത്രിച്ചും വിദ്യാലയഭരണം നടത്തിവന്നുവെന്നും, പഠിപ്പിക്കുന്നതു ഗാഢമായി പതിയുവാൻ മിതഭാഷണത്തേയും, കുട്ടികളുടെ ബുദ്ധി പതറിപ്പോകാതിരിപ്പാൻ ഗൌരവത്തേയും ഔഷധംപോലെ പ്രയോജനപ്പെടുത്തിവന്നിരുന്നുവെന്നും, അത്തരക്കാരെക്കുറിച്ച് എല്ലാവക്കും ഭക്ത്യാദരങ്ങൾ തോന്നിക്കു"മെന്നും ശിഷ്യോത്തംസമായ പി. കെ. അദ്ദേഹത്തിൻെറ "സ്മരണമണ്ഡലം" എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്. ആ വിദ്യാലയത്തിൽ പഠിപ്പിച്ചിരുന്ന പി. നാരായണയ്യർ അവർകളേക്കുറിച്ചും അദ്ദേഹത്തിനുണ്ടായിരുന്ന ഭക്തി സീമാതീതമായിരുന്നു. "സൌമ്യതയോടുകൂടിയ പ്രചരണം, സരസമായ പ്രതിപാദനം, സ്നേഹമസൃണമായ പെരുമാററം ഇവയായിരുന്നു ആ ഗുരുവര്യൻെറ പാഠനോപകരണങ്ങൾ. വാദപ്രതിവാദസംഘങ്ങൾ നടത്തിച്ചും, പ്രസംഗങ്ങൾ ചെയ്യിച്ചും അദ്ദേഹം വിദ്യാത്ഥികളെ ലോകവ്യാപാരത്തിനു സജ്ജീകരിച്ചുവന്നു. ആ അദ്ധ്യാപകൻെറ ബോധനാരീതികളും, ശിഷ്യവാത്സല്യവും ഏററവും പ്രയോജനകരങ്ങളായിരുന്നു. ഇപ്രകാരമുള്ള അഭ്യസനംകൊണ്ടാണു് ബാറിലും പൊതുജനങ്ങളുടെ ഇടയിലും പ്രതിവാദശക്തി സമ്പാദിച്ചു് സമത്ഥനായിത്തീൎന്ന"തെന്നു പി. കെ. തന്നെ അഭിപ്രായപ്പെട്ടിട്ടുണ്ടു്. ആ പാഠശാലയിൽ ഭാഷാപണ്ഡിതനായിരുന്ന ഹരിഹരസുബ്രഹ്മണ്യശാസ്ത്രി അവർകളായിരുന്നു പി. കേ-യ്ക്കു സംസ്കൃതവ്യാകരണത്തോടു്

അഭിരുചി ജനിപ്പിച്ചത്. "ഗദ്യപദ്യങ്ങളിൽ ഏതിലായാലും ശുദ്ധമായ ഭാഷ ഉപയോഗിക്കണമെങ്കിൽ സംസ്കൃതഭാഷാജ്ഞാനം കൂടിയേകഴിയൂ" എന്നു മനസ്സിലാക്കി, തദ്ദ്ദേശനിർവ്വഹണാർത്ഥം, രഘുവംശം, കുമാരസംഭവം, മാഘം, നൈഷധം, ശാകുന്തളം മുതലായ കൃതികൾ അദ്ദേഹം നല്ലവണ്ണം പഠിച്ചു. മട്രിക്കുലേഷൻ പരീക്ഷയിൽ ജയിച്ചശേഷം പീ. കെ. തിരുവനന്തപുരം ആംഗലമഹാപാഠശാലയിൽചേൎന്നു പഠിച്ചുതുടങ്ങി. സീനിയർ എഫ്. ഏ. ക്ലാസ്സിൽപഠിച്ചുകൊണ്ടിരുന്നകാലത്തു് അദ്ദേഹത്തിൻെറ പിതാവു് കാലധൎമ്മം പ്രാപിച്ചതുകൊണ്ടു് ആ കോളേജുവിദ്യാൎത്ഥി "മലയാളമനോരമ"യ്ക്കു ലേഖനങ്ങളയച്ചുകൊടുത്തും, "മലയാളി"പ്പത്രത്തിൻെറ നടത്തിപ്പിനു സഹായിച്ചും ഒരു ചെറിയ പണത്തുക സമ്പാദിച്ചു് പിന്നീടുള്ള പഠിത്തച്ചിലവു നടത്തിവന്നു. കോളേജിൽ അക്കാലത്തു മലയാളം പ്രൊഫസ്സർ മഹാപണ്ഡിതനായ ഏ. ആർ. രാജരാജവൎമ്മ കോയിത്തമ്പുരാനായിരുന്നു. മലയാളഭാഷയിൽ പീ. കെ.-യ്ക്കുള്ള സാമൎത്ഥ്യത്തെക്കുറിച്ചു കോയിത്തമ്പുരാൻപലപ്പോഴും പ്രശംസിച്ചിട്ടുണ്ടു്. കഥാപുരുഷൻ പ്രശസ്തമായവിധത്തിൽ ബീ. ഏ. ബിരുദം നേടുകയും, അനന്തരം നാലു സംവത്സരം തിരുവനന്തപുരം കലാലയത്തിൽ മാതൃഭാഷാദ്ധ്യാപകനായി ജോലിനോക്കുകയും ചെയ്തു. ബി. എൽ. പരീക്ഷയിൽ വിജയംനേടിയശേഷം 1084-ൽ അദ്ദേഹം ആലപ്പുഴ ജില്ലാക്കോടതിയിൽ വക്കീലായി ജോലിചെയ്യുവാൻ തുടങ്ങി. ഏതാനും വത്സരങ്ങൾ കഴിഞ്ഞപ്പോൾ അദ്ദേഹം തിരുവനന്തപുരത്തുതന്നെ താമസമാക്കുകയും, ഹൈക്കോടതിയിൽ വ്യവഹരിച്ചുപോരുകയുംചെയ്തു. നിയമജ്ഞനായി പരിലസിച്ചിരുന്ന അദ്ദേഹം ഹൈക്കോടതിയിലെ ജസ്റ്റിയായി നിയമിക്ക

പ്പെട്ടു. മദ്രാസ് സർവ്വകലാശാലയിലെ സെനററുമെംബറായും, തിരുവിതാംകൂറിലെ നിയമസഭാംഗവുമായിരുന്ന് കുറേക്കാലം പൊതുജനസേവനം ചെയ്യുന്നതിനും അദ്ദേഹത്തിനു ഭാഗ്യമുണ്ടായി. പിന്നീട് പ്രമേഹരോഗബാധിതനായിത്തീർന്ന അദ്ദേഹം വഴുതക്കാട്ടുള്ള സ്വവസതിയായ പാർവ്വതീമംഗലം ബംഗ്ലാവിൽവെച്ച് 1113 മകരം 30-ാംതീയതി പരലോകം പ്രാപിച്ചു. ഇങ്ങനെ ആ സാഹിത്യകേസരി സാഹിത്യലോകത്തിനു നഷ്ടമായിത്തീർന്നു. അദ്ദേഹത്തിൻെറ പത്നി പാറുക്കുട്ടിഅമ്മ അവർകളും സന്താനങ്ങളും കഠിനവ്യഥയിൽ ആണ്ടു.

അദ്ദേഹത്തിനു സന്താനങ്ങളായി കല്യാണിക്കുട്ടിയമ്മ എന്നൊരു പുത്രിയും, അഞ്ചു പുത്രന്മാരും ഉണ്ട്. പുത്രന്മാരിൽ ഒരാളായ ററി. എൻ. ഗോപിനാഥൻ നായർ അവർകൾ സ്വപിതാവിനേപ്പോലെതന്നെ വാസനാ വൈഭവത്താൽ പല നല്ല കവിതകളും എഴുതി ഭാഷായോഷയെ പ്രീണിപ്പിച്ചുപോരുന്നുവെന്നുള്ളതു കേരളീയക്ക് അനുഗ്രഹപ്രദവും, കൈരളിക്കു് അഭിമാനകരവുമായിരിക്കുന്നു. അദ്ദേഹം "മുകുളാഞ്ജലി," "കളിത്തോണി" മുതലായ കവിതാപുസ്തകങ്ങളും, "പെൺവക്കീൽ," "വിധിയേ വിധി," "ഇതാണുലോകം," "നിലാവും നിഴലും,"എന്നീ നാടകങ്ങളും രചിച്ചിട്ടുണ്ട്.

ബാല്യത്തിൽത്തന്നെ ഈശ്വരാരാധന നടത്തുന്നതിൽ ഉൽസുകനായിരുന്ന നമ്മുടെ കഥാപുരുഷൻ പ്രദോഷവ്രതം അനുഷ്ഠിച്ചു പലപ്പോഴും ക്ഷേത്രപ്രദക്ഷിണം നടത്താറുണ്ടായിരുന്നു. ആ പരിശീലനമാണ് അദ്ദേഹത്തെ ശിവഭക്തനാക്കിത്തീർത്തതു്. ചെറുപ്പകാലങ്ങളിലുള്ള ശീലം പിൽക്കാലത്തു മഹനീയമായ സംസ്കാരത്തോടു സമ്മേളിച്ച് മനുഷ്യരെ സദാചാരതത്പരരും അദ്ധ്യാത്മചിന്താനിരതരുമാക്കിത്തീർക്കുവാൻ സഹായിക്കുമെന്ന് ആ സാഹിത്യസമ്രാട്ടിൻെറ ചരിത്രത്തിൽ

നിന്നു വാചയിതാക്കൾക്കു മനസ്സിലാക്കാവുന്നതാണ്. കാട്ടും കടലും എന്നുവേണ്ട, സമീപത്തുള്ള പ്രകൃതിരമണീയങ്ങളായ ഭൂഭാഗങ്ങളൊക്കെത്തന്നെ സന്ദർശിച്ചും, ദേശസഞ്ചാരം നടത്തിയും നിരീക്ഷണശക്തിയെ വർദ്ധിപ്പിക്കുവാൻ അദ്ദേഹം അതീവ തല്പരനായിരുന്നു. വള്ളംകളിച്ചു വിനോദിക്കുന്നതിലും, അക്ഷരശ്ലോകപരീക്ഷയിലും, പി. കെ-യ്ക്കുള്ള ഔൽസുക്യം അന്യാദൃശമത്രേ. ചതുരംഗക്കളിയായിരുന്നു പഞ്ചാനനൻ ഇഷ്ടപ്പെട്ടിരുന്ന മറെറാരു വിനോദം.

ഹൈസ്കൂൾ വിദ്യാർത്ഥിയായിരുന്നപ്പോൾത്തന്നെ അദ്ദേഹംഒരു ഭാഷാഭിമാനിയാണെന്നുവെളിപ്പെട്ടിരുന്നു. അക്കാലത്താണ് 'കാകസന്ദേശം' എന്ന ഗ്രന്ഥവും, ഒരു നാടകവും, ഒരു ഓട്ടൻതുള്ളൽക്കഥയും അദ്ദേഹം രചിച്ചതു്. ഏ. ആർ. രാജരാജവർമ്മക്കോയിത്തമ്പുരാൻ തുടങ്ങിയ കലാവല്ലഭന്മാരുമായുള്ള സാഹചര്യവും, സംസ്കൃതഭാഷാവൈദുഷ്യവും അദ്ദേഹത്തിൻെറ സാഹിത്യാസക്തിക്കു പ്രബലമായ പ്രചോദനം നൽകി. സഭാപ്രവേശം, ഇരുപത്തിനാലുവൃത്തം, സംഭവപർവ്വം, കണ്ണുപർവ്വം മുതലായവയുടെ വ്യാഖ്യാനങ്ങൾ, ഭാഗവതംകിളിപ്പാട്ട്, കുഞ്ചൻനമ്പ്യാർ, തുഞ്ചത്തെഴുത്തച്ഛൻ, പ്രസംഗതരംഗിണി, ചെറുശ്ശേരിനിരൂപണം, ചില കവിതാപ്രതിദ്ധ്വനികൾ, പ്രയോഗദീപിക, വ്യാകരണപ്രവേശിക, കേരളാചാരനാഡീപരീക്ഷ, പ്രബന്ധകല്പലത, കാവ്യമേഖല, ശ്രീമുക്താവലി, കിമപികാവ്യം, സ്മരണമണ്ഡലം മുതലായി നിതാന്തഭാസുരങ്ങളും, സരസങ്ങളുമായ അനേകം ഗദ്യപദ്യകൃതികളും, ഭാഷാനിയമങ്ങളും അദ്ദേഹം കൈരളിക്കു സമ്മാനിച്ചു. സ്വാധീനശക്തിയാലല്ല, സജീവമായ പ്രകാശനത്താൽ അവയിൽ മിക്കവയും പാഠ്യപുസ്തകങ്ങളായി തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. സാഹിത്യമർമ്മജ്ഞന്മാരായ ശ്രീമൂലംതിരുനാൾ രാമവർമ്മ

മഹാരാജാവുതിരുമനസ്സുകൊണ്ടും, ശ്രീചിത്തിരതിരുനാൾ ബാലരാമവർമ്മമഹാരാജാവുതിരുമനസ്സുകൊണ്ടും, പീ. കേ. യുടെ സാഹിത്യസേവനത്തെ അഭിനന്ദിച്ചു പല സമ്മാനങ്ങളും കല്പിച്ചുകൊടുക്കുകയുണ്ടായി. അദ്ദേഹത്തിൻെറ പ്രസംഗങ്ങൾ കേൾക്കുകയോ, ഗ്രന്ഥങ്ങൾ വായിക്കുകയോ ചെയ്തിട്ടുള്ളവർക്ക് അദ്ദേഹത്തിനു സിദ്ധിച്ച "സാഹിത്യപഞ്ചാനന" ബഹുമതിയുടെ വ്യുല്പന്നാവും അമൂല്യവുമായ മഹിമയെ മനസ്സിലാക്കുവാൻ സാധിച്ചിട്ടുണ്ട്.

പീ. കേ.-യുടെ ഗദ്യശൈലി:—കേരളവർമ്മ വലിയകോയിത്തമ്പുരാൻ, ചന്തുമേനവൻ, സി. വി. രാമൻപിള്ള തുടങ്ങിയ ലബ്ധപ്രതിഷ്ഠരായ സാഹിത്യകാരന്മാരിൽനിന്നു് ഒട്ടുംതന്നെ അധഃസ്ഥിതമായ ഒരു സ്ഥാനമല്ല, ഭാഷാഗദ്യസാഹിത്യത്തിൽ സാഹിത്യപഞ്ചാനനൻ സമ്പാദിച്ചിട്ടുള്ളതു്. ഫലിതം, നിരൂപണം, പരിഹാസം, ഗവേഷണം തുടങ്ങിയ ചില അംശങ്ങളിൽ ഉപരിസ്ഥിതമായ സ്ഥാനം അദ്ദേഹം കരസ്ഥമാക്കിയിട്ടുണ്ടെന്നു നിർമ്മത്സരബുദ്ധികൾ സമ്മതിക്കാതിരിക്കയില്ല. ചന്തുമേനവൻെറ ലളിതകോമളമായ ഗദ്യരീതിയുടെ ജീവൻ പ്രസന്നതയാണു്. വലിയകോയിത്തമ്പുരാനും, സീ വി.-യും സംസ്കൃതപദബഹുലമായ ഗദ്യരീതിയെ അവലംബിച്ചവരായിരുന്നു. സംസ്കൃതപദങ്ങൾക്കു സ്വാഗതമരുളുന്നതിൽ പണ്ഡിതവരേണ്യനായ പീ. കേ.-യും പിന്നോക്കമായിരുന്നില്ല. അദ്ദേഹം അഭിപ്രായപ്പെട്ടന്നതു് ഇങ്ങനെയാണു്:-"മലയാളം എഴുതുമ്പോഴും പറയുമ്പോഴും സംസ്കൃതപദങ്ങൾ വർജ്ജിക്കണമെന്നു പലരും ഉപദേശിക്കാറുണ്ടു്. ഉപദേഷ്ടാക്കൾതന്നെ സ്വസിദ്ധാന്തത്തെ ഭഞ്ജിക്കുന്നതിൽ കുഞ്ജരപ്രായന്മാരായിട്ടാണു് കാണാറുള്ളതു്. വിദ്യാന പരിചയക്രമം

കൊണ്ടും, അവിടത്തെ പാണ്ഡിത്യഭ്രമംകൊണ്ടും, സംസ്കൃതഭാഷാരസം ദുർന്നിവാരമായിപ്രവർത്തിക്കുന്നു. അനാവശ്യമായി സംസ്കൃതപദങ്ങളെ കടന്നുപിടിക്കുന്നതു് ആക്ഷേപാർഹമെന്നു സമ്മതിക്കേണ്ടതാണു്. എന്നാൽ ആവശ്യാനാവശ്യസീമകൾ നിയമിക്കുക ദുസ്സാധമാകുന്നു. വക്താവിൻെറയോ പ്രയോക്താവിൻെറയോ ശബ്ദപ്രയോഗത്തിലുള്ള ഉദ്ദേശങ്ങളെ മററാളുകൾ സമഗ്രമായി ഗ്രഹിച്ചില്ലെന്നുവരാവുന്നതാണു്. എങ്ങനെയായാലും സംസ്കൃതപദങ്ങൾ "വെച്ചുകാച്ചു"ന്നതിൽ പലരും ഉത്സാഹികളായിട്ടാണിരിക്കുന്നതു്. പക്ഷേ, പ്രയോഗങ്ങളിൽ കണ്ണുകഠോരങ്ങളായ സ്ഖലിതങ്ങളും, അസഹ്യങ്ങളായ പ്രമാദങ്ങളും സംഭവിക്കുന്നതു വളരെ സങ്കടമാകുന്നു. മലയാളഭാഷയ്ക്കുതന്നെ ഒരു വ്യാകരണവും പല പ്രയോഗരീതികളുമുണ്ടു്. അദ്ധ്യയനംകൊണ്ടു മാത്രം ഭാഷാജ്ഞാനം സമ്പാദിച്ചിട്ടുള്ളവർ ആ പ്രയോഗരീതികളും ശൈലികളും മുഴുവൻ വശീകരിച്ചുവെന്നു വരികയില്ല. തനി മലയാളികൾ പോലും പ്രമാദജാലങ്ങളിൽ അകപ്പെട്ടുപോകുന്നു." സംസ്കൃതപദപ്രയോഗത്തിലുള്ള സ്വാഭിപ്രായം സമഗ്രമായി അദ്ദേഹം ഇവിടെ വ്യക്തമാക്കിയിരിക്കുന്നു. "അക്ബർ ധർമ്മരാജാദി"കളിൽ "ആ വ്യാഘ്രത്തിൻെറ ശീഘ്രഗ്രാഹിയായ ശ്രോത്രം മനുഷ്യരുടെ ശബ്ദത്തെ നിർദ്ധാരണം ചെയ്തു്", "അന്യഥാ ഖലതിയായ മൂർദ്ധാവിൽ ഏതാനും പലിതധവളിതങ്ങളായ ചികുരങ്ങളോടും വക്ഷസ്തടപര്യന്തം ലംബമാനവും കാശഗുച്ഛസച്ഛായവും നിബിഡവുമായ ശ്മശ്രുവോടും കൂടിയവനും വർഷീയസ്സുമായ ഒരു പുരുഷൻ", "കരുണാസങ്കലിതമായ ഭരണനയത്തിൻെറ ചന്ദ്രികാവീചി

കാംക്കിടയിൽ പ്രജാകായങ്ങളെ ആഹരിക്കാനുള്ള ഗ്രാഹങ്ങാം സ്വയംഭൂക്കളായി പുഷ്ടശരീരന്മാരാകുന്നു" എന്നിങ്ങനെ സംസ്കൃതപദങ്ങളെ കടന്നു പിടിക്കുകയാണു ചെയ്തിരിക്കുന്നതെന്നു പറയാം. സംസ്കൃതാനഭിജ്ഞൎക്കു് അൎത്ഥഗ്രഹണക്ലേശം ജനിക്കുമാറു് സംസ്കൃതശബ്ദങ്ങാം പ്രയോഗിക്കുവാൻ സാഹിത്യപഞ്ചാനനൻ മുതിൎന്നിരുന്നില്ല; എങ്കിലും, പരന്തപതാം, ഉപച്ഛന്ദനം, കൎണ്ണകരണ്ഡകങ്ങാം, അദ്ധാവലീഢം തുടങ്ങിയ കഠിനപദങ്ങാം ഭാഷാപദങ്ങളുടെ മദ്ധ്യേ പ്രയോഗിക്കുവാനും പഞ്ചാനനനു കൃസലില്ലായിരുന്നു. അദ്ദേഹത്തിൻെറ പരിചയക്രമം സംസ്കൃതദ്രാവിഡപദങ്ങളിൽ സമനിലയിൽ ലാളിത്യാവബോധം സംജാതമാക്കിയിരിക്കാം. "സംസ്കൃതപദങ്ങാം ഉപയോഗിച്ചാലും, കേവലം പട്ടഭാഷയായി എഴുതിയാലും എഴുതിയ വാക്യം വായിക്കുമ്പോാം എഴുതിയവൻെറ വിചാരം വായിക്കുന്നവനു മനസ്സിലാകണം" എന്നത്രേ വേങ്ങയിൽ കുഞ്ഞുരാമൻ നായർ അവർകാം അഭിപ്രായപ്പെട്ടിരിക്കുന്നതു്. സഹജമായ ഗൌരവത്തിനു ലോപംവരുത്താതെ ഈ ഉദ്ദേശ്യം സാധിക്കുവാൻ പി. കെ. പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

ആശയവിശദീകരണത്തിൻെറ ആവശ്യത്തിനും, വിക്രമിയുടെ ആക്രമണത്തെ നിരോധിക്കുന്നതിനും ആയിരുന്നു പഞ്ചാനനൻ പരകീയപദങ്ങളെ ആശ്രയിച്ചിരുന്നതു്. ദീൎഘകാലം ഗ്രന്ഥരചനയിൽ ഏൎപ്പെടാതിരുന്ന സീ. വി-യെ "വളരെക്കാലത്തേയ്ക്കു പൊതുജനദൃഷ്ട്യാ നിമീലിതപ്രജ്ഞനായിരുന്ന ശ്രീമാൻ സീ. വി. രാമൻ പിള്ള"യെന്നും, അദ്ദേഹത്തിൻെറ അലസതയെ "അസ്ത്രശസ്ത്രാദികാംക്കും അഭേദ്യമായ സാന്ദ്രതന്ദ്രീകവച" എന്നും, ഭാൎയ്യാസഹായത്തോടെ കൃഷിവൃത്തിയിൽ ഏൎപ്പെട്ടിരിക്കുന്നവൎക്കാരെ "ജായാജീവന്മാരായ ചാക്യാന്മാരും

നമ്പ്യാന്മാരും" എന്നും, ദേശാഭിമാനി രാമകൃഷ്ണപിള്ള അവർകളെപ്പററി "അഗാധമായ വൈദുഷ്യമില്ലെങ്കിലും, തിശ്മങ്ങളായ വാക്യഖഡ്ഗങ്ങളും സൂചീമുഖങ്ങളായ വചനശലാകകളും പ്രയോഗിക്കുവാൻ രാമകൃഷ്ണപിള്ള അവർകൾക്ക് അസാധാരണപാടവമുണ്ടായിരുന്നു" വെന്നും പീ. കെ. പ്രസ്താവിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള വാചകഖണ്ഡങ്ങളിലെ സംസ്കൃതശബ്ദങ്ങൾ പ്രസ്തുതാഭിപ്രായത്തെ ബലപ്പെടുത്തുന്ന ലക്ഷ്യങ്ങളാണ്. സംസ്കൃതബഹുലങ്ങളല്ലാതെ ഊർജ്ജസ്വലങ്ങളായ വാചകങ്ങൾ രചിക്കുന്നതിനും സാഹിത്യപഞ്ചാനനനു സാധിക്കുമായിരുന്നു. "പക്ഷേ, കുരുപ്പില്ലാക്കളരിപോലെ വല്ല ഏറുപടക്കങ്ങളുമല്ലാതെ, മാർത്താണ്ഡവർമ്മപോലെ കട്ടകട്ടിയായ കരിമരുന്നുകമ്പക്കോട്ടകൾ കെട്ടിയുണ്ടാക്കാൻ അദ്ദേഹം മുതിരുകയില്ലെന്നു വല്ലവരും വിചാരിച്ചിരുന്നെങ്കിൽ അവർ അബദ്ധന്മാരായി" എന്നാണ് ധർമ്മരാജാ എന്ന ആഖ്യായികയുടെ ആവിർഭാവത്തിൽ അദ്ദേഹത്തിൻെറ ആഹ്ലാദം പ്രകടിതമാകുന്നതു്. ഏറുപടക്കങ്ങളും കരിമരുന്നുകമ്പക്കോട്ടകളുംകൊണ്ടു് ഉജ്ജ്വലമായ ഈ വാക്യത്തിൽ "അബദ്ധന്മാരാ"യെന്നു പ്രയോഗിച്ചപ്പോൾ "പീ.കേ-ത്വം" അതിൽ ശരിക്കു ഫലിച്ചു. സാഹിത്യപഞ്ചാനനൻ ധാരാളം കഠിനപദങ്ങളും ദീർഘവാചകങ്ങളും പ്രയോഗിക്കാറുണ്ടായിരുന്നുവെങ്കിലും, അദ്ദേഹത്തിൻെറ വാചകരീതി അച്ഛസ്ഫടികനിർമ്മലമാണെന്നുള്ള മേന്മയോടുകൂടിയതുമാകുന്നു. ആശയഗോപനത്തിലല്ല, ആശയം സ്ഫടികസ്ഫുടമാക്കുന്നതിലത്രേ പീ. കെ.-യുടെ ഗദ്യശൈലി മെച്ചം പ്രാപിച്ചിരിക്കുന്നതു്. "സീ. വീ.-യുടെ സരസ്വതി ഒരു സുദോഹയായ ഗോവല്ല; കറക്കാൻപുറപ്പെടുന്നവർ ചില ചവിട്ടും കുത്തും തൊഴിയും കൂടി ഏല്ക്കാൻ ഒരുങ്ങിക്കൊള്ളണം." ഇപ്രകാരം അവക്രമായി, ഊർജ്ജിതത്തിനു ലോപമില്ലാ

ത്തുള്ള സ്പഷ്ടതയോടെ അദ്ദേഹത്തിൻെറ നൈസൎഗ്ഗികിയായ ശൈലിപ്രവഹിച്ചുകൊണ്ടിരുന്നു.

പദങ്ങളും പ്രയോഗങ്ങളും കൊണ്ടുതന്നെ പുതുമയും ഗൗരവവും പാലിക്കുവാൻ അദ്ദേഹത്തിനു സാധിച്ചിരുന്നു. "അന്യപത്രങ്ങളുമായുള്ള വ്യാമിശ്രണം, ശൈത്യശൂന്യമായ പ്രതികാരബുദ്ധി, അനവാപ്തഭാഗ്യന്മാരായ ചുരുക്കം ചിലർ, ചെണ്ടയുടെ ചണ്ഡധ്വനി, അഗ്രാഹ്യവിഷയത്വം കലൎന്ന തത്വജ്ഞാനകഷായങ്ങൾ, തക്കിതമാക്കിത്തീൎത്തിരിക്കുന്ന ഗ്രന്ഥകൎത്തൃത്വം, യാതയാമമായിരിക്കുന്ന സമ്മേളനം, ആയുഷ്ക്കാലമദ്ധ്യാഹ്നം കഴിഞ്ഞ പുരുഷൻ ഇത്യാദി നിരവധിപദങ്ങളും പ്രയോഗങ്ങളും ഏതദ്വിഷയത്തിൽ ഉദ്ധൎത്തവ്യങ്ങളാണ്". കാര്യമില്ലാതെ വാരിവലിച്ചും, വളച്ചുകെട്ടിയും പെരുമ്പാമ്പിഴയുന്ന മട്ടിൽ ഗദ്യമെഴുതുന്നവർ പീ. കെ._യുടെ ഗദ്യരീതി ശ്രദ്ധിച്ചുപഠിക്കുന്നതു നന്നായിരിക്കും. തൂക്കവും വാശിയും തിട്ടപ്പെടുത്തി കണ്ണികൾ പരസ്പരം സംഘടിപ്പിച്ചിരിക്കുന്ന പദശൃംഖലകളാണ് അദ്ദേഹത്തിന്റെ വാചകങ്ങൾ. ഒരു കണ്ണി നീക്കിയാൽ ആ ശൃംഖല താനേ പൊട്ടിത്തകൎന്നുപോകും. ഒരു പദത്തേയെങ്കിലും മാററുകയോ മറിയ്ക്കുകയോ ചെയ്യാൻ തരമില്ല. കേരളപാണിനി പറയുംപ്രകാരം "വിര"മുറുകിയ ചരടുപോലെ ബലം കൂടുന്ന വാചകമാണ് ഓരോന്നും. ദീൎഘങ്ങളായ കഥകളും സംഭവങ്ങളും കാൎയ്യഭാഗം വിടാതെ സംഗ്രഹിക്കുവാൻ ആ ശൈലിയ്ക്കുള്ള കുശലത ധൎമ്മരാജകഥാസംഗ്രഹത്തിൽ നിന്നു ഗ്രഹിക്കാവുന്നതാണ്. സംസ്കൃതശബ്ദസഹായത്താലല്ല ഈ സംഗ്രഹം സാധിക്കപ്പെട്ടിരിക്കുന്നതു്.

ശബ്ദഭംഗികൊണ്ടു ഗദ്യത്തിന് ഓജസ്സും മാധുര്യവും ഉളവാക്കുന്നതിൽ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. "ഈ വ്യഗ്രതയോടെ ഉഗ്രയോഗി, സഭ്യതയുടെ അഭ്യന്തരം, കണക്കെഴുത്തുകാരൻെറ തലയിൽ നല്ല കണക്കിന് ഒന്നു പെരുമാറി, ചാരനും ചാരോപരിചാരനും ചങ്ങാതിമാരായി" എന്നിങ്ങനെയുള്ള ലഘുവായ പ്രയോഗങ്ങൾ മാത്രമല്ല, "കാര്യം കാണുന്നതിൽ കാരുണ്യം കണികാണാനില്ലാത്ത കണക്കപിള്ളമാരും, കൈയും കണക്കുമില്ലാതെ കാട്ടുകേറി കഥയില്ലാതെ കഴിഞ്ഞുകൂടുന്ന കവികളു"മെന്നമട്ടിൽ ദീർഘവാചകങ്ങളും പ്രാസബഹുലങ്ങളായി പ്രയോഗിക്കുവാൻ അദ്ദേഹത്തിനു പ്രയാസമുണ്ടായിരുന്നില്ല. സജാതീയമായ ബന്ധംകൊണ്ടു വാചകഭംഗി വരുത്തുന്നതിനും അദ്ദേഹത്തിനുള്ള വാസന അന്യാദൃശമാണ്. "ധനത്തിനു വൃദ്ധിയും, മദ്യത്തിൽ സക്തിയും, വിവേകത്തിനു ലുപ്തതയും" എന്നിത്യാദിയായ വാചകങ്ങൾക്കു ബന്ധസാജാത്യം മൂലമുള്ള ചൈതന്യം അനുഭവൈകവേദ്യമാണല്ലോ. പ്രതിപക്ഷിയായ ഒരുവൻ ഒരുഭാഗം മൂലത്തിലില്ലെന്നു പറഞ്ഞപ്പോൾ "മൂലമേ കാണാത്തവൻ മൂലത്തിൽ കണ്ടില്ലെന്നു വാദം പ്രയോഗിച്ചാൽ, അതു് അത്ഥാപേക്ഷയില്ലാത്ത നാദോല്ലാദനമല്ലാതെ വാദോല്ലാദനമാകുമോ" എന്നു രണ്ടു മൂലത്തിലും കൂടിയുള്ള നാദവാദോല്ലാദനങ്ങളാൽ പീ. കെ. അതിനെ തകൎത്തുകളയുകയുണ്ടായി.

പാദച്ഛേദാനന്തരം ആതുരാലയത്തിൽ രോഗശയ്യാവലംബിയായിരുന്നപ്പോൾ സന്ദൎശനാത്ഥം സമീപിച്ച ഒരു മാന്യനോടു് "താൻ ഇപ്പോൾ അകാലിയും സിക്കുമായി" എന്നു ഭാഷാദ്വയസാങ്കര്യം കലൎന്ന ശ്ലിഷ്ടഫലിതത്തിലാണ് സാഹിത്യപഞ്ചാന

നൻ സംസാരിച്ചതു്. "ഹാസ്യരസത്തിൻെറ സാധാരണഹേതു, വിചാരിച്ചിരിക്കാതെ സംബന്ധമില്ലാത്തവ തമ്മിൽ സംബന്ധം ഉൽഭാവനം ചെയ്കയാകുന്നു"വെന്നത്രേ അദ്ദേഹത്തിൻെറ അഭിപ്രായം. പീ. കെ.-യുടെ ഫലിതം ദീർഘങ്ങളായ സംഭവങ്ങളുടെ വർണ്ണനയിൽനിന്നു പുറപ്പെടുന്നവയായിരുന്നില്ല. വാക്യനിഷ്ഠയാണ് അദ്ദേഹത്തിൻെറ ഫലിതം. ചിലപ്പോൾ പദപ്രയോഗത്തിൽ, ചിലപ്പോൾ വാക്യഘടനയിൽ, വേറെ ചിലപ്പോൾ ആശയപ്രകാശനരീതിയിൽ—എന്നീവിധങ്ങളിലാണ് അവ പ്രസരിക്കുന്നതു്. വാണിജ്യകേന്ദ്രമായ ആലപ്പുഴയിലെ താമസംകൊണ്ടു മന്ദുണ്ടാകാം എന്ന സംഗതി ഫലിതമയമാക്കാൻ അദ്ദേഹത്തിനു് ഒട്ടും പ്രയാസമുണ്ടായില്ല. "ആപാദചൂഡമായ അഭിവൃദ്ധിക്കു്അനുകൂലിക്കുന്ന വ്യാപാരം, ആലപ്പുഴെ അതിസമൃദ്ധമാണെങ്കിലും അവിടത്തെ നിവാസം കൊണ്ടു പാദാഭിവൃദ്ധിയെങ്കിലും സമ്പാദിക്കാതെ പിരിയുന്നവർ ചുരുക്കമാണ്." "കണക്കെഴുത്തുപ്പിള്ളയെന്നുകേട്ടാൽ, മാലമാലയായി കൂടിക്കിടക്കുന്ന കണക്കുകെട്ടുകളും, വാലുപോലെ നീണ്ടുകിടക്കുന്നങ്കങ്ങളും കൊണ്ടുള്ള പെരുമാററം പഞ്ചാമൃതസദൃശമായി വിചാരിച്ചും, ഈ ലോകത്തിലുള്ള കലാപങ്ങൾകൊണ്ടു യാതൊരു കലുക്കവും കൂടാതെ ഏകദേശം സ്ഥാവരാവസ്ഥയെ പ്രാപിച്ചും, ഇരുന്നിരുന്നു് രക്തപ്രവാഹത്താൽ നേരിട്ടിട്ടുള്ള വൈഷമ്യങ്ങൾ കൊണ്ടുണ്ടായ കുമിളകളും നരികളും എന്നുതോന്നുമാറുള്ള ചൊറികളാലും പൊടിച്ചൊറികളാലും അലങ്കരിക്കപ്പെട്ട കൈമുട്ടുതുടങ്ങിയ അവയവസമുദായം ധരിച്ചും ജീവിക്കുന്ന ഒരു മനുഷ്യമൂർത്തിയുടെ

സ്ഫൂർത്തിയാണ് നമുക്കുണ്ടാകുന്നതു്." ഇപ്രകാരം ആലോചിച്ചാൽ ആംഗലഭാഷയിൽ "വിററു്" എന്ന അഭിധാനത്തെ അർഹിക്കുന്ന ധിഷണാവലംബിതമായ ഫലിതം പ്രയോഗിക്കുവാൻ അദ്ദേഹം സമർത്ഥനായിരുന്നുവെന്നു മനസ്സിലാക്കാവുന്നതാണ്.

ഒരു വിമർശകൻ എന്ന നിലയിലും പി. കെ. സുപ്രസിദ്ധനാണ്. നിഷ്പക്ഷവും നിശിതവുമായ നിരൂപണപ്രസ്ഥാനത്തിൻെറ ഉപജ്ഞാതാവായിരുന്നു അദ്ദേഹം. "കുഞ്ചൻനമ്പ്യാർ," "കൃഷ്ണഗാഥാനിരൂപണം," "എഴുത്തച്ഛൻ" തുടങ്ങിയ ഗ്രന്ഥങ്ങളും മററുപല ലേഖനങ്ങളും അദ്ദേഹത്തിൻെറ നിരൂപണഗവേഷണങ്ങളുടെ പ്രാധാന്യവും പ്രാമാണ്യവും ഉച്ചൈസ്തരം ഉൽഘോഷിക്കുന്ന ലക്ഷ്യങ്ങളാകുന്നു. പണ്ഡിതോചിതമായി കാവ്യരസം വ്യക്തമാകുമാറു് അദ്ദേഹം വിമർശനം നടത്തിപ്പോന്നു. ഗ്രന്ഥങ്ങളിൽ കാണുന്ന ദോഷങ്ങൾ ഒരഭിഭാഷകൻെറ വാദവൈദഗ്ദ്ധ്യത്തോടെ നിരങ്കുശമായും നിർഭയമായും പ്രസ്താവിക്കുവാൻ പീ. കെ. ലേശംപോലും മടിച്ചിരുന്നില്ല. യഥാർത്ഥമായ സാഹിത്യസേവനമായിട്ടാണ് അദ്ദേഹം അതിനെവിചാരിച്ചിരുന്നതു്. പുരോഗാമിയായ നിരൂപകനായിരുന്നു പഞ്ചാനനനെന്നു ചിലർക്കുള്ള അഭിപ്രായം അടിസ്ഥാനരഹിതമാണ്. "ആക്ഷേപത്തേക്കാൾ അധികം സ്തുതിയാണ് നമുക്കാവശ്യം. സ്തുതിയെന്നു പറഞ്ഞതുകൊണ്ടു് അനാസ്പദമായ സ്തുതിയെന്നു ധരിക്കരുതു്. ആക്ഷേ

പംകൊണ്ടു കാലക്ഷേപംചെയ്യുന്നതു് മന്ദബുദ്ധിക ളുടെ അവ്യഭിചരിതമായ അടയാളമാണു്." എന്നി ങ്ങനെ അദ്ദേഹംതന്നെ തുറന്നു പറഞ്ഞിരിക്കെ ആ "മന്ദബുദ്ധിത്വം' സ്വയം വരിക്കാൻ പുറപ്പെട്ടുമെന്നു വിചാരിക്കുവാൻ തരമില്ല. കുഞ്ചൻനമ്പ്യാരുടെ പരിഹാസകുശലത, പഞ്ചാനനാഭിനന്ദനത്തിനു പാ ത്രമാകുന്നതു് എങ്ങിനെയാണെന്നു നോക്കാം. "പരിഹാസരസം വികടമായോ, കഠോരമായോ, പ്രസ്ഫുടമായോ അദ്ദേഹം പ്രയോഗിക്കുന്നില്ല. വിദ്യാഭ്യാസംകൊണ്ടോ, സംസർഗ്ഗഗുണംകൊണ്ടോ ഇതു് അദ്ദേഹത്തിൽ വളരെ ശാന്തമായേ അവശേ ഷിച്ചിരുന്നുള്ളു. നിമീലിതപ്രായമായും, എന്നാൽ അവിടവിടെ സ്ഫുരിച്ചും സ്ഫുടിച്ചും, പരപ്പിൽ പ്രവഹിക്കാതെ ഇടയ്ക്കിടയ്ക്കു ചുഴിഞ്ഞു ചുഴിഞ്ഞു പൊന്തിവന്നു് സൂക്ഷ്മദൃഷ്ടിക്കു മാത്രം ലക്ഷീഭവിക്കുന്ന ആ രസികത, വ്യാപ്തിയിൽ ചുരുങ്ങുമെങ്കിലും മൂർച്ച യിൽ ഒട്ടും പിന്നോക്കമല്ല." വികടമായ പരിഹാസം, സംസ്കാരത്തിന്റെ അഭാവത്താൽ ജനിക്കുന്നതാ ണെന്നുള്ള ഒരു സൂചന ഈ അഭിപ്രായത്തിൽ ഗർഭി തമാണല്ലോ. ഭാഷയുടെ ഗൌരവം, സാരസ്യം, പ്രകാശനത്തിലുള്ള പ്രാഗത്ഭ്യം, സംസ്കാരസമ്പന്ന മായ ഫലിതം ഇവയുടെ സങ്കലനങ്ങളാൽ പഞ്ചാന നന്റെ പരിഹാസം മൂർച്ചയിൽ ഒട്ടും താഴ്ചപററാതേ യും, വികടമോ സഭ്യേതരമോ ആകാതേയും, സഹൃദ യഹൃദയാനന്ദം സംജാതമാക്കുന്ന സാഹിത്യോപഹാ രമായി സംഭവിക്കുന്നു. "വൃത്താനുവൃത്തമെന്നും

ചതുരാനചരിതമെന്നും മററും പറഞ്ഞു തജ്ജ്ഞിമയ്ക്കു പുറപ്പെടുന്ന ഒരു കൂട്ടർ സ്വയം അനുഭവിക്കുന്ന കഷ്ടപ്പാടുകളും ബുദ്ധിമുട്ടുകളും കാണുമ്പോൾ, ചുമടുചുമന്നു കഷ്ടപ്പെട്ടു ചുമടുതാങ്ങി സമീപമുണ്ടോ എന്നു നോക്കിക്കുഴയുന്നവന്റെ സ്ഥിതി എത്രയോ ധന്യമെന്നു തോന്നാതിരിക്കയില്ല-” പീ. കെ._യുടെ ഈ വാക്യത്തിൽ ‘വൃത്താനുവൃത്ത’ ക്കാരെ ചുമടുകാരിൽ കഷ്ടതരമാക്കാൻ ‘ധന്യ’ പ്രയോഗം അനന്യദത്തമായ ആനുകൂല്യമാണ് ചെയ്തിരിക്കുന്നതു്. ഇങ്ങനെയുള്ള പരിഹാസവാക്യങ്ങൾ സാഹിത്യപഞ്ചാനനനെന്നനിലയിൽ അധികാരത്തേയും പ്രാമാണ്യത്തേയും ആധാരമാക്കി കുശലില്ലാതെ പുറപ്പെടുവിക്കുന്ന അഭിപ്രായങ്ങളത്രേ.

ആശയപ്രതീതിക്ക് ഉപമാദ്യത്ഥാലങ്കാരങ്ങൾ:— ഉപമാദികളായ അത്ഥാലങ്കാരങ്ങളും, പ്രസിദ്ധങ്ങളായ പുരാണകഥകളും വാക്യങ്ങളും കലത്തി ആശയപ്രതീതി ഉളവാക്കുന്ന വിഷയത്തിൽ സാഹിത്യകുശലൻ സീ. വി. രാമൻപിള്ള അഗ്രഗണ്യനായിരുന്നു. അക്കാര്യത്തിൽ സാഹിത്യപഞ്ചാനനൻ പീ. കെ. നാരായണപിള്ളയും ഒട്ടും തന്നെ പിന്നിലല്ലെന്നു കാണുന്നുണ്ടു്. “ചാക്യാരാൽ അധിക്ഷിപ്തനായ നമ്പ്യാർ അമ്പലപ്പുഴ എണ്ണക്കളിത്തട്ടിൽ കയറിനിന്നപ്പോൾ തുള്ളലിനു വേണ്ടതായ സകല സാമഗ്രികളും വന്നുകൂടി എന്നു ഭാവിക്കുന്നതു്, ദക്ഷൻ ആക്ഷേപിച്ചതിനാൽ കോപിഷ്ഠനായ

ശിവൻ ജട നിലത്തടിച്ചപ്പോൾ വീരഭദ്രൻ ചാടി വീണതുപോലെ"യുള്ള ഒരു സംഭവമാണെന്നും, "പൊങ്ങുതടിയിൽ കയറി ജലയാത്ര ചെയ്തിരുന്ന പൂർവ്വികന്മാരുടെ കാൽവിരലുകൾ മിടറായിപോലെ ചീങ്കണ്ണികൾ തിന്നിരിക്കാനിടയുണ്ടെ"ന്നും, മോട്ടോർവണ്ടികളുമായി താരതമ്യംചെയ്യുമ്പോൾ, കുതിരകൾ കൂർമ്മങ്ങളും, കാളകൾ ഒച്ചു (അച്ചു)കളും ആകുന്നു"വെന്നും, മോട്ടാർവണ്ണനത്തിൽ "ചക്രനേമിയിൽ കുണ്ഡലാകൃതിയായിട്ടിടുന്ന റബ്ബർകുഴലുകൾ യോഗികളേപ്പോലെ വായുപൂരിതങ്ങളായി കുംഭകനിഷ്ഠയെ പ്രാപിക്കുകയും ചക്രങ്ങൾ ചലിതങ്ങളാകുകയും ചെയ്യുമ്പോൾ മോട്ടാർകാറിനു പരിവ്രാജകപദവി സിദ്ധിക്കുന്നു"വെന്നും, "ദോശക്കല്ലുപോലെ കറുത്തു വട്ടമായിരിക്കുന്ന ഗ്രാമഫോൺ റിക്കാട്ടുക"ളെന്നും, "കേവലം ഗന്ധവാഹനെന്നു പറഞ്ഞുവന്നിരുന്ന വായുദേവനെ വാഹനവാഹനാക്കുന്നതിനു വ്യവസായവിദഗ്ദ്ധന്മാക്കു റബ്ബർ ഒരു മന്ത്രസാധനം പോലെ പ്രയോജനപ്പെടുന്നു"വെന്നും, ഗ്രഹങ്ങളുടെ സഞ്ചാരക്രമം "ചിലർ ശ്രീകോവിലിനു ചുററിയും, ചിലർ നാലമ്പലത്തിനു ചുററിയും, മററുചിലർ മതിൽക്കെട്ടിനു ചുററിയും പ്രദക്ഷിണം ചെയ്യുന്നതുപോലെ"യാണെന്നും, ഉല്ക്കകൾ ഒരിടത്തു നിന്നും മറെറാരിടത്തേയ്ക്കു് എരിഞ്ഞുപാഞ്ഞുപോകുന്നതു് "വെടിക്കെട്ടിൽ വാണം കത്തിച്ചുവിടുന്നതുപോലെ ആകുന്നു"വെന്നും, "തുട്ടിനാപ്പള്ളി പിടിക്കാതെ മടങ്ങുന്നതല്ലെന്നു സംശപ്തകവ്രതം കൈക്കൊണ്ടു നിരോ

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

ധനം നടത്തി"യെന്നും, രണ്ടുവശത്തുനിന്നും എതിക്കപ്പെട്ടപ്പോഠം "സ്വരാജ്യത്തുനിന്നും പരരാജ്യത്തുനിന്നും ശത്രുപീഡകൊണ്ടു മദ്ദളപ്രായത്തിൽ വത്തിച്ചിരുന്ന മഹാരാജാ"വെന്നും മററുമായി അലങ്കാരങ്ങഠംകൊണ്ടു വാചകങ്ങഠംക്കു വരുത്തിയിട്ടുള്ള വൈചിത്ര്യങ്ങഠംക്കു എത്രയെത്ര ഉദാഹരണങ്ങഠം വേണമെങ്കിലും ഉദ്ധരിക്കുവാനുണ്ടു്. "ആഖ്യാനരീതിക്കു മാററുകൂട്ടുന്ന ഈ ഗദ്യസമ്പ്രദായം വിരോധോക്തി മുതലായ മിനുക്കുവേലകളാൽ അത്യന്തം ആസ്വാദനയോഗ്യമായിത്തീരുന്നു"വെന്ന അഭിപ്രായം ആദരണീയമാണു്.

സ്വാതന്ത്ര്യഭാവനയുള്ള കവികഠം ഭാഷാസാഹിത്യത്തിൽ വിരളമാണെന്നുള്ളതു പീ. കെ. പറയുന്നതു് ഇങ്ങനെയാണു്:—"നമ്മുടെ സാഹിത്യത്തിൽ അധികം ഭാഗവും അന്യദിക്കുകളിൽനിന്നും മാറിയും മറിച്ചും പ്രതിബിംബങ്ങളാണെന്നുള്ള അഭിമാനക്ഷോഭകരമായ പരമാത്ഥം, നമ്മുടെ ആളുകളുടെ തലമണ്ടകളിൽ സാഹിത്യവിളവു കുറവാണെന്നുള്ളതിനു് ഒരു സൂചനയാണു്." ശാസ്ത്രീയവിഷയങ്ങഠം പ്രതിപാദിപ്പാൻ മലയാളത്തിനു കെല്പപോരെന്നാണല്ലോ ചിലരുടെ വിചാരം. ഉപരിഭാഗത്തു വായുവിൻെറ തിങ്ങൽ കുറവാണെന്നുള്ളതു് "ഭൂതലത്തെ ബന്ധിക്കുന്ന വായുപടലം ഇടതൂന്നു സാന്ദ്രമായും മുകളിലോട്ടു പോകുന്തോറും അതിൻെറ പാളികഠം വിരളമായുമിരിക്കുന്നു"വന്നാണു് പീ. കെ. വിവരിച്ചിരി

ക്കുന്നതു്. ശബ്ദതരംഗങ്ങളുടെ നിരന്തരസഞ്ചാരത്തെപ്പററി വിഷയഗൌരവത്തിനു ലോപമില്ലാതെ വ്യക്തമായ ഭാഷയിൽ പ്രതിപാദിക്കുവാൻ അദ്ദേഹത്തിനു് ഒട്ടും പ്രയാസമുണ്ടായില്ല. "ഗംഭീരമായ ശബ്ദവീചി മേഘത്തിൽനിന്നു ഭൂമിയിലേയ്ക്കും, ഭൂമിയിൽനിന്നു മേഘത്തിലേയ്ക്കും കന്ദുകംപോലെ കീഴ്പോട്ടും മേല്പോട്ടും വരികയും പോകയും ചെയ്യുന്നു"വെന്നു് ഉപമകലർത്തിയും, പ്രതിദ്ധ്വനിക്കു വായു ആവശ്യമാണെന്നുള്ള ദൃഢമായ ശാസ്ത്രസിദ്ധാന്തത്തെ, "ശബ്ദവീചികളെ ഛിന്നഭിന്നമാക്കിക്കളയുന്ന പ്രതിബന്ധപ്രദേശങ്ങളിൽ പ്രതിദ്ധ്വനിക്കുജനനം സുലഭമല്ല," എന്നു പ്രൌഢത പുലർത്തിയുമാണു് ശാസ്ത്രീയവിഷയങ്ങളുടെ പ്രതിപാദനരീതി. ഭാഷയുടെ ലഘുത്വമോ, വിഷയത്തിന്റെ ഗുരുത്വമോ അല്ല, ഭാഷയിൽ ശാസ്ത്രഗ്രന്ഥങ്ങളുടെ അഭാവത്തിനു് ഹേതു. ഭാഷയിലും ശാസ്ത്രത്തിലും ഒരുപോലെ പ്രാവീണ്യമുള്ള ആളുകളുടെ കുറവും അലസതയും കൃത്യാന്തരപാരതന്ത്ര്യവുമാണു് അതിനു കാരണമെന്നു സാഹിത്യപഞ്ചാനനന്റെ ഗദ്യശൈലി സുസ്പഷ്ടമാക്കിയിരിക്കുന്നു.

GRANTHASALA ANDRUM

ഇങ്ങനെ സഹൃദയഹൃദയാനന്ദപ്രദവും, സ്വതന്ത്രവുമായ സാഹിത്യസരണി സൃഷ്ടിച്ചു കൈരളിയെ അനുഗ്രഹിച്ച ആ സാഹിത്യപഞ്ചാനനന്റെ വിയോഗം, അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾക്കെന്നപോലെ കേരളീയൎക്കെല്ലാം മഹാനഷ്ടമായിട്ടാണിരിക്കുന്നതു്.

H 561
F. 108/1
2

# KAVIKESARIKAL.

Venmony P. V. Chacko.